
Government of Kerala

150 YEARS OF CELEBRATING THE MAHATMA



# ബജറ്റ് പ്രസംഗം 2020–2021


**ഡോ. ടി.എം. തോമസ് ഐസക്**

ധനകാര്യമന്ത്രി


**2020 ഫെബ്രുവരി 7**

# ബഡ്ജറ്റ് പ്രസംഗം
# 2020-21

**ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യ മന്ത്രി**

**2020 ഫെബ്രുവരി 7**
**കേരള സർക്കാർ**

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ് നമ്പർ* |
| ഭാഗം ഒന്ന് | **ആമുഖം** | **1** |
| ഭാഗം രണ്ട് | **വൻകിട നിക്ഷേപ പദ്ധതികൾ** | **25** |
| ഭാഗം മൂന്ന് | **വികേന്ദ്രീകൃത സമീപനം** | **63** |
| ഭാഗം നാല് | **പാക്കേജുകൾ** | **92** |
| ഭാഗം അഞ്ച് | **കൃഷിയും പരമ്പരാഗത മേഖലകളും** | **106** |
| ഭാഗം ആറ് | **മറ്റു മേഖലകൾ** | **120** |
| ഭാഗം ഏഴ് | **നികുതി നിർദ്ദേശങ്ങൾ** | **154** |
| ഭാഗം എട്ട് | **ഉപസംഹാരം** | **188** |

സർ,

1) രാജ്യം അഭിമുഖീകരിക്കുന്ന, അസാധാരണമായ വെല്ലുവിളികളുടെ പശ്ചാത്തലത്തിലാണ് 2020-21 ധനകാര്യ വർഷത്തേയ്ക്കുള്ള ബജറ്റ് ഞാൻ സഭ മുമ്പാകെ സമർപ്പിക്കുന്നത്. ബജറ്റ് നിർദ്ദേശങ്ങളിലേയ്ക്ക് കടക്കുന്നതിനു മുമ്പ് ഈ സാഹചര്യത്തിന്റെ ഗൗരവം നാം മനസിലാക്കേണ്ടതുണ്ട്.

## I

## ആമുഖം

### വർഗീയവിപത്ത്

2) ജനാധിപത്യവും സ്വേച്ഛാധിപത്യവും ഇന്ത്യയിൽ മുഖാമുഖം നിൽക്കുകയാണ്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ഭാഷ മാത്രം സംസാരിക്കുന്ന കേന്ദ്രഭരണാധികാരികൾ. അക്രമവും ഹിംസയുമാണ് കർമ്മം എന്നു വിശ്വസിക്കുന്ന അണികൾ. വർഗ്ഗീയവൽക്കരണത്തിനു പൂർണ്ണമായി കീഴ്പ്പെട്ട ഭരണസംവിധാനം. ഇതാണ് സാമാന്യമായി പറഞ്ഞാൽ ഇന്നത്തെ ഇന്ത്യ.

3) സർ, "ഒരു രാജ്യത്തിന്റെ മുന്നിലെ പഥങ്ങൾ" എന്ന ലേഖനത്തിൽ ആനന്ദ് ഉന്നയിച്ച സംശയം ഞാൻ ഉദ്ധരിക്കട്ടെ."അഭ്യസ്തവിദ്യരും ബൗദ്ധിക രംഗത്ത് മുന്നിൽ നിൽക്കുന്നതുമായ ഒരു സമൂഹം എങ്ങനെയാണ് പെട്ടെന്ന് ഒരു ജനതയുടെയാകെ നേരെയുള്ള വെറുപ്പിനാൽ ആവേശിക്കപ്പെടുകയും അവിശ്വസനീയമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നത്?"

4) അൻവർ അലിഎഴുതിയതുപോലെ

"മനസ്സാലെ നമ്മൾ

നിനയ്ക്കാത്തതെല്ലാം

കൊടുങ്കാറ്റുപോലെ

വരുന്ന കാല"ത്താണ്ഇന്നു നമ്മൾ ജീവിക്കുന്നത്. "പകയാണ് പതാക

ഭീകരതയാണ് നയതന്ത്രം

ആക്രമണമാണ് അഭിവാദനം

ഓരോ പൗരനും ഓരോ പൊട്ടിത്തെറി" എന്ന് ഒ പി സുരേഷ് ഈ സാഹചര്യത്തെ അക്ഷരാർ

ത്ഥത്തിൽ ആറ്റിക്കുറുക്കുന്നു. പൗരത്വ നിയമ ഭേദഗതിയും ദേശീയ പൗരത്വ രജിസ്റ്ററും രാജ്യത്തു പടർത്തുന്ന ആശങ്ക വാക്കുകൾ ക്കതീതമാണ്.

സർ, ഭയം ഒരു രാജ്യമാണ്

അവിടെ നിശ്ശബ്ദത ഒരു (ആ)ഭരണമാണ് എന്ന വരികൾ കുറിച്ചത് വയനാട് മീനങ്ങാടിഹയർ സെക്കൻഡറി സ്കൂളിലെ ദ്രുപത് ഗൗതം എന്ന പതിനഞ്ചുകാരനായ വിദ്യാർത്ഥിയാണെന്ന് ഓർക്കുക. നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവനയെ പ്പോലും ഭയം ഗ്രസിച്ചു കഴിഞ്ഞു. ഇന്നലെ വരെ ഇന്ത്യാക്കാരായി ജീവിച്ച പത്തൊമ്പതു ലക്ഷ ത്തോളം അസംകാരുടെ തലയ്ക്കു മുകളിൽ തടങ്കൽപ്പാളയത്തിന്റെ ഭീഷണി ഉയർന്നിരി ക്കുകയാണ്.,

“തെറ്റിവരച്ച വീട്

ഒരു കുട്ടി റബ്ബർ കൊണ്ട്

മാച്ചു കളഞ്ഞതുപോലെ

വീടുനഷ്ടമായതിനെക്കുറിച്ച് പിഎൻ ഗോപീകൃഷ്ണൻ എഴുതിയിട്ടുണ്ട്. അതേ ലാഘവത്തോടെയാണ് പ്രജകളുടെ പൗരത്വം ഭരണാധികാരികൾ മായിച്ചു കളയാനൊരുങ്ങുന്നത്.പക്ഷെ, സർ, ഈ ഭീഷണിയെ വകവെച്ചുകൊടുക്കാനാവില്ല. ഇന്ത്യയെ വിട്ടുകൊടുക്കില്ല എന്ന് ശപഥം ചെയ്ത് തെരുവിലിറങ്ങിയ യുവാക്കളിലാണ് ഈ രാജ്യത്തിന്റെ ഭാവി. ഇന്ത്യൻ ഭരണഘടനയുടെ അന്തസത്തയെ തുരങ്കം വയ്ക്കുന്ന പൗരത്വനിയമ ഭേദഗതിക്കെതിരെ രാജ്യമെങ്ങും പ്രക്ഷോഭങ്ങൾ ഉയരുകയാണ്.

5) സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഏറ്റവും വലിയ പ്രക്ഷോഭകാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. വിദ്യാർത്ഥികളും സ്ത്രീകളും യുവാക്കളുമാണ് ഈ പ്രക്ഷോഭത്തിന്റെ മുൻപന്തിയിൽ. പ്രഭാവർമ്മ ചൂണ്ടിക്കാട്ടിയ

'അട്ടഹാസത്തിന്റെ മുഴക്കവും,

ചിലമ്പുന്ന പൊട്ടിക്കരച്ചിലിന്റെ കലക്കവും,

നിതാന്തമായ വൈരക്കരിന്തേളിളക്കവും'

സൃഷ്ടിയ്ക്കുന്ന ഭീതിയ്ക്ക് ഒരിഞ്ചു കീഴടങ്ങില്ല എന്ന മുഷ്ടി ചുരുട്ടലിൽ ഇരമ്പുകയാണ് കാമ്പസുകൾ. "മഞ്ഞിന്റെ മീതേ

പന്തമായ് പെൺകുട്ടികൾ,

സംഘവാദ് സേ ആസാദി മുഴക്കുന്നു"

എന്ന വിനോദ് വൈശാഖിയുടെ വരികൾ ആ ഇരമ്പലിന്റെ നേർക്കാഴ്ചയാണ്.

"ഞങ്ങളാണ്, ഞങ്ങളാണ് ഞങ്ങളാണ് യൗവ്വനം

നിങ്ങൾ വീണിടാതെ വയ്യ

ഹാ ചവറ്റു കൂനയിൽ.." എന്ന റഫീഖ് അഹമ്മദിന്റെ പ്രതീക്ഷ യാഥാർത്ഥ്യമാവുക തന്നെ ചെയ്യും.

6) ഈ സമരങ്ങൾക്കാകെ കേരളം ആവേശം പകർന്നു എന്ന യാഥാർത്ഥ്യം, സർ, ഏതു മലയാളിയെയാണ് ആവേശഭരിതനാക്കാത്തത്? എത്രയോ മേഖലകളിൽ ഇന്ത്യയ്ക്ക് മാതൃക യാണ് കേരളം. രാജ്യം നിലനിൽപ്പു ഭീഷണി നേരിടുമ്പോൾ ഒരുമയുടെ പുതിയ മാതൃക സൃഷ്ടിക്കണം കേരളം. രാഷ്ട്രീയമായ അഭിപ്രായ

വ്യത്യാസങ്ങൾ മാറ്റിവെച്ച്, എൽഡിഎഫും യുഡിഎഫും ഒരുമിച്ച് പൗരത്വ നിയമ ഭേദഗതിയ്ക്കെതിരെ സംയുക്ത സമരം സംഘടിപ്പിച്ചത് മറ്റു സംസ്ഥാനങ്ങൾക്കൊരു വിസ്മയമായിരുന്നു. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഒരേ സമരപ്പന്തലിൽ സത്യഗ്രഹ മിരുന്നത് രാജ്യത്തിനാകെ ആവേശം പകർന്ന സന്ദേശമായിരുന്നു. തുടർന്ന് ഈ വർഗീയ ഭേദഗതിയ്ക്കെതിരെ ഏകകണ്ഠമായി കേരള നിയമസഭ നിയമം പാസാക്കി. കേന്ദ്രസർക്കാരി നെതിരെ സുപ്രിംകോടതിയിൽ ആർട്ടിക്കിൾ 130 പ്രകാരം കേസു കൊടുത്തപ്പോഴും നാം ഒറ്റക്കെട്ടായിരുന്നു. കേരളത്തിൽ രൂപപ്പെട്ട ഈ ഒരുമയെ വിസ്മയത്തോടെയാണ് ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങൾ വീക്ഷിച്ചത് എന്നു പറയാൻ എനിക്ക് അഭിമാനമുണ്ട്.

7) ബെന്യാമിന്റെ "മഞ്ഞപ്പൂനിറമുള്ള പകലുകൾ" എന്ന നോവലിൽ ഫ്രീഡം എന്നൊരു അധ്യായമുണ്ട്. അതിങ്ങനെ ആരംഭിക്കുന്നു... "ഉച്ച കഴിഞ്ഞ് മൂന്നു മണിയായപ്പോഴേയ്ക്കും ജനങ്ങൾ തെരുവിലൂടെ പതിയെപ്പതിയെ ഒഴുകാൻ തുടങ്ങി.... ചിലർ രാജ്യത്തിന്റെ

**ദേശീയ പതാകയും ചിലർ സമാധാനത്തിന്റെ വെള്ളക്കൊടിയും പിടിച്ചിട്ടുണ്ടായിരുന്നു. ചിലരാകട്ടെ, ദേശീയപതാക പുതച്ചുകൊണ്ടാണ് നടന്നത്. ഈ രാജ്യം മറ്റാരുടേതുമല്ല, ഞങ്ങളുടെ സ്വന്തമാണ് എന്ന സന്ദേശമാണ് അവർ അതിലൂടെ നൽകിയത്". സർ, 2020 ജനുവരി 26-ന് ദേശീയപാതയിൽ കൈകോർത്ത കേരളത്തെത്തന്നെയല്ലേ ബെന്യാമിൻ പ്രവചിച്ചത്? നിലവിളി കെടുത്താൻ ഓടിക്കൂടുന്ന നന്മയെക്കാൾ സുന്ദരമായി ഒന്നുമില്ലെന്ന കെ.ജി.എസിന്റെ വരികൾ ഞാനോർമ്മി ക്കുകയാണ്. അത്തരമൊരു നന്മയുടെ സൗന്ദര്യമാണ് മനുഷ്യ മഹാശൃംഖല.**

**രാജ്യം സാമ്പത്തിക മാന്ദ്യത്തിൽ**

**8) നാടിനെ ഗ്രസിക്കുന്ന സാമ്പത്തികത്തകർച്ചയും ജനങ്ങളനുഭവിക്കുന്ന ദുരിതവുമല്ല ഭരണാധി കാരികളുടെ പ്രശ്നം. അവരുടെ ഏറ്റവും വലിയ പ്രശ്നം പൗരത്വ നിയമമാണ്. 2009നു സമാനമായ സാമ്പത്തിക തകർച്ചയിലേയ്ക്ക് ഇന്ത്യൻ സമ്പദ്ഘടന നീങ്ങിക്കൊണ്ടിരിക്കുകയാണ്. 2019-20ൽ വാർഷിക വളർച്ചാനിരക്ക് 5 ശതമാന**

**ത്തിൽ താഴെയായിരിക്കുമെന്നു കേന്ദ്രസർക്കാരും അംഗീകരിച്ചു കഴിഞ്ഞു. ഇതിനു കാരണം സമ്പദ്ഘടനയിലെ മൊത്തം ഡിമാന്റിൽ, അതായത് ഉപഭോഗത്തിലും നിക്ഷേപത്തിലും കയറ്റുമതിയിലും ഉണ്ടായ ഇടിവാണ്. തൊഴിലില്ലായ്മ സർവ്വകാല റെക്കോർഡിലാണ്. പ്രതിശീർഷക ഉപഭോഗം 2011-12 നേക്കാൾ താഴെയാണ്. ഭക്ഷ്യവിലക്കയറ്റം 14 ശതമാന ത്തിലെത്തി. ജനജീവിതം തീർത്തും ദുരിത പൂർണ്ണമാണ്.**

9) **ഇത്തരമൊരു സാഹചര്യത്തെ എങ്ങനെയാണ് 2009ൽ ഇന്ത്യയുൾപ്പെടെ ലോകരാഷ്ട്രങ്ങൾ മറികടന്നത്? സർക്കാർ ചെലവുകൾ ഉയർത്തി ഡിമാന്റ് വർദ്ധിപ്പിച്ചു. ഇതിനുവേണ്ടി കമ്മി ഉയരാൻ അനുവദിച്ചു. എന്നാൽ ഇപ്പോൾ സ്വീകരിക്കുന്ന നിലപാട് നേർവിപരീതമാണ്. മാന്ദ്യംമൂലം സർക്കാരിന്റെ നികുതി വരുമാനം കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ചെലവ് ചുരുക്കണം എന്നതാണ് കേന്ദ്രസർക്കാർ ഇന്ന് സ്വീകരിക്കുന്ന സമീപനം. വ്യക്തികളെപ്പോലെ സർക്കാരും പ്രവർത്തിക്കാൻ തുടങ്ങിയാൽ മാന്ദ്യം കൂടുതൽ രൂക്ഷമാവുകയേ ഉള്ളൂ.**

10) ഡിമാന്റിന്റെ അഭാവമല്ല, സപ്ലൈയുടെ ഭാഗത്തെ പ്രശ്നങ്ങളാണ് പ്രതിസന്ധിയ്ക്കു കാരണം എന്നതാണ് കേന്ദ്രസർക്കാരിന്റെ കാഴ്ചപ്പാട്. തൊഴിലുറപ്പിന്റെ അടങ്കൽ വർദ്ധിപ്പിക്കാൻ തയ്യാറല്ല. അതുപോലെ തന്നെ സാധാരണ ക്കാരുടെ വരുമാനവും ക്ഷേമവും ഉയർത്തുന്ന മറ്റു പദ്ധതികളുടെയും. സാധാരണക്കാർക്ക് സഹായപലിശയ്ക്ക് വീടും ഉൽപന്നങ്ങളും വാങ്ങാൻ വായ്പയ്ക്കു തയ്യാറല്ല. അതിനു പകരം കോർപ്പറേറ്റുകൾക്ക് വലിയ തോതിൽ നികുതി ഇളവുകൾ നൽകുന്നു. തൊഴിലാളി വിരുദ്ധ പരിഷ്കാരങ്ങൾ ഊർജ്ജിത പ്പെടുത്തുന്നു. സ്വകാര്യവൽക്കരണം ശക്തി പ്പെടുത്തുന്നു.

11) കേന്ദ്രസർക്കാരിന്റെ ഈ സപ്ലൈസൈഡ് ഇക്കണോമിക്സ് തൊഴിലാളികളുടെയും കൃഷി ക്കാരുടെയും മേൽ ദുർവ്വഹമായ ഭാരം അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് എതിരായുള്ള ജനകീയ ചെറുത്തുനിൽപ്പിന്റെ ഏറ്റവും ഉജ്ജ്വലമായ പ്രകടനമായിരുന്നു ജനുവരി 8ലെ ദേശീയ പണിമുടക്ക്. ഈ

പണിമുടക്കിന്റെ മുൻപന്തിയിൽ കേരളം ഉണ്ടായിരുന്നു.

"ഇന്നലെ വരെ ഒരു ജാഥയിലും നിന്നിട്ടി ല്ലെങ്കിലെന്ത്?

ഇന്ന് ജാഥയുടെ മുന്നിൽ കയറിനിന്ന് മുഷ്ടി ചുരുട്ടുന്നു പടുവൃദ്ധർ

ചരിത്രം പഠിക്കാൻപോയ കുട്ടികൾ ചരിത്രം സൃഷ്ടിക്കാൻ

തെരുവുകളെ സ്വന്തം ചോരകൊണ്ട് നനയ്ക്കുന്നു."

എന്ന് വിഷ്ണുപ്രസാദ് ഈ സന്ദർഭത്തെ അടയാളപ്പെടുത്തി.

**കേന്ദ്ര വിവേചനം**

12) പൗരത്വനിയമത്തിലെന്നപോലെ എല്ലാ മേഖല കളിലും സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുകയാണ് കേന്ദ്രസർക്കാർ. ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ സ്വഭാവം അനുദിനം കൈയൊഴിയപ്പെടുന്നു. ഏഴാം ഷെഡ്യൂളിനെ തന്നെ അപ്രസക്തമാക്കുന്ന രീതിയിൽ സംസ്ഥാന വിഷയങ്ങളിലുള്ള കേന്ദ്രത്തിന്റെ കൈയേറ്റം

**സാർവ്വത്രികമായിരിക്കുകയാണ്. എക്സിക്യൂട്ടീവ് അധികാരവും ദുർവിനിയോഗം ചെയ്യപ്പെടുന്നു. ജിഎസ്ടിയും നിർദ്ദിഷ്ട ധനഉത്തരവാദിത്വ നിയമവും പതിനഞ്ചാം ധനകാര്യ കമ്മീഷനും സംസ്ഥാനങ്ങളുടെ ധനപരമായ സ്വാതന്ത്ര്യത്തെ പൂർണ്ണമായും കവർന്ന മട്ടാണ്.**

**13) സംസ്ഥാനത്തെ സാമ്പത്തികമായി ശ്വാസം മുട്ടിക്കുന്ന ധനസമീപനമാണ് കേന്ദ്രസർക്കാരിന്റേതെന്ന് വ്യക്തമാണ്. നമ്മുടെ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ മൂന്നു ശതമാനമാണ് വായ്പയായി അനുവദിക്കുക. അങ്ങനെ സംസ്ഥാന ബജറ്റിൽ 24915 കോടി രൂപ ലഭിക്കുമെന്നാണ് വകയിരുത്തിയത്. എന്നാൽ വർഷം പകുതിയായപ്പോൾ ഈ വായ്പയിൽ നിന്ന് 5325 കോടി രൂപ വെട്ടിക്കുറയ്ക്കുമെന്ന് കേന്ദ്രം അറിയിച്ചു. ഈ പുതിയ മാനദണ്ഡ പ്രകാരവും അവസാന പാദത്തിൽ 4900 കോടി രൂപ വായ്പയെടുക്കാൻ നമുക്ക് അനുവാദമുണ്ടായിരുന്നു. എന്നാൽ ഇതിൽനിന്ന് 3000 കോടി രൂപ ഒറ്റയടിക്ക് വീണ്ടും വെട്ടിക്കുറിച്ചു. അങ്ങനെ നമുക്ക് ഇനി 1920 കോടി രൂപയേ വായ്പയെടുക്കാൻ**

**അനുവാദമുള്ളൂ. ഇതിൽ 1480 കോടി രൂപ 2009-ൽ വായ്പയെടുത്തതിന്റെ തിരിച്ചടവായി കേന്ദ്രസർക്കാരിനു കൊടുക്കു കയും വേണം. ഫലത്തിൽ അവസാന മൂന്നു മാസം കേരള സർക്കാരിന് അസൽ വായ്പ ഒന്നുമില്ലെന്നു പറയാം.**

**14) കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും വെട്ടിക്കുറയ്ക്കുകയാണ്. ഡിസംബർ മാസത്തെ ജിഎസ്ടി നഷ്ടപരിഹാരം തരാൻ തയ്യാറായിട്ടില്ല. ഫെബ്രുവരിയിൽ കുടിശിക 3000 കോടി കടക്കും. ഇതിനുപുറമേ കേന്ദ്ര നികുതി വിഹിത മായി കഴിഞ്ഞ വർഷം അവസാന മൂന്നുമാസം 6866 കോടി രൂപ കിട്ടിയത് ഈ വർഷം 4524 കോടി രൂപയായി കുറയുമെന്നും സൂചന ലഭിച്ചിട്ടുണ്ട്. അങ്ങനെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി മാത്രം കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയടക്കമുള്ള മൊത്തം ധനസഹായ ത്തിൽ 8330 കോടി രൂപയുടെ കുറവാണ് വരാൻ പോകുന്നത്. ഇത് സംസ്ഥാന ഖജനാവിനുമേൽ ഒരു കാലത്തുമില്ലാത്ത ഞെരുക്കമാണ് സൃഷ്ടിച്ചിട്ടുള്ളത്.**

15) കേന്ദ്രാവിഷ്കൃത സ്കീമുകളിൽ നിന്നുള്ള ധന സഹായവും വലിയ തോതിൽ കുടിശികയാണ്. കഴിഞ്ഞ ദിവസമാണ് തൊഴിലുറപ്പു കുടിശിക ആറു മാസം വൈകി കിട്ടിയത്. നെല്ല് സംഭരിച്ചതിന് കേന്ദ്രത്തിൽ നിന്നും 1035 കോടി രൂപയാണ് ലഭിക്കേണ്ടത്. ഇതുമൂലം ബാങ്കുകളിൽ നിന്നും നെല്ലിന്റെ വിലയായി കൃഷിക്കാർക്കു നൽകിയിരിക്കുന്ന വായ്പ കുടിശികയായിരിക്കുകയാണ്. 2019-ലെ പ്രളയ ദുരിതാശ്വാസ സഹായത്തിൽ നിന്നും കേരളത്തെ ഒഴിവാക്കി. പ്രളയപുനർനിർമ്മാണ ത്തിനുള്ള വിദേശ വായ്പകൾ സാധാരണ വാർഷിക വായ്പാ പരിധിയിൽപ്പെടുത്തി. പുനർനിർമ്മാണത്തിനായുള്ള വിദേശവായ്പ കൾ സാധാരണഗതിയിലുള്ള വായ്പാ പരിധിക്ക് പുറത്തായി പരിഗണിക്കാമെന്ന് ജിഎസ്ടി കൗൺസിലിൽ നൽകിയ വാഗ്ദാനത്തിൽനിന്നും കേന്ദ്രസർക്കാർ ഏകപക്ഷീയമായി പിൻവലിഞ്ഞു.

16) വായ്പ വെട്ടിക്കുറച്ചതിനു കാരണമായി കേന്ദ്ര സർക്കാർ പറയുന്നത് 2016-17-ൽ കേരളത്തിലെ ട്രഷറി ഡെപ്പോസിറ്റുകളിൽ ബജറ്റിൽ സൂചിപ്പിച്ച തിനേക്കാൾ 6000-ത്തിൽപ്പരം കോടി രൂപയുടെ

**വർദ്ധനവ് ഉണ്ടായി എന്നാണ്. ഇതിൽ ഗണ്യമായ പങ്ക് വിവിധ വകുപ്പുകളുടെ ചെലവഴിക്കാത്ത പണം ട്രഷറി ഡെപ്പോസിറ്റുകളായി കിടന്നതുമൂല മാണെന്നവാദം കേന്ദ്രസർക്കാർ അംഗീകരി ക്കുകയുണ്ടായില്ല. അതുപോലെ ജീവന ക്കാരുടെയും പെൻഷൻകാരുടെയും കുടിശിക പലരും ട്രഷറിയിൽ അവർ ഡെപ്പോസിറ്റായി സൂക്ഷിച്ചതും ഒരു ഘടകമാണ്. 2016-17 വരെ ട്രഷറി ഡെപ്പോസിറ്റുകളിൽ ഇത്തരത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സംസ്ഥാന സർക്കാരിന്റെ വായ്പയായി കരുതി അടുത്തവർഷത്തെ വായ്പയിൽ നിന്ന് വെട്ടിക്കുറയ്ക്കുന്ന നയം ഒരു കേന്ദ്രസർക്കാരും സ്വീകരിച്ചിട്ടില്ല. എന്നാൽ ബിജെപി സർക്കാർ ഈ കാരണം പറഞ്ഞ് മൂന്നു വർഷത്തിനുശേഷം വായ്പകൾ വെട്ടിക്കുറ യ്ക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ ധനമാനേജ്മെന്റ് പ്രശ്നങ്ങളെ തെല്ലുപോലും പരിഗണിക്കാതെയുള്ള സമീപനമാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത്.**

**ധനപ്രതിസന്ധി**

**17) 2013-14നും 2018-19നും ഇടയിൽ സംസ്ഥാന സർക്കാരിന്റെ ചെലവുകൾ ശരാശരി 16.13 ശതമാനമാണ് വളർന്നത്. എന്നാൽ അതേ സമയം ഈ കാലയളവിൽ സർക്കാരിന്റെ റവന്യൂ വരുമാനം 13.26 ശതമാനം മാത്രമേ വളർന്നുള്ളൂ. വരുമാനവും ചെലവും തമ്മിലുള്ള ഈ വിടവ് പ്രതിസന്ധിക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാല ത്തെന്നപോലെ റവന്യൂ വരുമാന വർദ്ധനവ് 18-20 ശതമാനമായി ഉയർത്തിക്കൊണ്ടു മാത്രമേ കമ്മി കുറയ്ക്കുന്നതിനും സുസ്ഥിര ധനപാതയി ലേയ്ക്ക് സംസ്ഥാനത്തെ നയിക്കുന്നതിനും കഴിയൂ. ജിഎസ്ടിയിൽ പ്രതീക്ഷിച്ച നേട്ടം യാഥാർത്ഥ്യമായില്ല.**

**18) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജിഎസ്ടി ഗുണകരമാകേണ്ടതാണ്. നമ്മുടെ ഉപഭോക്തൃ വസ്തുക്കളിൽ സിംഹപങ്കും മറ്റു സംസ്ഥാന ങ്ങളിൽ നിന്നു വരുന്നവയാണ്. ഇവയെല്ലാം ഇ-വേബില്ലുവഴി ആകും എന്നുറപ്പുവരുത്തിയാൽ നികുതിവെട്ടിപ്പ് തടയാനാകും. എന്നാൽ**

ഇതുവരെ ഇ-വേബിൽ തൽസമയം തന്നെ ഡൗൺലോഡു ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയിട്ടില്ല. അതുപോലെതന്നെ വാർഷിക റിട്ടേണുകൾ ലഭിച്ചാലേ അവ സ്ക്രൂട്ടിനി ചെയ്ത് വെട്ടിപ്പ് കണ്ടെത്താനാകൂ. നീണ്ട കാത്തിരിപ്പിനൊടുവിൽ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിലാണ് ആദ്യവർഷത്തെ വാർഷിക റിട്ടേണുകൾ ലഭിച്ചത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിനു മുമ്പ് ജിഎസ്ടി നിരക്കുകൾ കുത്തനെ വെട്ടിക്കുറച്ചതും തിരിച്ചടിയായി. മാന്ദ്യവും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചു. ഈ വർഷത്തെ പ്രതീക്ഷിത നികുതി വരുമാനത്തിൽ 10,113 കോടിയുടെ കുറവുണ്ടാകുമെന്നാണ് കരുതുന്നത്.

വികസന നേട്ടങ്ങളിൽ കുതിപ്പ്

19) എന്നാൽ, ഈ ധനപ്രതിസന്ധി സംസ്ഥാനത്ത് ഒരു വികസന സ്തംഭനവും ഉണ്ടാക്കാൻ അനുവദിച്ചിട്ടില്ലായെന്ന വസ്തുത അടിവരയിട്ടു പറയട്ടെ. കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷത്തെ പ്രകടനത്തെ നാലുവർഷം കൊണ്ട് ഈ സർക്കാർ മറികടന്നിരിക്കുകയാണ്.

(I) **ക്ഷേമപെൻഷനുകൾക്കുവേണ്ടി കഴിഞ്ഞ സർക്കാർ വിതരണം ചെയ്തത് 9311 കോടി രൂപയാണ്. ഇപ്പോൾ എൽഡിഎഫ് സർക്കാർ നാലുവർഷം പിന്നിടുമ്പോൾ അത് 22,000 കോടി രൂപ കടന്നിരിക്കുന്നു. 13 ലക്ഷം വയോജനങ്ങൾക്കുകൂടി പുതിയ തായി ക്ഷേമപെൻഷൻ നൽകി.**

**സർ, എല്ലാ ക്ഷേമപെൻഷനുകളും 1300 രൂപയായി ഉയർത്തുന്നു.**

(II) **തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള മൊത്തം ധനസഹായം 2015-16ൽ 7679 കോടി രൂപയായിരുന്നത് 2020-21ൽ 12074 കോടി രൂപയായി ഉയർത്തുന്നു. പദ്ധതി വിഹിതം 24 ശതമാനത്തിൽ നിന്ന് 25.93 ശതമാനമായി ഉയർത്തുന്നു.**

**സർ, തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് റീബിൽഡ് പദ്ധതിയ്ക്ക് 2020-21ൽ 1000 കോടി രൂപകൂടി അനുവദിക്കുന്നു. ഇതടക്കം 2500 കോടി രൂപയാണ് ഈ സ്കീമിന്റെ അടങ്കൽ.**

(III) **തീരദേശ വികസനത്തിന് സുനാമി പദ്ധതി കളടക്കം 2015-16ൽ 188 കോടി രൂപയാണ് ചെലവഴിച്ചത്. സർ, 2020-21-ൽ തീരദേശ ത്തിന്റെ പദ്ധതി അടങ്കൽ 380 കോടി രൂപയാണ്.**

**സർ, ഇതടക്കം തീരദേശ പാക്കേജിന് 1,000 കോടി രൂപ അനുവദിക്കുന്നു.**

(IV) **മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 503 കോടി രൂപയാണ് ചെലവഴിച്ചത്. എൽഡിഎഫ് സർക്കാരിന്റെ നാലുവർഷം കൊണ്ട് ഇത് 1,216 കോടികടന്നു. ഇതിനു പുറമെ പ്രളയ ദുരിതാശ്വാസത്തിന് 2,851 കോടി രൂപയും നൽകി.**

(V) **കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബജറ്റിൽ നിന്ന് മൊത്തം മൂലധനച്ചെലവ് 29,689 കോടി രൂപയായിരുന്നു. എൽഡിഎഫ് സർക്കാരിന്റെ നാലു വർഷം ബജറ്റിൽ നിന്നുള്ള മൂലധന ചെലവ് 40,497 കോടി രൂപയാണ്.**

**സർ, 2015-16-ൽ മൂലധനച്ചെലവ് 8,342 കോടി രൂപയായിരുന്നു. 2020-21-ൽ മൂലധനച്ചെലവ് 14,428 കോടി രൂപയായി ഉയർത്തുന്നു.**

(VI) **2011-16 കാലത്ത് പൊതുമരാമത്ത് വകുപ്പ് 7780 കിലോമീറ്റർ റോഡുകളാണ് പുനരുദ്ധരിക്കുകയോ നവീകരിക്കുകയോ ചെയ്തത്. എന്നാൽ 2016-19 കാലയളവിൽ ഇതുവരെ 14,623 കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു. 68 പാലങ്ങൾ നിർമ്മിച്ചു.**

**സർ, പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് 1,102 കോടി രൂപയാണ് ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. നിയമസാമാജികർ നിർദ്ദേശിച്ചിട്ടുള്ള 1,500 കോടി രൂപയുടെ പ്രവൃത്തികൾകൂടി അധികമായി അനുവദിക്കുന്നു. ഇവയ്ക്ക് 20 ശതമാനം തുക വകയിരുത്തിയിട്ടുണ്ട്.**

(VII) **കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4.9 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് കേരള വാട്ടർ അതോറിറ്റി നൽകിയത്.**

**എൽഡിഎഫ് സർക്കാർ ഇതിനകം 7.5 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്.**

**സർ, 2020-21-ൽ 2.5 ലക്ഷം വീടുകൾക്കു കൂടി കുടിവെള്ള കണക്ഷൻ നൽകും.**

(VIII) **ആരോഗ്യ പദ്ധതികൾക്ക് കഴിഞ്ഞ സർക്കാർ ചെലവഴിച്ചത് 7,191 കോടി രൂപ. എൽഡിഎഫ് സർക്കാർ ഇതുവരെ 9,651 കോടി ചെലവഴിച്ചു കഴിഞ്ഞു.**

(IX) **പൊതുവിദ്യാലയങ്ങളിൽ രണ്ടുമുതൽ പത്തുവരെ ക്ലാസുകളിൽ അഞ്ചു ലക്ഷത്തോളം കുട്ടികൾ അധികമായി ചേർന്നിട്ടുണ്ട്. ഇതിന്റെ ഫലമായി പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ ആകെ എണ്ണത്തിൽ ശ്രദ്ധേയമായ വർദ്ധന യുണ്ടായി. 2016 വരെ ഈ എണ്ണം തുടർച്ച യായി കുറയുകയായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാലയ ങ്ങളിൽ 4,99,450 കുട്ടികൾ കുറയുക യാണുണ്ടായത്.**

(X) **ഇതുവരെ ലൈഫ് മിഷനും മറ്റ് ഏജൻസികളുംവഴി ആകെ 2,58,658 വീടുകൾ നിർമ്മിച്ചു നൽകിക്കഴിഞ്ഞു.**

**സർ, 2020-21-ൽ ഒരുലക്ഷം വീടുകൾ/ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകും.**

(XI) **14 ലക്ഷം കുടുംബങ്ങൾക്ക് പുതിയതായി വൈദ്യുതികണക്ഷൻ നൽകി സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിച്ചു. പ്രസരണത്തിൽ 13.4 ശതമാനവും വിതരണത്തിൽ 15 ശതമാനവും നഷ്ടം കുറച്ചു. 205 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 87 മെഗാവാട്ട് ആയിരുന്നു പുതിയ ഉൽപാദനശേഷി.**

**സർ, 2020-21-ൽ 500 മെഗാവാട്ട് സ്ഥാപിത ശേഷി അധികമായി സൃഷ്ടിക്കും.**

(XII) **പ്രവാസി ക്ഷേമനിധി അംഗത്വം 1.1 ലക്ഷത്തിൽ നിന്നും 4.7 ലക്ഷമായി ഉയർന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവാസിക്ഷേമത്തിനായി ആകെ**

**ചെലവഴിച്ചത് 68 കോടി രൂപയാണ്. ഈ സർക്കാർ ഇതിനകം 152 കോടി രൂപ ചെലവഴിച്ചു.**

**സർ, പ്രവാസി ക്ഷേമത്തിനുള്ള അടങ്കൽ 2020-21-ൽ 90 കോടി രൂപയായി ഉയർത്തുന്നു.**

(XIII) **കുടുംബശ്രീ അംഗങ്ങളുടെ എണ്ണം 40 ലക്ഷത്തിൽനിന്നും 45 ലക്ഷമായി ആയി ഉയർന്നു. ബാങ്ക് ലിങ്കേജ് വായ്പ 5,717 കോടി രൂപയിൽ നിന്നും 10,499 കോടി രൂപയായി ഉയർന്നു. തൊഴിൽ സംരംഭ ങ്ങളുടെഎണ്ണം 10,177-ൽ നിന്നും 23,453 ആയി ഉയർന്നു. കൃഷി ഗ്രൂപ്പുകളുടെ എണ്ണം 54,000-നിന്നും 68,000 ആയി ഉയർന്നു.**

(XIV) **തെരഞ്ഞെടുക്കപ്പെട്ട ഭക്ഷ്യസാധന ങ്ങൾക്ക് മാവേലി സ്റ്റോറിലെ വില 2015-16-നു ശേഷം ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല.**

(XV) **പട്ടികവിഭാഗങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയ വീടുകളുടെ എണ്ണം 27,490 ആണ്. ഇപ്പോൾ നാലു വർഷം കൊണ്ട് 51,926 വീടുകൾ പൂർത്തീകരിച്ചു.**

(XVI) **നെൽവയൽ വിസ്തൃതി വീണ്ടും ഉയർന്നു തുടങ്ങി. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി തുടർച്ചയായി കുറഞ്ഞ് 2016-17-ൽ 1.7 ലക്ഷം ഹെക്ടറിൽ എത്തിയ നെൽവയൽ വിസ്തൃതി 2018-19-ൽ 2.03 ലക്ഷം ഹെക്ടറായി. നെല്ലുൽപ്പാദനം 4.4 ലക്ഷം ടണ്ണിൽ നിന്നും 5.8 ലക്ഷം ടണ്ണായി ഉയർന്നു.**

**സർ, നെൽകൃഷിക്ക് നമ്മുടെ പ്രകൃതി സന്തുലനാവസ്ഥ നിലനിർത്തുന്നതിന് സുപ്രധാന സ്ഥാനമുണ്ട്. ഈ പ്രാധാന്യം അംഗീകരിച്ചുകൊണ്ട് അവർക്ക് റോയൽറ്റി നൽകുന്നതിന് തുടക്കമെന്ന നിലയിൽ 40 കോടി രൂപ വകയിരുത്തുന്നു.**

(XVII) **കേരളത്തിലെ മത്സ്യോൽപ്പാദനവും തുടർച്ചയായി കുറഞ്ഞുവരികയായിരുന്നു. 2015-16-ൽ 7.28 ലക്ഷം ടണ്ണായിരുന്നു. ഇപ്പോൾ അത് 8.02 ലക്ഷം ടണ്ണാണ്.**

(XVIII) **പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപാദനം 2015-16-ൽ 2,799 കോടി രൂപയായിരുന്നത് 2018-19-ൽ 3,442 കോടി രൂപയായി ഉയർന്നു. 2015-16-ൽ സഞ്ചിതനഷ്ടം 213 കോടി ആയിരുന്നത് 102 കോടി രൂപ സഞ്ചിതലാഭമായി മാറി.**

(XIX) **ചെറുകിട മേഖലയിൽ 52,137 പുതിയ സ്ഥാപനങ്ങളും 4,700 കോടിയുടെ പുതിയ നിക്ഷേപവും 1.83 ലക്ഷം തൊഴിലും ഈ സർക്കാരിന്റെ കാലത്തുണ്ടായി.**

(XX) **കേരളത്തിന്റെ സാമ്പത്തിക വളർച്ച 2011-12/2015-16 കാലയളവിൽ 4.9 ശതമാന മായിരുന്നത് 2016-17/2018-19 കാലയളവിൽ 7.2 ശതമാനം വീതമായി ഉയർന്നു. ആദ്യ കാലയളവിൽ കേരളത്തിന്റെ വളർച്ച ദേശീയ ശരാശരിയേക്കാൾ താഴ്ന്ന നിലയിലായിരുന്നെങ്കിൽ ഇപ്പോൾ അത് ദേശീയ ശരാശരിയേക്കാൾ ഉയർന്ന തോതിലാണ്. സർ, പ്രതികൂലമായ സാഹചര്യ ങ്ങളെ മറികടന്ന് കേരള വികസനം യാഥാർത്ഥ്യമാക്കുന്നതിനു നമുക്ക് കഴിഞ്ഞു.**

# II

## വൻകിട നിക്ഷേപ പദ്ധതികൾ

### കിഫ്ബിയും മാന്ദ്യവിരുദ്ധ പാക്കേജും

20) മാന്ദ്യം അതിജീവിക്കാൻ നമുക്ക് കഴിയുമെന്നുള്ള ആത്മവിശ്വാസം കഴിഞ്ഞ നാലു വർഷത്തെ അനുഭവങ്ങൾ തരുന്നുണ്ട്. ഗൾഫ്പ്രതിസന്ധിയും നാണ്യവിള വിലത്തകർച്ചയും മൂലം മാന്ദ്യം കേരളത്തിൽ സൃഷ്ടിക്കാവുന്ന ഗൗരവമായസ്ഥിതി മുൻകൂട്ടി കണ്ടുകൊണ്ടാണ് 2016-17ലെ ബജറ്റിൽമാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചത്. ഇന്ത്യൻ ഫെഡറൽ സംവിധാനത്തിൽ കേന്ദ്രസർക്കാരിന്റെ അനുവാദമില്ലാതെ ബജറ്റുവഴി കൂടുതൽ വായ്പയെടുത്ത് മാന്ദ്യവിരുദ്ധ പാക്കേജിന് രൂപം നൽകുന്നതിന് കഴിയില്ല.മറിച്ച് ഈ മാന്ദ്യകാലത്തും സംസ്ഥാന സർക്കാരുകളുടെ ചെലവുകൾ ഞെരുക്കി കുറയ്ക്കുകയാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്. ഇത് നോട്ടു നിരോധനം പോലെ ഒരു ഭ്രാന്തൻ നടപടിയാണ്. കേന്ദ്രസർക്കാരിന്റെ ഈ അറുപിന്തിരിപ്പൻ സാമ്പത്തികനയത്തിന്റെ പശ്ചാത്തലത്തിലാണ് ബജറ്റിനു പുറത്ത് കിഫ്ബി വഴി

**50,000 കോടി രൂപ വരെ വായ്പയെടുത്ത് കേരളത്തിൽ മുതൽമുടക്കാൻ തീരുമാനിച്ചത്. ഇതിനുള്ള നിയമം ഏകകണ്ഠമായിട്ടാണ് ഈ നിയമസഭ പാസാക്കിയത്. എന്നാൽ വലിപ്പം കൊണ്ടും സങ്കീർണത കൊണ്ടും ഇത്തരമൊരു നിക്ഷേപപദ്ധതി വെറും ദിവാസ്വപ്നമായി മാറുമെന്നാണ് പ്രതിപക്ഷം വിമർശിച്ചുകൊണ്ടിരുന്നത്. എന്നാൽ ഇന്ന് കൂടുതൽ കൂടുതൽ കിഫ്ബി പ്രോജക്ടുകൾ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും മത്സരിക്കുകയാണ്.**

**21) 675 പ്രോജക്ടുകളിലായി 35,028 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. പുറമേ വ്യവസായ പാർക്കുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 14,275 കോടി രൂപയുടെയും ദേശീയപാതക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് 5,374 കോടി രൂപയുടെയും പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇങ്ങനെ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ ആകെ അടങ്കൽ 54,678 കോടി രൂപയാണ്. ഇവയിൽ 13,616 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ വിളിച്ചു**

**കഴിഞ്ഞു. 4,500 കോടി രൂപയുടെ പ്രവർത്തനം പൂർത്തീകരിച്ചു.**

**22) പണമുണ്ടാവില്ല എന്നായി അപ്പോൾ വിമർശനം. ഇത്തരം സന്ദേഹവാദികളെ മസാലബോണ്ട് നിശബ്ദരാക്കി. ഈ കടം എങ്ങനെ തിരിച്ചടയ്ക്കും എന്നായി അടുത്ത വേവലാതി. നിയമസഭ പാസാക്കിയ കിഫ്ബി നിയമത്തിൽ വ്യവസ്ഥ ചെയ്തതുപോലെ മോട്ടോർ വാഹന നികുതിയുടെ പകുതിയും പെട്രോൾ സെസും പതിനഞ്ചു വർഷം നൽകിയാൽ വായ്പയും പലിശയും തിരിച്ചടയ്ക്കാനാകുമെന്ന് ഈ നിയമസഭയിൽത്തന്നെ വിശദമാക്കിയിട്ടുള്ളത് ഓർക്കുമല്ലോ.**

**23) സർ, 2020-21-ൽ കിഫ്ബിയിൽ നിന്ന് 20000 കോടി രൂപ ചെലവഴിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായിട്ടുണ്ട്. കിഫ്ബി നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റിക്കൊണ്ടിരിക്കുകയാണ്.**

- **2985 കിലോമീറ്റർ ഡിസൈൻഡ് റോഡുകൾ, 43 കിലോമീറ്ററിൽ പത്തു ബൈപാസുകൾ,**

**22 കിലോമീറ്ററിൽ 20 ഫ്ലൈ ഓവറുകൾ, 53 കിലോമീറ്ററിൽ 74 പാലങ്ങൾ.**

- **കോവളം മുതൽ ബേക്കൽ വരെ തെക്ക്-വടക്ക് ജലപാത.**
- **2040 വരെ വൈദ്യുതി ഉറപ്പുവരുത്തുന്നതിനുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി**
- **ദുർബലവിഭാഗങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാകുന്ന കെ-ഫോൺ പദ്ധതി.**
- **57 ലക്ഷം ചതുരശ്രയടി സ്കൂൾ കെട്ടിടങ്ങളും സമ്പൂർണ ക്ലാസ്മുറി ഡിജിറ്റലൈസേഷനും.**
- **33 ലക്ഷം ചതുരശ്രയടി കോളജ്, യൂണിവേഴ്സിറ്റി കെട്ടിടങ്ങൾ.**
- **4.65 ലക്ഷം ചതുരശ്രയടി ഐറ്റി കെട്ടിടങ്ങൾ**
- **4 ലക്ഷം ചതുരശ്രയടി സാംസ്ക്കാരിക സ്ഥാപനങ്ങൾ**
- **37 ലക്ഷം ചതുരശ്രയടി വരുന്ന 44 സ്റ്റേഡിയങ്ങൾ**

- **46 ലക്ഷം ചതുരശ്രയടി ആശുപത്രി കെട്ടിടങ്ങളും അത്യാധുനിക ഡയാലിസിസ് കാർഡിയോളജി, ഓങ്കോളജി സംവിധാന ങ്ങളും ഉപകരണങ്ങളും**

- **4384 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ. 1520 എംഎൽഡി ശേഷി. 2450 കിലോമീറ്റർ വിതരണപ്പൈപ്പ്. 85 ലക്ഷം ഉപഭോക്താക്കൾ.**

**24)** **സർ, 2021 മാർച്ചിനു മുമ്പ് 85 ലക്ഷം ചതുരശ്രയടി വരുന്ന 237 പ്രോജക്ടുകൾ ഉദ്ഘാടനം ചെയ്യും. 1000 കിലോമീറ്റർ ദൈർഘ്യം വരുന്ന 77 റോഡുകളും പാലങ്ങളും ഉദ്ഘാടനം നടക്കും. അംഗീകരിച്ച എല്ലാ പ്രോജക്ടുകളുടെയും നിർമ്മാണം ആരംഭിച്ചിരിക്കും. 5000 ഏക്കർ ഇൻഡസ്ട്രിയൽ പാർക്കുകൾ സൃഷ്ടിക്കും.**

**25)** **രാജ്യത്ത് ഇന്ന് നടപ്പാക്കുന്ന ഏറ്റവും വലിയ മാന്ദ്യവിരുദ്ധ പാക്കേജാണ് കേരളത്തിലേത്. ഇത് നമ്മുടെ സംസ്ഥാന സമ്പദ്ഘടനയെ ഈ പ്രതിസന്ധിയുടെ ഘട്ടത്തിൽ താങ്ങി നിർത്തും. സാധാരണഗതിയിൽ ഇരുപത്തഞ്ചോ മുപ്പതോ വർഷം കൊണ്ട് ഉണ്ടാകുന്ന പശ്ചാത്തല സൗകര്യങ്ങൾ അടുത്ത മൂന്നു വർഷം കൊണ്ട്**

കേരളത്തിൽ ഉറപ്പുവരുത്തും. ഇതിന്റെ നേട്ടം നമുക്കെല്ലാവർക്കും ഇന്നു ലഭിക്കും. ഇരുപതോ മുപ്പതോ വർഷത്തിനപ്പുറമുള്ള നിർമ്മാണ ച്ചെലവ് കണക്കിലെടുക്കുമ്പോൾ വായ്പയ്ക്കു വേണ്ടിവരുന്ന പലിശ താരതമ്യേനെ താഴ്ന്ന ഭാരമായിരിക്കും. നമ്മുടെ മുമ്പിലുള്ള വെല്ലുവിളി ഈ പ്രോജക്ടുകൾ എങ്ങനെ സമയബന്ധിത മായി ഗുണമേന്മയോടെ പൂർത്തീകരിക്കാം എന്നുളളതാണ്.

26) സർ, കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ കേരളത്തിന്റെ ഭാവിയെ ഗാഢമായി സ്വാധീനിക്കാൻ പോകുന്ന രണ്ടു ഡസനിലേറെ പദ്ധതികളെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായി. അവയ്ക്ക് എന്ത് സംഭവിച്ചൂവെന്ന് പ്രീ-ബജറ്റ് ചർച്ചകളിൽ പലരും ചോദിക്കുകയുണ്ടായി. അതുകൊണ്ട് അത്തരമൊരു പരിശോധന പ്രസക്തമാണ്.

## വ്യവസായ പാർക്കുകളും കോർപ്പറേറ്റ് നിക്ഷേപങ്ങളും

27) വ്യവസായ പാർക്കുകൾക്ക് ആവശ്യമായ ഭൂമി വേഗത്തിൽ ഏറ്റെടുക്കുന്നതിനു പ്രത്യേകമായി 15 ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ

കിഫ്ബിക്കു വേണ്ടി ആരംഭിക്കുകയാണ്. എഫ്എസിടിയിൽ നിന്ന് ഏറ്റെടുത്ത 482 ഏക്കറിൽ പകുതി കൊച്ചിൻ റിഫൈനറി, പെട്രോകെമിക്കൽ പാർക്കുകൾക്കായി വാങ്ങി കഴിഞ്ഞു. ബാക്കി പ്രഖ്യാപിത വ്യവസായ പാർക്കിനും ദേശീയ പാർക്കിനുമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ ബാധ്യതകളടക്കം ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാണ്. 500 ഏക്കർ ഭൂമിയെങ്കിലും പുതിയൊരു വ്യവസായ പാർക്കിനു ലഭ്യമാകും. കിഫ്ബിയാണ് ഇതിന് ആവശ്യമായ പണം നൽകുക. കെഎംഎംഎൽനു സമീപം ടൈറ്റാനിയം മെറ്റൽ കോംപ്ലക്സിനുവേണ്ടി കിൻഫ്ര വഴി ഭൂമി ഏറ്റെടുക്കും.

28) വ്യവസായ പാർക്കുകളിൽ നിക്ഷേപം നടത്താൻ താൽപ്പര്യംപ്രകടിപ്പിച്ചതായി കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച എല്ലാ പ്രമുഖ കോർപ്പറേറ്റ് കമ്പനികളും കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

- **നിസാൻ ടെക്നോപാർക്കിൽ ഡേറ്റാ സയൻസസ്, ആർട്ടിഫിഷൽ റിയാൽറ്റി മേഖലകളിലായി 800 പേർക്ക് ജോലി നൽകി. ഇവരുടെ ഇലക്ട്രിക്കൽ വാഹനങ്ങളുടെ സിരാകേന്ദ്രം ടെക്നോസിറ്റിയിലെ 30 ഏക്കർ ഭൂമിയിൽ സ്ഥാപിക്കുന്നതിനു ധാരണ യായിട്ടുണ്ട്.**

- **ടോറസ് ടെക്നോപാർക്കിൽ 27 ലക്ഷം ചതുരശ്രയടിയുടെ രണ്ട് കെട്ടിടങ്ങളുടെ പണി ആരംഭിച്ചു. 2024-നു മുമ്പ് 57 ലക്ഷം ചതുരശ്രയടി സമുച്ചയം പൂർത്തിയാകും.**

- **എച്ച്.ആർ ബ്ലോക്ക് 40000 ചതുരശ്രയടി കെട്ടിടം പ്രവർത്തന സജ്ജമാക്കി. 800 പേർക്ക് തൊഴിൽ നൽകുന്നു.**

- **സ്പേസ് ആന്റ് എയ്റോ സെന്റർ ഓഫ് എക്സെലൻസിൽ വി.എസ്.എസ്.സി.യുടെ നാനോ സ്പെയ്സ് പാർക്ക് ഉദ്ഘാടനത്തിനു തയ്യാറായിട്ടുണ്ട്. എയ്റോ സ്പെയ്സിന് ആവശ്യ മായ ഇലക്ട്രോണിക് കമ്പോണന്റുകളാണ്**

ഇവിടെ ഉൽപ്പാദിപ്പിക്കുക. വി.എസ്.എസ്.സി.-യുടെ എ.പി.ജെ. അബ്ദുൾ കലാം നോളഡ്ജ് സെന്റർ പൂർത്തിയായിട്ടുണ്ട്. 2 ലക്ഷം ചതുരശ്രയടി കെട്ടിടത്തിനായി ബ്രിഗേഡ് എന്റർ പ്രൈസസ് മുന്നോട്ടു വന്നിട്ടുണ്ട്.

- ടെക് മഹീന്ദ്ര 12000 ചതുരശ്രയടിയിൽ പ്രവർത്തനം ആരംഭിച്ചു. 150 പേർക്ക് തൊഴിൽ നൽകുന്നു.
- ഏണസ്റ്റ് ആന്റ് യുങ് കൊച്ചിയിലും തിരുവനന്തപുരത്തുമായി 5000 പേർക്ക് തൊഴിൽ നൽകി.
- ടെറാ നെറ്റ് 9000 ചതുരശ്രയടിയിൽ 500 പേർക്ക് തൊഴിൽ നൽകുന്നു.
- ഫ്യുജിത്സു, ഹിറ്റാച്ചി നിസാൻ സെന്ററുമായി യോജിച്ചാണ് പ്രവർത്തിക്കുന്നത്. പ്രാരംഭ പ്രവർത്തനത്തിനായി കുറച്ചു ജീവനക്കാരെ നിയമിച്ചു കഴിഞ്ഞു.
- എയർബസ് കമ്പനിയുമായി കേരള സർക്കാർ കരാർ ഉണ്ടാക്കി. ഇതുപ്രകാരം ഇൻകുബേറ്റർ

**ആൾട്ടയർ എന്ന കമ്പനി ഓഗ്മെന്റഡ് റിയാൽറ്റിയിൽ പരിശീലനം നൽകിത്തുടങ്ങി. ഇത് സ്റ്റാർട്ട് അപ്പ് മിഷന്റെ കീഴിലാണ്.**

- way.com **ആറായിരം ചതുരശ്ര അടി കെട്ടിടമെടുത്ത് 100 പേർക്ക് ഇതിനകം തൊഴിൽ നൽകി.**

- **ലാപ്ടോപ്പ് നിർമ്മിക്കാനുള്ള കോക്കോണിക്സ് എന്ന സംയുക്ത സംരംഭം പ്രവർത്തനമാരംഭിച്ചു. 100 പേർക്ക് തൊഴിൽ ലഭ്യമാക്കി. രണ്ടര ലക്ഷം ലാപ്ടോപ്പുകളാണ് ഉൽപാദനശേഷി ലക്ഷ്യമിടുന്നത്.**

**29) ലോകത്തെ ഏറ്റവും പ്രമുഖ ഇലക്ട്രോണിക് കമ്പനികൾ കേരളത്തിൽ പുതിയതായി നിക്ഷേപതാൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. നോൺ ഡിസ്ക്ലോഷർ കരാറുകൾ ഉള്ളതുകൊണ്ട് അവരുടെ പേരുകൾ വെളിപ്പെടുത്താനാകില്ല. 2016-ൽ ഐറ്റി, ഐറ്റി അനുബന്ധ മേഖലകളിൽ പണിയെടുത്തിരുന്നത് 78000 പേരാണ്. ഇപ്പോൾ അത് ഒരു ലക്ഷമായി ഉയർന്നിട്ടുണ്ട്. 2021-ൽ 85000 പേർക്ക് കൂടി അധികമായി ജോലി ലഭിക്കും.**

30) 2016-ൽ 145 ലക്ഷം ചതുരശ്ര അടിയായിരുന്നു ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് എന്നിവയുടെ വിസ്തൃതി. 2021-ൽ ഇത് 245 ലക്ഷം ചതുരശ്ര അടിയായി ഉയരും. മാർച്ചിൽ പൂർത്തയാകുന്ന ടെക്നോസിറ്റിയുടെ രണ്ടുലക്ഷം ചതുരശ്രയടിസ്ഥലം മുഴുവൻ വിവിധ കമ്പനികൾ ബുക്കു ചെയ്തു കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ സ്വകാര്യ കമ്പനികളെക്കൂടി പാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹി പ്പിക്കുന്ന നയമാണ് സ്വീകരിക്കുന്നത്.

31) എറണാകുളത്തു നടന്ന അസന്റ് 2020-ൽ ഒരുലക്ഷം കോടിയിലേറെ രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ഉണ്ടായത്. ഇതിൽ ഏറ്റവും വലുത് അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയുടെ 66,900 കോടി രൂപയുടെ ലോജിസ്റ്റിക്സ് പാർക്കാണ്. കിഫ്ബിയുടെ അനുബന്ധ സ്ഥാപനമായ കേരള ഇൻഫ്രാ സ്ട്രക്ച്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് (കെഐഎഫ്എംഎൽ) ബ്ലിസ് എഡ്യുടെയിൻ മെന്റ് ടൗൺഷിപ്പിലെ ആറു പ്രോജക്ടുകളിലായി 8,110 കോടി രൂപ നിക്ഷേപം ലക്ഷ്യമിടുന്നു.

**15 പ്രമുഖ കമ്പനികൾ ധാരണാപത്രം ഒപ്പിടുകയും ചെയ്തു.**

**32) കേരളം കൂടുതൽ നിക്ഷേപ സൗഹൃദമാവുക യാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ ഇന്ന് 21-ാം സ്ഥാനത്തുള്ള കേരളത്തെ അടുത്ത പത്തു വർഷത്തിനുള്ളിൽ ഏറ്റവും മുകളിലുള്ള അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി ഉയർത്തുന്ന തിനുള്ള നടപടികളാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പാക്കേജിന്റെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾക്ക് സാമ്പത്തികസഹായം നൽകുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു.**

**33) സർ, 2020-21 മുതൽ പുതിയതായി കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽസ്ഥാപനങ്ങളിലെ പി.എഫ് അടയ്ക്കുന്ന തൊഴിലാളിയുടെ പി.എഫ് വിഹിതം അഥവാ ഒരു മാസത്തെ ശമ്പളം സർക്കാർ തൊഴിലുടമയ്ക്ക് സബ്സിഡിയായി നൽകുന്നതാണ്. പരമാവധി തുകയ്ക്ക് ഉചിതമായ പരിധി നിശ്ചയിക്കുന്നതാണ്.സ്ത്രീ തൊഴിലാളികളാണെങ്കിൽ, 2000 രൂപ അധിക**

മായും നൽകുന്നതാണ്. ഇതിനായി 100 കോടി രൂപ വകയിരുത്തുന്നു.

**സ്റ്റാർട്ട്അപ്പുകൾ**

34) കേന്ദ്ര വാണിജ്യ മന്ത്രാലയം 2018-ൽ നടത്തിയ റാങ്കിങ്ങിൽ സ്റ്റാർട്ട് അപ്പ് പ്രോത്സാഹനത്തിൽ കേരളത്തിനാണ് ഒന്നാം റാങ്ക്. ഇന്ന് 2300 സ്റ്റാർട്ട് അപ്പുകൾ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മൂലധനത്തിന്റെ അഭാവമാണ്. ഇതിനു പരിഹാരമായി മൂന്ന് പ്രധാന തീരുമാനങ്ങൾ പ്രഖ്യാപിക്കുകയാണ്.

35) സർക്കാർ/അർദ്ധസർക്കാർ/പ്രമുഖ കോർപ്പറേറ്റുകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് വർക്ക് ഓർഡർ ഉള്ളവർക്ക് ആസ്തി സെക്യൂരിറ്റി ഇല്ലാതെ വായ്പ ലഭ്യമാക്കും. വർക്ക് ഓർഡറിന്റെ 90 ശതമാനം പരമാവധി 10 കോടി രൂപ വരെ 10 ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നതിന് ഒരു സ്കീം പ്രഖ്യാപിക്കുന്നു. പർച്ചെയ്സ് ഓർഡറുകളാണെങ്കിൽ അവ ഡിസ്ക്കൗണ്ട് ചെയ്ത് പണം നൽകും. ഐറ്റി സെക്രട്ടറി ചെയർമാനായുള്ള

ഒരു വിദഗ്ധകമ്മിറ്റി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ കെഎഫ്സിയും കെഎസ്ഐഡിസിയും കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ തന്നെ എക്രോസ്ദികൗണ്ടർ പണം ലഭ്യമാക്കും. ഇതുമൂലം എന്തെങ്കിലും നഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് സർക്കാർ നികത്തിക്കൊടുക്കുന്നതാണ്.

36) സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് ആവശ്യമുള്ളതും ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട തുമായ നൂതന ഉൽപ്പന്ന പ്രോട്ടോടൈപ്പുകളുടെ വിപുലീകരണ ഘട്ടത്തിൽ ഒരു കോടി രൂപ വരെ ധനസഹായം ലഭ്യമാക്കും. ഇതിനായി 10 കോടി രൂപ കെഎഫ്സിക്ക് അനുവദിക്കുന്നു. 2020-21-ൽ 73.50 കോടിരൂപ സ്റ്റാർട്ട് അപ്പ് മിഷനുവേണ്ടി വകയിരുത്തിയിട്ടുണ്ട്.

37) കർണ്ണാടകത്തെയും തമിഴ്നാടിനെയും അപേക്ഷിച്ച് കമ്പനികളുടെ സ്ഥാപനത്തിനും സംയോജനത്തിനും കേരളത്തിൽ ഉയർന്ന സ്റ്റാമ്പ് ഡ്യൂട്ടി വേണ്ടിവരുന്നതുമൂലം പുതിയ കമ്പനികളുടെയെല്ലാം ഹെഡ്ക്വാർട്ടേഴ്സ് ബാംഗ്ലൂരിലും

ചെന്നൈയിലും ആയിട്ടുണ്ടെന്ന വിമർശനം ഉയർന്നു വന്നിട്ടുണ്ട്. ഇതു പരിശോധിച്ച് നിരക്കുകൾ യുക്തിസഹമാക്കുന്നതിന് ഫിനാൻസ് ബില്ലിൽ ഉൾക്കൊള്ളിക്കും.

**ഊർജ്ജമിഷൻ**

38) വൈദ്യുതി ക്ഷാമം, വൈദ്യുതി തടസ്സം ഇവയാണ് കേരളത്തിലെ വൈദ്യുതിയുടെ മുഖ്യപ്രശ്നങ്ങൾ. ഇവ രണ്ടിനും പരിഹാരം കാണുകയാണ്: ട്രാൻസ്മിഷൻ ലൈനുകൾ പണിയുന്നതു വഴി ഒന്നാമത്തെ പ്രശ്നം പരിഹരിക്കാം.പണി തീർന്ന കൊച്ചി – ഇടമൺ ഇടനാഴി വഴി കൊണ്ടുവരാൻ കഴിയുന്ന വൈദ്യുതി 2000 മെഗാവാട്ടിന്റെ സ്ഥാപിതശേഷിക്കു തുല്യമാണ്. പതിനായിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2-ന്റെ പണി ആരംഭിച്ചിട്ടുണ്ട്. 2000 മെഗാവാട്ടിന്റെ സ്ഥാപിതശേഷിക്ക് തുല്യമായ വൈദ്യുതി പുറത്തുനിന്നു കൊണ്ടുവരാനും 2040 വരെയുള്ള വൈദ്യുതി ആവശ്യത്തെ തൃപ്തിപ്പെടുത്താനും ഇതുവഴി കഴിയും. വോൾട്ടേജ് ക്ഷാമവും പവർക്കട്ടും പഴങ്കഥയാകും. ഇനി പരിഹരി ക്കേണ്ടത് തുടർച്ചയായുണ്ടാകുന്ന വിതരണ

**തടസ്സങ്ങളാണ്. 11 കെവി ലൈനിൽ നിന്ന് ട്രാൻസ്ഫോർമറിലേയ്ക്ക് രണ്ടു ലൈനെങ്കിലും ഉറപ്പുവരുത്തി തടസ്സം ഒഴിവാക്കുന്നതിനു വേണ്ടിയാണ് 4,000 കോടി രൂപയുടെ ദ്യുതി 2020 എന്ന വിതരണ നവീകരണ പദ്ധതി. വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിന് ഇ-സേഫ് പദ്ധതി നടപ്പാക്കുന്നതാണ്.**

39) **രണ്ടരക്കോടി എൽഇഡി ബൾബുകൾ കഴിഞ്ഞ വർഷം സ്ഥാപിക്കപ്പെട്ടു എന്നാണ് കണക്ക്. തെരുവു വിളക്കുകളും സർക്കാർ സ്ഥാപനങ്ങളിലെ ബൾബുകളും സമ്പൂർണമായി എൽഇഡിയിലേയ്ക്കു മാറും.**

- **സർ, 2020 നവംബർ മുതൽ കേരളത്തിൽ സിഎഫ്എൽ, ഫിലമെന്റ് ബൾബുകളുടെ വിൽപന നിരോധിക്കുന്നതാണ്.**
- **ഊർജ്ജ മിതവ്യയത്തിനുവേണ്ടി സീറോ ഫിലമെന്റ് പീലിക്കോട് പോലുള്ള മുൻകൈകൾക്കു സഹായം നൽകും. വൈദ്യുതി അപകടങ്ങൾ ഇല്ലാതാക്കുന്നതിനു വേണ്ടിയുള്ള ആറന്മുളയിലെ പദ്ധതിയും മാതൃകാപരമാണ്.**

40) ഊർജ മേഖലയുടെ അടങ്കൽ 1,765 കോടി രൂപയാണ്. 2020-21-ൽ മുഖ്യമായും സൗരോർജ നിലയങ്ങളിൽ നിന്നായി 500 മെഗാവാട്ട് വൈദ്യുതി സ്ഥാപിത ശേഷി സൃഷ്ടിക്കും. ഇതിനായി പുരപ്പുറം സൗരോർജ സ്കീം ഊർജിതപ്പെടുത്തും.

ഡിസൈൻഡ്റോഡുകൾ

41) കഴിഞ്ഞ ബജറ്റിൽ ലക്ഷ്യമിട്ട ആധുനിക സങ്കേതങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിസൈൻ റോഡുകളിലേയ്ക്കുള്ള പൊതു മരാമത്ത് വകുപ്പിന്റെ പരിവർത്തനം യാഥാർത്ഥ്യ മായിക്കൊണ്ടിരിക്കുകയാണ്. റീബിൽഡ് കേരളയിലെ റോഡുകളുംകിഫ്ബി റോഡുകളും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടും സുരക്ഷയും ഉപരിതല നീർവാർച്ചയും ഉറപ്പുവരുത്തിക്കൊണ്ട് ദീർഘകാല മെയിന്റനൻസുകൂടി ഉൾക്കൊള്ളുന്ന റോഡുകളാണ്. ഫുൾ ഡെപ്ത് റിക്ലമേഷൻ, കോൾഡ് റീസൈക്ലിംങ്, തിൻ വൈറ്റ് ടോപ്പിംങ്, ജിയോടെക്സ്റ്റയിൽസ്, ബിറ്റുമിനിൽ പ്ലാസ്റ്റിക്കും

**റബ്ബറും ചേർത്തുകൊണ്ടുള്ള മിശ്രിതങ്ങൾ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗപ്പെടു ത്തുന്നുണ്ട്.**

**42) 2020-21-ൽ പദ്ധതിയിൽ 1,102 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നോൺ പ്ലാൻ ഇനത്തിൽ മെയിന്റനൻസിനും പുതിയ റോഡുകൾക്കും പഴയ ബില്ലുകൾ കൊടുക്കുന്നതിനും 3500 കോടി രൂപയെങ്കിലും പ്രതീക്ഷിക്കാം.ഇതിനുപുറമേ കിഫ്ബിയിൽ നിന്നുള്ള 13,358 കോടി രൂപ, മുൻ പ്ലാനുകളിൽ നിന്ന് നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ 4,500 കോടി രൂപ, സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും 1,100 കോടി രൂപ, റീബിൽഡ് കേരളയിൽ നിന്നും 1,400 കോടി രൂപ,കെഎസ്ടിപി 800 കോടി രൂപ എന്നിങ്ങനെ മൊത്തം 25000-ൽപ്പരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. 2020-21-ൽ 5000 കിലോമീറ്റർ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.**

**വെസ്റ്റ് കോസ്റ്റ് കനാൽ**

**43) സിയാൽകൂടി പങ്കാളിയായ കേരള വാട്ടർവെയ്സ് ഇൻഫ്രാസ്ട്രക്ച്ചേഴ്സിന്റെ രംഗപ്രവേശനത്തോടെ വെസ്റ്റ്-കോസ്റ്റ് കനാൽ നിർമ്മാണം സമയബന്ധിതമായി മുന്നേറുകയാണ്. സർ, 2020-21-ൽ 585 കിലോമീറ്റർ നീളത്തിൽ ബേക്കൽ മുതൽ കോവളം വരെയുള്ള ജലപാത ഗതാഗതത്തിനായി തുറന്നുകൊടുക്കും.**

**44) ഇപ്പോൾ കനാലുകൾക്ക് 18-20 മീറ്ററാണ് വീതി. 2025 ആകുമ്പോഴേയ്ക്കും 40 മീറ്റർ വീതി ഉറപ്പുവരുത്തും. അങ്ങനെ വന്നാൽ സംസ്ഥാനത്തിനുള്ളിലെ ചരക്കു ഗതാഗതത്തിന്റെ 50 ശതമാനം ജലപാതയിലൂടെ സാധ്യമാക്കാൻ കഴിയും. ഇത് വിനോദസഞ്ചാരത്തിനും കുതിപ്പു നൽകും. കേരളത്തിലെ മൂന്നു വിമാനത്താവളങ്ങൾ, ചെറുതുറമുഖങ്ങൾ, വ്യവസായ-വാണിജ്യ കേന്ദ്രങ്ങൾ എന്നിവയുമായി ജലപാതയെ ബന്ധപ്പെടുത്തുന്നതിനുള്ള പദ്ധതിയും തയ്യാറായി വരുന്നു.**

**സിൽവർ ലൈൻ പ്രോജക്ട്**

45) കഴിഞ്ഞ ബജറ്റിൽ പറഞ്ഞ ഗ്രീൻ ഫീൽഡ് റെയിൽപ്പാത യാഥാർത്ഥ്യമാകാൻ പോവുക യാണ്. കേരളത്തിലെ ഏറ്റവും വലിയ മുടക്കുമുതൽ വരുന്ന നിർമ്മാണ പ്രവർത്തന മായിരിക്കും അത്. ആകാശ സർവ്വേ പൂർത്തിയായി. അടുത്തതായി അലൈൻമെന്റ് നിശ്ചയിക്കും. 2020-ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കും. ഭൂമി ഏറ്റെടുത്തു കഴിഞ്ഞാൽ മൂന്നു വർഷംകൊണ്ട് പൂർത്തീകരി ക്കാനാകും. ഈ പദ്ധതിയിൽ മുതൽമുടക്ക് നടത്താൻ പല രാജ്യാന്തര ഏജൻസികളും തയ്യാറായിട്ടുണ്ട്.

46) ഇതൊരു റെയിൽപാത മാത്രമല്ല, പുതിയൊരു സർവ്വീസ് റോഡും അഞ്ച് ടൗൺഷിപ്പുകളും ഉണ്ടാകും. നാല് മണിക്കൂർകൊണ്ട് 1,457 രൂപയ്ക്ക് തിരുവനന്തപുരത്തു നിന്ന് കാസർഗോഡ് എത്താം. സമയവും ലാഭം. 2024-25-ൽ 67,740 ദിവസയാത്രക്കാരും 2051-ൽ 147120 യാത്രക്കാരും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 10 സ്റ്റേഷനുകളാണ്

ഉള്ളതെങ്കിലും 28 ഫീഡർ സ്റ്റേഷനുകളിലേയ്ക്ക് ഹ്രസ്വദൂര ട്രെയിനുകളുമുണ്ടാകും. രാത്രി കാലങ്ങളിൽ ചരക്കു കടത്തിലും വണ്ടികൾ കൊണ്ടുപോകുന്നതിനുള്ള റോറോ സംവിധാനവും ഈ റെയിലിലുണ്ടാകും. ടിക്കറ്റ് ചാർജിന്റെ മൂന്നിലൊന്ന് ടിക്കറ്റിതര വരുമാനം പ്രതീക്ഷിക്കുന്നു. നിർമ്മാണ വേളയിൽ 50000 പേർക്കും സ്ഥിരമായി 10000 പേർക്കും തൊഴിൽ ലഭിക്കും.

47) ജപ്പാൻ വികസന ഏജൻസിയടക്കമുള്ള അന്താരാഷ്ട്ര നിധികളിൽ നിന്ന് വളരെ ചുരുങ്ങിയ പലിശയ്ക്ക് നാൽപ്പതോ അതിലധികമോ വർഷത്തെ തിരിച്ചടവ് കാലയള വോടെ വായ്പ എടുക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ടൗൺഷിപ്പുകളുടെ വികസനത്തിന് മുതൽ മുടക്കാൻ ചില പ്രമുഖ നിക്ഷേപ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. കേരളത്തിലെ ഗതാഗതം ഇന്ന് 95 ശതമാന ത്തിലേറെ റോഡിനെ ആശ്രയിച്ചാണ്. ഇത് ഒട്ടും അഭിലഷണീയമായ കാര്യമല്ല. ജലപാതയും റെയിൽവേ വികസനവുംകൂടി ചേരുമ്പോൾ

**കേരളത്തിലെ ഗതാഗത ഘടനയിൽപരിസ്ഥിതി സൗഹൃദപരമായ അടിസ്ഥാന മാറ്റമുണ്ടാകും.**

**കൊച്ചി ഗ്രീൻ മൊബിലിറ്റി സോൺ**

**48) സർ, സീംലസ് മൊബിലിറ്റി ഫോർ കൊച്ചി പ്രോജക്ടിന് കേന്ദ്ര നഗരമന്ത്രാലയത്തിന്റെ അവാർഡ് ലഭിക്കുകയുണ്ടായി. കൊച്ചിയിൽ പരിസ്ഥിതിസൗഹൃദവും സംയോജിതവുമായ നഗരഗതാഗത സംവിധാനം രൂപംകൊള്ളും. 2020-21-ൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെപ്പറയുന്നു.**

- **കൊച്ചി മെട്രോ റെയിലിന്റെ പേട്ടയിൽ നിന്നും തൃപ്പുണ്ണിത്തുറയിലേയ്ക്കും ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും കാക്കനാട് ഇൻഫോ പാർക്കിലേയ്ക്കുള്ള പുതിയ ലൈനുകൾ. ഇതിന് 3025 കോടി രൂപ ചെലവ് വരും.**
- **16 റൂട്ടുകളിലായി 76 കിലോമീറ്റർ ജലപാതയും 38 ജെട്ടികളുമുള്ള ഇന്റഗ്രേറ്റഡ് വാട്ടർ ട്രാൻസ്പോർട്ട്. ഇതിന് 682 കോടി രൂപ ചെലവ് വരും.**

- **വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിന് സോളാർ ബോട്ടുകൾ.**

- **ഹരിതവാഹനങ്ങൾ, ഇ-ഓട്ടോയ്ക്ക് സബ്സിഡി, ഇലക്ട്രിക്/സിഎൻജി ട്രാൻസ്പോർട്ട് ബസുകൾ, കെഎസ്ഇബിയുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ.**

- **എല്ലാ ബസ് ഓപ്പറേറ്റർമാർക്കും ഒരു ക്ലസ്റ്ററാക്കി ഇ-ടിക്കറ്റിംഗ്, മൊബൈൽ ആപ്പ്, സിസി ടിവികൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം തുടങ്ങിയ സ്മാർട്ട് സേവനങ്ങൾ നടപ്പാക്കും. മെട്രോ, വാട്ടർ ട്രാൻസ്പോർട്ട്, ബസ് ഇവയ്ക്കെല്ലാം ഏകീകൃത ടിക്കറ്റ് കാർഡ് കൊണ്ടുവരും. ഈ പദ്ധതിക്കാണ് അവാർഡ് ലഭിച്ചത്.**

- **പരമാവധി വാഹനയിതര യാത്രാസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ക്രമീകരണങ്ങളുണ്ടാകും. സുരക്ഷിത നടപ്പാതകൾ, സൈക്കിൾ ട്രാക്ക്, റോഡ്സേഫ്ടി, മെട്രോ-റെയിൽ - വാട്ടർ ട്രാൻസ്പോർട്ട് കണക്ടിവിറ്റി തുടങ്ങിയവയ്ക്കായുള്ള കൊച്ചി മെട്രോ**

സോൺ പ്രോജക്ട്. ഇതിന് 239 കോടി രൂപ ചെലവ് വരും.

- ഇതിനെല്ലാം മേൽനോട്ടം വഹിക്കുന്ന കൊച്ചി മെട്രോ പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് 2.5 കോടി രൂപ വകയിരുത്തുന്നു. സർ, മേൽപ്പറഞ്ഞ പ്രവൃത്തികൾ, പ്രധാനപ്പെട്ട മേൽപ്പാലങ്ങളും മറ്റു റോഡുകളും ചേർത്താൽ കൊച്ചി നഗരത്തിൽ ഏതാണ്ട് 6,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്. ഇതിൽ റെയിൽവേ മേൽപ്പാലങ്ങളും ഫ്ലൈഓവറുകളും പോലുള്ളവ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് ഓർക്കുക.

ടൂറിസം

49) രണ്ട് വെള്ളപ്പൊക്കകെടുതികളെ കേരള ടൂറിസം മറികടന്നു. ഫലപ്രദമായ മാർക്കറ്റിംഗ് ഇതിനൊരു പങ്കുവഹിച്ചിട്ടുണ്ട്. 2019-ൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 18.5 ശതമാനത്തിന്റെയും വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 8.24 ശതമാനത്തിന്റെയും വളർച്ച കൈവരിക്കാൻ കഴിഞ്ഞു. ടൂറിസം പ്രോത്സാഹനത്തിന്

320 കോടി രൂപയാണ്. ഇതിൽ 63 കോടി രൂപ മാർക്കറ്റിംഗിനു വേണ്ടിയാണ്.

50) കഴിഞ്ഞ ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം പ്രഖ്യാപനങ്ങളിലൊന്ന് കേരള ബോട്ട് ലീഗായിരുന്നു. വള്ളംകളിയുടെ കായികവിനോദ ടൂറിസം സാധ്യതകൾ പൂർണ്ണമായും അടിവരയിട്ടുകൊണ്ട് കേരള ബോട്ട് ലീഗ് വിജയകരമായി സംഘടിപ്പിച്ചു. ഈ വർഷത്തെ ടൂറിസം മാർക്കറ്റിംഗിൽ പ്രധാനപ്പെട്ട ഇനമായി ബോട്ട് ലീഗ് പ്രതിഷ്ഠിക്കപ്പെടും. ലീഗിൽപ്പെടാത്ത ജലമേളകൾക്കുകൂടി ധനസഹായം ലഭ്യമാക്കും. ആവശ്യമായ മാറ്റങ്ങൾ നടത്തിപ്പിൽ കൊണ്ടുവരും. കേരള ബോട്ട് ലീഗിനും മറ്റു ജലമേളകൾക്കുമായി 20 കോടി രൂപ വകയിരുത്തുന്നു.

51) ഭാവി സാധ്യതകൾ കണക്കിലെടുക്കുമ്പോൾ ഏറ്റവും ബൃഹത്തായ ടൂറിസം പ്രോജക്ട് സ്പൈസസ് റൂട്ട് പദ്ധതിയാണ്. ചൈനയുടെ സിൽക്ക് റൂട്ടുപോലെ കേരളത്തിലെ സ്പൈസസിന്റെ പുരാതനകാലം മുതലുള്ള രാജ്യാന്തര യാത്രയാണ് ഈ സർക്യൂട്ടിന്റെ

**പ്രമേയം. ചൈനയും, പശ്ചിമേഷ്യൻ, ആഫ്രിക്കൻ, യൂറോപ്യൻ രാജ്യങ്ങളും ഇതിൽ പങ്കാളികളായിരിക്കും. യുനസ്കോ ഇതിനു താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. നാം ഇപ്പോൾ നമ്മുടെ തുറമുഖ പട്ടണങ്ങളെ കേന്ദ്രീകരിച്ച് പൈതൃകസംരക്ഷണ പദ്ധതികൾ നടപ്പാക്കി ക്കൊണ്ടിരിക്കുകയാണ്. ഇതിലേറെ മുന്നോട്ടു പോയിട്ടുള്ളത് മുസുരിസിലെയും ആലപ്പുഴ യിലെയും പൈതൃക പ്രോജക്ടുകളാണ്. തലശ്ശേരി കേന്ദ്രമാക്കിക്കൊണ്ടുള്ള ടൂറിസം സർക്ക്യൂട്ടുകളുടെയും പ്രവർത്തനങ്ങൾ നടക്കുന്നു. കോഴിക്കോട്, പൊന്നാനി, തങ്കശ്ശേരി തുറമുഖങ്ങളുടെ രൂപരേഖ തയ്യാറായി ക്കൊണ്ടിരിക്കുന്നു. 2020-21-ൽ മുസിരിസ് പൈതൃക പദ്ധതി കമ്മീഷൻ ചെയ്യും. ഇത് കേവലടൂറിസം പദ്ധതിയല്ല. മുസിരിസ് ചരിത്ര സ്മാരകങ്ങളിലൂടെയുള്ള യാത്ര ഒരു ചരിത്ര പഠനയാത്ര കൂടിയാണ്. ഇതിന് സ്കൂൾ പഠന സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും മുസിരിസ് കമ്പനിയുടെ ലാഭം പ്രയോജനപ്പെടുത്തും.**

52) ആലപ്പുഴയിൽ ഒരു ഡസൻ മ്യൂസിയങ്ങളെങ്കിലും 2020-21ൽ ജനങ്ങൾക്കു തുറന്നുകൊടുക്കാൻ കഴിയും. പഴയ ഗുജറാത്തി പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഓർമ്മത്തെരുവ് പദ്ധതിയും ഉദ്ഘാടനം ചെയ്യപ്പെടും. പള്ളി, അമ്പലം, വിദ്യാഭ്യാസ – ആരോഗ്യ – വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങി 19-ാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട 15 പൈതൃക മന്ദിരങ്ങളുടെ കൺസർവേഷൻ പ്രവർത്തനം പൂർത്തിയാകും. ഇവയും കിഫ്ബി സഹായത്തോടെ നടത്തുന്ന കനാൽ നവീകരണമടക്കമുള്ള പ്രവൃത്തികളും ചേരുമ്പോൾ ആലപ്പുഴയ്ക്ക് പൈതൃക നഗരമെന്ന നിലയിൽ ഒരു പുനർജന്മം ലഭിക്കും.

53) മലബാർ മേഖലയിലെ ടൂറിസം പദ്ധതികൾക്കു പ്രത്യേക ഊന്നൽ പദ്ധതിയിലുണ്ട്. ദേശീയ ജലപാതയുടെ ഉദ്ഘാടനത്തോടെ മലബാർ ക്രൂയിസിന്റെ ആകർഷകത്വം വർദ്ധിക്കും. സർ, നാശോന്മുഖവും വാസ്തുശിൽപ്പ ഭംഗിയുള്ളതു മായ കൂത്താട്ടുകുളത്തെ മഹാദേവക്ഷേത്രം പോലുള്ള അമ്പലങ്ങൾ പഴമയിൽ പുനരുദ്ധരിക്കുന്നതിന് ദേവസ്വം ബോർഡുമായി സഹകരിച്ച് ഒരു പദ്ധതി ആവിഷ്കരി

ക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു. തത്വമസിയെന്ന പേരിൽ ഒരു പിൽഗ്രിം ടൂറിസം സർക്ക്യൂട്ട് ആവിഷ്കരിക്കുന്നതാണ്. രൂപരേഖ തയ്യാറാക്കിയശേഷം പണം അനുവദിക്കും. ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതിക്ക് 10 കോടി രൂപ അനുവദിക്കുന്നു. സർ, ദേശീയ നിലവാരം പുലർത്തുന്ന ഹോട്ടൽ മാനേജ്മെന്റ് കോളേജ് സ്വയംഭരണ മേഖലയിൽ ധർമ്മടത്ത് ആരംഭിക്കുന്നതാണ്.

**വ്യവസായങ്ങൾ**

54) കേരളത്തിലെ വ്യവസായ മേഖലയിൽ ഒരു പുത്തൻ ഉണർവ് പ്രത്യക്ഷമാണ്. സംസ്ഥാന ആഭ്യന്തരവരുമാനത്തിൽ വ്യവസായ മേഖലയുടെ വിഹിതം 2014-15ൽ 9.8 ശതമാനമായിരുന്നത് 2018-19ൽ 13.2 ശതമാനമായി ഉയർന്നു. ദേശീയ ഫാക്ടറി ഉൽപാദനത്തിൽ കേരളത്തിന്റെ വിഹിതം 1.2 ശതമാനത്തിൽ നിന്ന് 1.6 ശതമാനമായി ഉയർന്നു. ഈ പ്രവണത കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിക്ഷേപ പ്രോത്സാഹന സമീപനങ്ങൾ വിശദീകരിച്ചുവല്ലോ.

**55)** **സ്വന്തം ലാഭത്തിൽ നിന്ന് വിപുലീകരണത്തിന് കെഎംഎംഎൽ 65 കോടി രൂപ മുതൽമുടക്കിയിട്ടുണ്ട്. ടിടിപി മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പൂർത്തിയാക്കി. കെൽട്രോൺ ഡിഫൻസ് സഹകരണം മുന്നേറുന്നു. ഓട്ടോകാസ്റ്റിന്റെ ഫൗണ്ടറി റെയിൽവേ അക്രെഡിറ്റേഷൻ നേടി ബോഗി നിർമ്മാണത്തിലേയ്ക്ക് നീങ്ങുകയാണ്. കേരള ഓട്ടോമൊബൈൽസ് ഇ-ഓട്ടോ മാർക്കറ്റിൽ ഇറക്കി. ഇത്തരത്തിൽ പൊതുമേഖല മുന്നേറുകയാണ്.2020-21ൽപൊതുമേഖലയ്ക്ക് മൊത്തത്തിൽ 280 കോടി രൂപ വകയിരുത്തുന്നു.**

- **ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് – 21.5 കോടി**
- **ട്രാവൻകൂർ സിമന്റ്സ് – 10 കോടി**
- **കെഎസ്ഡിപി – 20 കോടി**
- **കെൽ - 21 കോടി**
- **ടെൽക്ക് – 10 കോടി**
- **ട്രാക്കോ കേബിൾസ് - 9 കോടി**

- **യുണൈറ്റഡ് ഇലക്ട്രിക്കൽസ് – 6 കോടി**
- **സ്റ്റീൽ ഇൻഡസ്ട്രീസ് ആൻഡ് ഫോർജിംഗ് – 7.1 കോടി**
- **ഓട്ടോ കാസ്റ്റ് – 20 കോടി**
- **സിൽക്ക് – 10 കോടി**
- **മെറ്റൽ ഇൻഡസ്ട്രീസ് – 3 കോടി**
- **കേരള ഓട്ടോമൊബൈൽസ് – 13.6 കോടി**
- **കെൽട്രോൺ - 17.7 കോടി**
- **കേരളാ സിറാമിക് – 15 കോടി**
- **കേരള ക്ലേസ് ആൻഡ് സിറാമിക് – 4 കോടി**
- **സിഡ്കോ – 17.9 കോടി**
- **ബാംബൂ കോർപറേഷൻ - 5.8 കോടി**
- **ഹാൻഡി ക്രാഫ്റ്റ് കോർപറേഷൻ - 5 കോടി**
- **സ്പിന്നിംഗ് മില്ലുകൾ - 33.8 കോടി**
- **പ്രവർത്തനമൂലധനം – 30 കോടി**

**56) വ്യവസായ മേഖലയുടെ പുരോഗതിയുടെ പ്രതീകമായി ഞാൻ എല്ലാ ബജറ്റിലും ഉദ്ധരിച്ചിട്ടുള്ളത് കെഎസ്ഡിപിയാണ്. 2015-16 ൽ 28 കോടിയായിരുന്നു ഉൽപ്പാദനം. 2020-21ൽ 150 കോടി രൂപയാക്കുകയാണ് ലക്ഷ്യം.ഏപ്രിൽ മാസത്തിൽ 40 കോടി മുതൽ മുടക്കിയുള്ള നോൺ ബീറ്റാലാക്ടം ഇഞ്ചക്റ്റബിൾസ് പ്ലാന്റ് ഉദ്ഘാടനം ചെയ്യും. അവയവമാറ്റ ശസ്ത്രക്രിയ യ്ക്ക് ശേഷം അനിവാര്യമായ മരുന്നുകളുടെ ഉൽപ്പാദനവും അപ്പോഴേയ്ക്കും ആരംഭിക്കാ നാകും. ഇതിനു സാധാരണഗതിയിൽ വേണ്ടുന്ന അഞ്ച് മരുന്നുകൾക്ക് പ്രതിദിനം 250 രൂപ ശരാശരി ചെലവും വരും. എന്നാൽ കെഎസ്ഡിപി 28 രൂപയ്ക്ക് ലഭ്യമാക്കാൻ കഴിയും. ഇതുപോലെ ക്യാൻസറിനുള്ള പല മരുന്നുകളുടെയും വില കുറയ്ക്കാനാകും. ഇതിനു കിഫ്ബിയുടെ സഹായത്തോടെ കെഎസ്ഡിപിക്ക് തൊട്ടടുത്തുള്ള 6.4 ഏക്കർ സ്ഥലത്ത്ഓങ്കോളജി പാർക്കിന്റെ നിർമ്മാണം 2020-21ൽ ആരംഭിക്കും. പാർക്കിന്റെ മാനേജ്മെന്റ് ചുമതല കെഎസ്ഡിപിക്കായി രിക്കും. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ**

വകയിരുത്തലിൽ നിന്ന് മരുന്നിനുള്ള അഡ്വാൻസായി 50 കോടി രൂപ ലഭ്യമാക്കുന്നതാണ്. ബോഗി നിർമ്മാണത്തിനായി ഓട്ടോകാസ്റ്റിൽ പുതിയ ഓട്ടോമാറ്റിക് ഹൈപ്രഷർ മോൾഡിംഗ് ലൈൻ സ്ഥാപിക്കുന്നതാണ്.

57) ഹോംകോയുടെ പുതിയ ഔഷധ നിർമ്മാണ യൂണിറ്റിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മെഷിനറി സ്ഥാപിച്ച് സർട്ടിഫിക്കേഷനുകൾ നേടി 2020-21-ൽ ഇത് കമ്മീഷൻ ചെയ്യും. ഈ പുതിയ ഫാക്ടറിയുടെ പൂർത്തീകരണത്തിന് 10 കോടി രൂപ അധികമായി വകയിരുത്തുന്നു. എക്സൽ ഗ്ലാസിലെ തൊഴിലാളികൾക്ക് അഡ്വാൻസായി നഷ്ടപരിഹാരം നൽകുന്നതിനുള്ള 4 കോടി രൂപ ചെലവഴിച്ചിട്ടില്ല. ഈ തുക 2020-21-ൽ ലഭ്യമാക്കും.

58) പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള നിക്ഷേപ മടക്കം ഇടത്തരം, വൻകിട വ്യവസായ മേഖലയ്ക്കുള്ള അടങ്കൽ 468 കോടി രൂപയാണ്. ഇതിൽ 109 കോടി രൂപ കെഎസ്ഐഡിസിക്കും, 92 കോടി രൂപ കിൻഫ്രയ്ക്കുമാണ്. കഴിഞ്ഞ ബജറ്റിൽ പരാമർശിച്ച എല്ലാ വ്യവസായ

പാർക്കുകളുടെയും നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

**പ്രവാസി നിക്ഷേപവും സുരക്ഷയും**

59) പ്രവാസികളുടെ നിർവ്വചനത്തിലും നികുതിയിലും കേന്ദ്രബജറ്റ് വരുത്തിയ മാറ്റം നമുക്ക് വലിയൊരു തിരിച്ചടിയാണ്. രാജ്യത്തിന്റെ വ്യാപാര കമ്മി നികത്തുന്നതിൽ ഏറ്റവും വലിയ സംഭാവന ചെയ്യുന്ന പ്രവാസികൾക്ക് അർഹിക്കുന്ന പരിഗണന നൽകാൻ കേന്ദ്ര സർക്കാർ തയ്യാറല്ല. സർ, പ്രവാസി വകുപ്പിനുള്ള വകയിരുത്തൽ 2019-20-ൽ 30 കോടി രൂപയായിരുന്നത് 90 കോടി രൂപയായി ഉയർത്തുന്നു. കഴിഞ്ഞ വർഷം ബജറ്റിൽ പറഞ്ഞതിനു പുറമേ 36 കോടി രൂപ കൂടി അനുവദിക്കുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷക്കാലം പ്രവാസികൾക്കായി നീക്കിവച്ചത് 82 കോടി രൂപ മാത്രമാണ്.

60) തിരിച്ചു വരുന്ന പ്രവാസികളുടെ പുനരധി വാസത്തിനാണ് ഏറ്റവും വലിയ മുൻഗണന നൽകുന്നത്.

- **സാന്ത്വനം സ്കീമിന് 27 കോടി രൂപ. സഹായങ്ങൾ ലഭിക്കുന്നതിനുള്ള കുടുംബ വരുമാന പരിധി 1ലക്ഷം രൂപയിൽ നിന്നും 1.5ലക്ഷമായി ഉയർത്തുന്നു.**
- **പ്രവാസി ക്ഷേമനിധിക്ക് 9 കോടി രൂപ.**
- **ചെറുകിട സംരംഭകർക്ക് മൂലധന സബ്സിഡിയും, നാലു വർഷത്തേയ്ക്ക് പലിശ സബ്സിഡിയും നൽകുന്നതിന് 18 കോടി രൂപ.**
- **വിദേശത്ത് സ്ഥിരതാമസമാക്കിയിട്ടുള്ള മലയാളി കുടുംബങ്ങളിലെ വയോജന ങ്ങൾക്കുവേണ്ടി സാധാരണ നിലയിൽ വിദേശത്ത് ലഭ്യമാകുന്ന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടുള്ള കെയർഹോം അഥവാ ഗാർഡൻ ഓഫ് ലൈഫ് പദ്ധതി. ഇതിനുള്ള കമ്പനിക്ക് നോർക്ക ഓഹരിയായി ആദ്യ യൂണിറ്റിന് അഞ്ചേക്കർ ഭൂമി ലഭ്യമാക്കും.**
- **നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന് 2 കോടി രൂപ.**

**61) വിദേശജോലിക്ക് പ്രോത്സാഹനങ്ങൾ നൽകും.**

- **വിദഗ്ദസംഘത്തിന്റെ സഹായത്തോടെ ജോബ് പോർട്ടൽ സമഗ്രമാക്കുന്നതിന് 1 കോടി രൂപ.**
- **വൈദഗ്ധ്യ പോഷണത്തിന് 2 കോടി രൂപ.**
- **10000 നേഴ്സുമാർക്ക് വിദേശ ജോലിക്ക് ക്രാഷ് ഫിനിഷിംഗ് കോഴ്സിനു 5 കോടി രൂപ. വിവിധ വിദേശഭാഷകളിൽ പരിശീലനം, ഓരോ രാജ്യവും നിഷ്കർഷിക്കുന്ന ഭാഷാ പ്രാവീണ്യം വെളിവാക്കുന്ന സർട്ടിഫിക്കേഷൻ,സാങ്കേതിക പുനപരിശീലനം ഐടി സ്കിൽ, സോഫ്ട് സ്കിൽ തുടങ്ങിയവ ഉൾപ്പെടുന്നതാവും ഫിനിഷിംഗ് സ്കൂൾ. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നൈപുണി വികസന സംരംഭമായ അസാപ്പിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുക.**

**62) വിദേശത്തുള്ള പ്രവാസികൾക്കുള്ള സഹായ പരിപാടി.**

- **24 മണിക്കൂർ ഹെൽപ്പ് ലൈനിനും, ബോധവൽക്കരണത്തിനും പ്രവാസി ലീഗൽ എയ്ഡ് സെല്ലിനും കൂടി 3 കോടി രൂപ.**
- **പ്രവാസി സംഘടനകൾക്ക് ധനസഹായത്തിന് 2 കോടി രൂപ.**
- **എയർപോർട്ട് ആംബുലൻസിനും എയർപോർട്ട് എവാക്യേഷനുംകൂടി 1.5 കോടി രൂപ**
- **ഇന്റർനെറ്റ് റോഡിയോ, മലയാള മിഷൻ പഠന കേന്ദ്രങ്ങളിൽ ഗ്രന്ഥശാലകൾ, മലയാളം പഠിക്കുന്നതിനുള്ള ഓൺലൈൻ കോഴ്സ് എന്നിവയ്ക്കായി മലയാളം മിഷന് മൂന്നുകോടി രൂപ**

**63) ലോക കേരളസഭയ്ക്കും ലോക സാംസ്കാരിക മേളയ്ക്കും 12 കോടി രൂപ.**

**64) പ്രവാസികളുടെ സമ്പാദ്യ സമാഹരണവും ക്ഷേമവും മുൻനിർത്തി ആരംഭിച്ചിട്ടുള്ള രണ്ട് പ്രമുഖ സ്കീമുകളാണ് പ്രവാസി ഡിവിഡന്റും പ്രവാസി ചിട്ടിയും. 2020-21 ൽ ഇവ രണ്ടും പൂർണ്ണ പ്രവർത്തനപഥത്തിലെത്തും.**

- പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപത്തിന് 10 ശതമാനം പ്രതിമാസ ഡിവിഡന്റ് സർക്കാർ സബ്സിഡിയോടുകൂടി ഗ്യാരണ്ടി ചെയ്യുന്നു.
- പ്രവാസി ചിട്ടിയിലാകട്ടെ, ചിട്ടിയുടെ എല്ലാവിധ ആനുകൂല്യങ്ങൾക്കൊപ്പം പ്രവാസികൾക്ക് ഇൻഷ്വറൻസിന്റെയും പെൻഷന്റെയും ആനുകൂല്യങ്ങളും ഉറപ്പുനൽകും. വിദേശ മലയാളികൾക്ക് കേരളത്തിലെ പ്രോജക്ടുകൾ സ്പോൺസർ ചെയ്യാം. കേരളത്തിലെ ചാരിറ്റിക്ക് പ്രോത്സാഹനത്തുകയും പ്രവാസി സംഘടനകൾക്ക് ലഭ്യമാക്കും.

## കേരള ബാങ്ക്

65) കേരള ബാങ്ക് യാഥാർത്ഥ്യമായി.കഴിഞ്ഞ മൂന്നു വർഷങ്ങളായി ജാഗ്രതയോടെ നടത്തിയ നിരന്തര പരിശ്രമങ്ങളുടെ ഫലമാണ് ഈ വലിയ നേട്ടം. ജില്ലാ സഹകരണ ബാങ്കുകളുടെ നിയമപരമായ ലയനം നടന്നു കഴിഞ്ഞു. ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും സോഫ്റ്റ് വെയർ ഏകീകരണവും ദ്രുതഗതിയിൽ

പുരോഗമിക്കുന്നു. ജീവനക്കാരുടെ വിന്യാസവും സർക്കാർ പരിഗണനയിലാണ്.

66) ഇന്ന് ഒരു ലക്ഷം കോടി രൂപയുടെ ബിസിനസുള്ള കേരളത്തിലെ രണ്ടാമത്തെ ബാങ്കാണ് കേരള ബാങ്ക്. മൂന്നു ലക്ഷം കോടി രൂപയുടെ ബിസിനസും പ്രാഥമിക സഹകരണ സംഘങ്ങ ളടക്കം 5000 ടച്ച് പോയിന്റുകളുമാണ് നാം ലക്ഷ്യമിടുന്നത്.കേരളവുമായി ജൈവബന്ധമുള്ള ഇത്തരമൊരു ബാങ്കിംഗ് ശൃംഖല നമ്മുടെ ചെറുകിട ഇടത്തരം കാർഷിക കാർഷികേതര സംരംഭങ്ങൾക്ക് വലിയ താങ്ങായി മാറും. നാട്ടിലെ നിക്ഷേപത്തിൽ ഇത് വലിയൊരു കുതിപ്പ് സൃഷ്ടിക്കും. നാടിന്റെ സമ്പത്ത് നാടിന്റെ വികാസത്തിനും നേട്ടത്തിനുമായി വിനിയോ ഗിക്കപ്പെടും. റിസർവ് ബാങ്കിന്റെ എല്ലാ മാർഗനിർദ്ദേശങ്ങളും പാലിക്കുന്നതോടൊപ്പം സഹകരണ തത്ത്വങ്ങളിലും മൂല്യങ്ങളിലും ഉറച്ചുതന്നെയായിരിക്കും കേരള ബാങ്ക് മുന്നോട്ടു പോകുന്നത്. കേരള ബാങ്ക് ജനങ്ങളെ കൊള്ളയടിക്കില്ല എന്നതാണ് പ്രധാനനേട്ടം. അമിതമായ സർവീസ് ചാർജ്, ഫീസ്, പിഴ തുടങ്ങിയ രീതികളിൽ ജനങ്ങളെ പിഴിയുന്ന

രീതികൾ അവലംബിക്കുകയില്ല. നമ്മുടെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അവരുടെ അപ്പക്സ് ബാങ്കു വഴി കോർ ബാങ്കിംഗ് സംവിധാനത്തിൽ പങ്കാളിയാകുന്നതിനും എല്ലാവിധ ആധുനിക സാങ്കേതിക സേവനങ്ങളും ജനങ്ങൾക്ക് നൽകുന്നതിനും അവയെ പ്രാപ്തമാക്കും.

## III

## വികേന്ദ്രീകൃത സമീപനം

### ജനകീയാസൂത്രണം

67) അടുത്ത ആഗസ്റ്റ് മാസത്തിൽ ജനകീയാ സൂത്രണത്തിന്റെ 25-ാം വർഷത്തിലേയ്ക്ക് നാം കടക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ അധികാര വികേന്ദ്രീകരണ ത്തിൽ കേരളമാണ് ഇന്ത്യയിൽ ഒന്നാമത്. വൻകിട പശ്ചാത്തലസൗകര്യങ്ങൾക്കും നിക്ഷേപങ്ങൾക്കും കേന്ദ്രീകൃതമായ സംവിധാന ങ്ങൾക്കാണ് പ്രാമുഖ്യമെങ്കിൽ ജനകീയ പങ്കാളിത്തം അനിവാര്യമാകുന്ന ചെറുകിട ഉൽപ്പാദന മേഖലകൾ, സേവനത്തുറകൾ

എന്നിവിടങ്ങളിൽ അധികാര വികേന്ദ്രീകരണത്തിനാണ് ഊന്നൽ. ഇത്തരമൊരു ദ്വിമുഖ വികസനസമീപനമാണ് നാം സ്വീകരിക്കുന്നത്.

68) കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തെ വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ അവലോകനം ചെയ്യേണ്ടതുണ്ട്. 1996-ലെ വികസന റിപ്പോർട്ടിൽ വിഭാവനം ചെയ്ത എന്തെല്ലാം നേടി, നേടിയില്ല, പുതിയതായി ഏതെല്ലാം ദിശകളിലേയ്ക്ക് മുന്നേറി എന്നതൊക്കെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് ഓരോ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും തയ്യാറാക്കണം. റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കർമ്മസമിതികളെ മെയ് മാസത്തിൽ നിയോഗിക്കും. പുതിയ ഭരണസമിതികൾ ഈ റിപ്പോർട്ട് അംഗീകരിച്ചശേഷം വിപുലമായ പ്രാദേശിക ചർച്ചകൾക്കു വിധേയമാക്കും.

69) ഈ അനുഭവങ്ങൾ അവതരിപ്പിക്കുന്ന വിപുലമായ സംഗമം 2021 നവംബറിൽ കില സംഘടിപ്പിക്കുന്നതാണ്. 2000ലെ അന്തർദേശീയ സെമിനാറിൽ പങ്കെടുത്ത പണ്ഡിതന്മാർ, മറ്റു ഗവേഷകർ, ജനപ്രതിനിധികൾ, സന്നദ്ധ

പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ യെല്ലാം ഈ സംഗമത്തിൽ പങ്കെടുപ്പിക്കും. ഇതിന് 1 കോടി രൂപ അനുവദിക്കുന്നു.

**നമ്മൾ നമുക്കായി**

70) ജനകീയാസൂത്രണത്തിന്റെ 25-ാം വർഷത്തിൽ മറ്റൊരു ജനകീയ യജ്ഞത്തിന് കേരളം സാക്ഷ്യം വഹിക്കാൻ പോവുകയാണ്. കാലാവസ്ഥ വ്യതിയാനംമൂലമുള്ള ദുരന്ത പ്രതിരോധത്തിന് സമഗ്രമായ പ്രാദേശിക പദ്ധതികൾ രൂപപ്പെടുത്തും. ഇത്ര വിപുലമായ ഒരു പ്രാദേശിക ദുരന്തപ്രതിരോധ/പ്രതികരണ പരിപാടി ലോകത്ത് ആദ്യമായിട്ടാണ്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ പരിശീലനം പൂർത്തി യായി. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു മുമ്പായിറിപ്പോർട്ടുകളുടെ കരട് തയ്യാറാകും. 2018ലെയും 2019ലെയും പ്രകൃതി ദുരന്തങ്ങൾ നൽകിയ പാഠങ്ങളുടെ അടിസ്ഥാനത്തിൽ, സമാനമായ ദുരന്തങ്ങൾ ആവർത്തിച്ചാൽ ഓരോ വാർഡിലെയും പ്രതിരോധ പ്രവർത്തന ങ്ങളും മുൻകരുതലുകളും എന്തെല്ലാമെന്ന ഭാഗമാണ് ഈ റിപ്പോർട്ടിന്റെ ഏറ്റവും കാതലായ

വശം. ഇത് എല്ലാ ഗ്രാമസഭകളിലും ചർച്ച ചെയ്യും. ചർച്ചകളെ ആസ്പദമാക്കി ചില പ്രോജക്ടുകൾ എങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

നദി പുനരുജ്ജീവനം

71) സർ, പാലക്കാട് ജില്ലാ സ്കൂൾ യുവജനോത്സവത്തിൽ ഒറ്റപ്പാലം വാണിയംകുളം സ്കൂളിലെ ത്വാഹിത ഷിർ രചിച്ച ഒരു കവിതയിലെ വരികൾ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ,

"മരം

പുഴ

കാറ്റ്

ചരിത്ര ഗവേഷകരാണ് ചിതലരിച്ച് നശിച്ചു പോയ

ആ വാക്കുകൾ കണ്ടെത്തിയത്.

കണ്ടെത്തിയാൽ മാത്രം പോര

അർത്ഥം വ്യക്തമാക്കണം.

തല പുകഞ്ഞാലോചിച്ചു

ഗൂഗിളില് സെർച്ച് ചെയ്തു ......"

എന്നു തുടങ്ങുന്ന ഈ കവിത നമ്മുടെ തലമുറ പ്രകൃതിയോടു ചെയ്യുന്ന ദ്രോഹത്തോടുള്ള അടുത്ത തലമുറയുടെ നിശിതവിമർശനമാണ്. സർ, അടുത്ത തലമുറയ്ക്കുവേണ്ടി നമ്മുടെ നദികളെയും പ്രകൃതിയെയും സംരക്ഷിച്ചേ മതിയാകൂ.

72) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നദി പുനരുജ്ജീവന പദ്ധതികൾ ഹരിതമിഷൻ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോയിട്ടുണ്ട്. ഇതിന്റെ ഏറ്റവും ഉജ്ജ്വലമായ മാതൃകയാണ് കോട്ടയത്തെ മീനച്ചിലാർ പദ്ധതി. 1450 കിലോമീറ്റർ തോടുകളും പുഴകളും ഇതിനോടകം വൃത്തിയാക്കി. അടഞ്ഞുപോയ പല നീരൊഴുക്കുകളും തുറന്നു. 4000 ഏക്കർ തരിശ്ശിൽ കൃഷിയിറക്കി. കൈയ്യേറിയ 20 ഏക്കർ ഭൂമി തിരിച്ചു പിടിച്ചു. നൂതനമായ ജലടൂറിസം പദ്ധതികൾക്ക് തുടക്കംകുറിച്ചു. സർ, ഈ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തിയ രീതിക്ക് ദേശീയ

തലത്തിൽ അവാർഡ് ലഭിക്കുകയുണ്ടായി. തിരുവനന്തപുരത്തെ കിള്ളിയാറാണ് മറ്റൊരു ആവേശകരമായ അനുഭവം. ഇതുപോലുള്ള നദി പുനരുജ്ജീവന പദ്ധതികൾക്ക് അധിക സഹായമായി 20 കോടി രൂപ വകയിരുത്തുന്നു.

73) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകൾ ശുചീകരിച്ച് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഓരങ്ങൾക്ക് ജൈവസംരക്ഷണം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ഇന്ന് വ്യാപകമായി നടക്കുന്നുണ്ട്. ഹരിതമിഷന്റെ ആഭിമുഖ്യത്തിൽ മാത്രം രണ്ടു മീറ്ററിലേറെ വീതിയുള്ള 2000 കിലോമീറ്റർ തോടുകൾ ശുചീകരിച്ചു. സർ, സംസ്ഥാനത്തെ മൊത്തം തോടുകളുടെ നീളം 82000 കിലോമീറ്ററാണ്. ഇതിൽ 50000 കിലോമീറ്റർ തോടുകൾ 2020-21 അവസാനിക്കും മുമ്പ് ശുചീകരിക്കും.

74) കേന്ദ്രീകൃതമായ സെപ്റ്റേജ് പ്ലാന്റുകൾ അനിവാര്യമാണ്. ഇന്നു കേരളത്തിലെ കക്കൂസ് മാലിന്യാവശിഷ്ടം ഏതാണ്ട് പൂർണ്ണമായും ജലാശയങ്ങളിലേയ്ക്കാണ് ഒഴുകുന്നത്. ഇതിനു വിരാമമിടണം. സെപ്റ്റേജ് പ്ലാന്റുകൾ

സ്ഥാപിക്കുന്നതിന് സ്ഥലവും ജനസമ്മതിയും ഉറപ്പുവരുത്തുന്ന പഞ്ചായത്തുകൾക്ക് അവർ നിർദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വീതം പ്രത്യേക ഗ്രാന്റായി നൽകും.

75) തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി കിണറുകളുടെ റീചാർജ്ജിംഗും കുളങ്ങളുടെ നവീകരണവും വിപുലമായി ഏറ്റെടുക്കും. 2020-21ൽ 50000 കിണറുകൾ റീചാർജ്ജ് ചെയ്യും. 25000 കുളങ്ങൾ നവീകരിക്കുകയോ പുതിയതായി നിർമ്മിക്കുകയോ ചെയ്യും.

**ശുചിത്വ കേരളം**

76) ജലാശയങ്ങൾ മുഴുവൻ വൃത്തിയാക്കാൻ ഇനിയും പല വർഷങ്ങൾ വേണ്ടിവരും. പക്ഷെ, ഖരമാലിന്യ സംസ്കരണത്തിലെ ലക്ഷ്യം കൈയ്യെത്തും ദൂരത്താണ്. ഹരിത സംഗമം 2020ൽ എത്രയോ വ്യത്യസ്തങ്ങളായ മാതൃകകളും അനുഭവങ്ങളുമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവതരിപ്പിച്ചത്. 2021-ൽ 500 പഞ്ചായത്തുകളും തിരുവനന്തപുരമടക്കം 50 നഗരങ്ങളും ഖരമാലിന്യത്തിന്റെ കാര്യത്തിൽ

സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കും. ഇതിനായി കർശനമായ മാനദണ്ഡങ്ങൾ പാലിച്ചേപറ്റൂ. എല്ലാ വീടുകളിലെയും സ്ഥാപനങ്ങളിലെയും മാലിന്യം സ്രോതസ്സിൽ തന്നെ വേർതിരിക്കണം. ജൈവമാലിന്യം ഉറവിടത്തിലോ സമീപത്തോ സംസ്കരിക്കണം. അജൈവമാലിന്യം ഹരിതകർമ്മസേന വഴി ശേഖരിച്ച് റിസോഴ്സ് റിക്കവറി സെന്ററിൽ എത്തിക്കണം. പൊതുചടങ്ങുകളിലും പൊതു ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണം. നിരത്തുകൾ വൃത്തിയാകണം. ഡമ്പിംങ് കേന്ദ്രങ്ങൾ ഉണ്ടാകാൻ പാടില്ല. കേരളത്തിന്റെ പാതിപ്രദേശം ഇത്തരത്തിൽ മാറിയെന്നു പറയുന്നത് അഭിമാനകരമായ നേട്ടമായി ഞാൻ കരുതും. ഈ ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധമായും പദ്ധതിയിൽ പ്രോജക്ടും പണവും വകയിരുത്തിയേ തീരൂ. ക്ലീൻ കേരള കമ്പനിക്ക് റിവോൾവിംഗ് ഫണ്ടായി ശുചിത്വ മിഷൻ അടങ്കലിൽ നിന്നും 20 കോടി രൂപ ലഭ്യമാക്കുന്നതാണ്.

77) **നഗരങ്ങളിൽ ശുചിത്വ പരിപാടികളിൽ സുപ്രധാനസ്ഥാനം അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി വഹിക്കുന്നുണ്ട്. ഇതിനുള്ള അടങ്കൽ 100 കോടി രൂപയായി ഉയർത്തുന്നു.**

78) **2020-21ൽ 12000 പൊതുടോയ്‌ലറ്റുകൾ നിർമ്മിക്കും. നിലവിലുള്ള പെട്രോൾ പമ്പുകളിലെ ടോയ്‌ലറ്റുകളുടെ നവീകരണം, കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ, മറ്റു സർക്കാർ ഏജൻസികളും പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും സ്പോൺസർ ചെയ്യുന്നവയ്ക്കും പുറമേയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സ്ഥാപിക്കുന്ന പൊതുടോയ്‌ലറ്റുകൾ. സമ്പൂർണ്ണ ശുചിത്വ പദവി ലഭിക്കുന്നതിന് ഇത് അനിവാര്യ ഘടകമാണ്.**

**ഫലവൃക്ഷ-പച്ചക്കറി കാമ്പയിൻ**

79) **നവവത്സരദിനത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച ഫലവൃക്ഷ-പച്ചക്കറി കാമ്പയിനായിരിക്കും ജനകീയ ഹരിതമുന്നേറ്റത്തിന്റെ മൂന്നാമത്തെ ഇനം. പ്രതിവർഷം ഒരുകോടി ഫലവൃക്ഷ തൈകൾ വീതം നടുന്നതിനുള്ള ഒരു ദശവത്സര**

പരിപാടിയാണിത്. പ്രതിവർഷം 54 കോടി രൂപ ഇതിന് ചെലവുവരും. എന്നാൽ 10 വർഷംകൊണ്ട് 50000 കോടി രൂപയുടെ അധിക വരുമാനം ഇത് സംസ്ഥാനത്ത് സൃഷ്ടിക്കും. ഇതോടൊപ്പം വ്യാപകമായി റെയിൻ ഷെൽട്ടറുകൾ നിർമ്മിച്ച് പച്ചക്കറിയും പുഷ്പകൃഷിയും വ്യാപിപ്പിക്കും. ഇതിനുള്ള സാങ്കേതിക സഹായങ്ങളും നഴ്സറികളും മറ്റും ഉണ്ടാക്കുന്നതിന് കൃഷി വകുപ്പിന് പണം വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിന്നും 10 ശതമാനം ഈ ഹരിത കാമ്പയിനായി നീക്കിവയ്ക്കണമെന്ന നിബന്ധനയുണ്ടാകും. അങ്ങനെ ഫലവൃക്ഷ-പച്ചക്കറി വ്യാപനത്തിന് 2020-21-ൽ ഏതാണ്ട് 1,000 കോടി രൂപ ചെലവഴിക്കും. ഹരിതകേരളം മിഷന് 7 കോടി രൂപ വകയിരുത്തുന്നു.

**ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP)**

80) പ്രാദേശിക സംരംഭങ്ങളിലൂടെ പ്രതിവർഷം 1.5 ലക്ഷം പേർക്ക് കാർഷികേതര മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ആരംഭിക്കുന്ന

താണ്. ആയിരം പേർക്ക് ഒരാളിനെന്ന തോതിൽ തൊഴിലുകൾ സൃഷ്ടിക്കണം. ഇവ കുടുംബശ്രീ, സഹകരണ സംഘം, സ്വകാര്യ സംരംഭകർ എന്നിവർ മുഖേന ആകാവുന്നതാണ്. ഇതു സംബന്ധിച്ച ഒരു പ്രത്യേക പരിപാടി എല്ലാ പ്രാദേശിക പദ്ധതിരേഖകളിലും ഉൾപ്പെടു ത്തേണ്ടതാണ്. പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങൾ, കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മറ്റു ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയെല്ലാം ഈ സംരംഭങ്ങളിൽ ഉൾപ്പെടുത്താം. ഇതിന് ആവശ്യമായ ധനസഹായം പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംരംഭകത്വ പരിശീലന ത്തിനും വിപണനത്തിനുമുള്ള പിന്തുണ നൽകേണ്ടതാണ്. ഇപ്പോൾ സ്റ്റാർട്ട് അപ്പ് മിഷൻ കേന്ദ്രീകരിക്കുന്നത് ഐറ്റി മേഖലയിലാണ്. ചെറുകിട കാർഷിക സംസ്കരണ സംരംഭങ്ങൾ, ഇലക്ട്രിക്കൽ - മെക്കാനിക്കൽ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ സ്റ്റാർട്ട് അപ്പുകൾക്കും പ്രത്യേക പ്രോത്സാഹനം നൽകും.

81) മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിന് സാങ്കേതിക സഹായം അനിവാര്യമാണ്.

പ്രദേശത്തുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഈ കാമ്പയിനുമായി ബന്ധപ്പെടുത്തും. എൻഎസ്എസ് യൂണിറ്റുകളെല്ലാം ഇതിൽ പങ്കാളികളാകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഒന്നും, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾക്ക് രണ്ടു വീതവും, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്തുകൾക്ക് മൂന്നു വീതവും യുവ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിക്കുന്നതാണ്. ഓണക്കാലത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മേൽപ്പറഞ്ഞ അഞ്ച് പരിപാടികളുടെയും പുരോഗതി റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്.

82) 2020-21-ൽ 12074 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തുന്നു.

- വികസന ഫണ്ട് 7158 കോടി രൂപ
- ജനറൽ പർപ്പസ് ഗ്രാന്റ് 1717 കോടി രൂപ
- മെയിന്റനൻസ് ഗ്രാന്റ് 2943 കോടി രൂപ
- അർബൻ സർവ്വീസ് ഡെലിവറി പദ്ധതിയുടെ 255 കോടി രൂപ

- **വികസനഫണ്ടിൽ 1221 കോടി രൂപ പട്ടികജാതി ഉപപദ്ധതിക്കും 183 കോടി പട്ടികവർഗ്ഗ ഉപപദ്ധതിക്കും.**

**83) ഇവയ്ക്കു പുറമെ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് 9100 കോടി രൂപകൂടി 2020-21-ൽ ലഭ്യമാകും.**

- **കേന്ദ്രാവിഷ്കൃത പദ്ധതികൾ 1411 കോടി രൂപ**
- **സംസ്ഥാനാവിഷ്കൃത പദ്ധതികൾ 1027 കോടി രൂപ**
- **മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതി 2400 കോടി രൂപ**
- **ഗ്രാമവികസനം 344 കോടി രൂപ**
- **നഗരവികസനം 1945 കോടി രൂപ**
- **ലൈഫ് മിഷൻ2000 കോടി രൂപ**

**84) ട്രഷറി നിയന്ത്രണങ്ങൾ തദ്ദേശഭരണ സ്ഥാപന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാ തിരിക്കുന്നതിന് പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. 2018-ലെ 20 ശതമാനവും 2019-ലെ**

30 ശതമാനവും പദ്ധതി വെട്ടിക്കുറവിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

**വിശപ്പുരഹിത കേരളം**

85) സർ, വിശക്കുന്നവനു ഭക്ഷണവും, ദാഹിക്കുന്ന വനു വെള്ളവും തണുക്കുന്നവനു പുതപ്പും തളരുന്നവനു കിടപ്പും എന്നാണ് സ്വാതന്ത്ര്യത്തിന് ബാലചന്ദ്രൻ ചുള്ളിക്കാട് നൽകിയ നിർവചനം. ഈ കാഴ്ചപ്പാടു തന്നെയാണ് സർക്കാരിനും. ലോക പട്ടിണി സൂചികയിൽ താഴേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന രാജ്യത്ത് വിശപ്പുരഹിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് ഒരു പദ്ധതി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനുവേണ്ടിയുള്ള സ്കീമിന് ഭക്ഷ്യവകുപ്പ് അവസാനരൂപം നൽകി. സന്നദ്ധസംഘടനകളും സ്ഥാപനങ്ങളും വഴിയാണ് പദ്ധതി നടപ്പാക്കുക. അവർ കിടപ്പുരോഗികൾക്കും മറ്റും സൗജന്യമായി ഭക്ഷണം വീട്ടിൽ എത്തിച്ചു കൊടുക്കാം. അല്ലെങ്കിൽ ഊണ് ഒന്നിന് പരമാവധി 25 രൂപ വിലയ്ക്ക് നൽകുന്നതിനുള്ള ഭക്ഷണശാലകൾ നടത്താം. 10 ശതമാനം ഊണ് എങ്കിലും സ്പോൺസർമാർ വഴി സൗജന്യമായി

നൽകണം. ഇതിനു തയ്യാറുള്ള സ്ഥാപനങ്ങൾക്ക് ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തി റേഷൻ വിലയ്ക്ക് അരിയും സഹായ വിലയ്ക്ക് പലവ്യഞ്ജനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകും. ഈയൊരു മാനദണ്ഡ ത്തിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ വിശപ്പുരഹിത മേഖലയായി ഏപ്രിൽ മാസം മുതൽ പ്രഖ്യാപിക്കുന്നതാണ്. 2020-21ൽ ഈ സ്കീം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിയും. ഇതിനു പ്രത്യേക ധനസഹായമായി 20 കോടി രൂപ വകയിരുത്തുന്നു. 25 രൂപയ്ക്ക് ഊണ് നൽകുന്ന 1000 ഭക്ഷണശാലകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭി ക്കുന്നതാണ്.

86) സിവിൽ സപ്ലൈസിന് പദ്ധതിയിൽ 62 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.1036 കോടി രൂപയാണ് ഭക്ഷ്യസബ്സിഡി. ഭക്ഷ്യസബ്സിഡിക്കും കമ്പോള ഇടപെടലിനുമായി ആവശ്യമനുസരിച്ച് അധിക ധനസഹായം പിന്നീട് ലഭ്യമാക്കും.

**സ്ത്രീ ശാക്തീകരണവും കുടുംബശ്രീ ബ്രാൻഡിംഗും**

87) സർ, ജൻഡർ ബജറ്റ് അവലോകന റിപ്പോർട്ടിന്റെ മുഖചിത്രം ഒൻപതാം ക്ലാസുകാരനായ തൃശ്ശൂരിലെ അനുജാത് വരച്ചതാണ്. സോഷ്യൽ മീഡിയയിൽ ഈ ചിത്രം വൈറൽ ആയിരുന്നു. ചിത്രത്തിന്റെ നിറക്കൂട്ടും മുഗൾശൈലിയെ അനുസ്മരിപ്പിക്കുന്ന കോമ്പോസിഷനും നമ്മുടെ കണ്ണുകളെ ആകർഷിക്കും. പക്ഷെ, എന്റെ മനസ്സിൽ തട്ടിയത് അതല്ല. അമ്മയുടെയും അയലത്തെ അമ്മമാരുടെയും കാണാപ്പണി കളാണ് അനുജാത് ചിത്രീകരിച്ചത്. സർ, സ്ത്രീയുടെ ദൃശ്യത ഉയർത്തുന്നതിൽ കുടുംബശ്രീ വലിയ സംഭാവനയാണ് കേരള ത്തിനു നൽകുന്നത്. 2016-17ൽ പൂർണ്ണമായും സ്ത്രീകൾക്കുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപയും പദ്ധതി അടങ്കലിന്റെ 4 ശതമാനവും മാത്രമായിരുന്നു. സർ, 2020-21ലെ ബജറ്റിൽ ഈ തുക 1,509 കോടി രൂപയായും, പദ്ധതി വിഹിതം 7.3 ശതമാനമായും ഉയർത്തുന്നു. മറ്റു സ്കീമുകളിൽ സ്ത്രീകൾ ക്കായുള്ള പ്രത്യേക ഘടകംകൂടി കണക്കിലെടുക്കുകയാണെങ്കിൽ മൊത്തം

വനിതാ വിഹിതം 18.4 ശതമാനമാണ്. 2017-18-ൽ ഇത് 11.5 ശതമാനമായിരുന്നു. ഈ സ്ത്രീ പരിഗണന കേരള സർക്കാരിന്റെ ബജറ്റ് ചെലവുകളുടെ മുഖമുദ്രയായിട്ടുണ്ട്.

88) കുടുംബശ്രീ 12 ഇനം സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ബ്രാൻഡ് അടിസ്ഥാനത്തിലുള്ള കേന്ദ്രീകൃത മാർക്കറ്റിംഗ് കൊണ്ടുവരുമെന്ന് കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നു. ഇതിന്റെ ഭാഗമായി കുട, നാളികേര ഉൽപ്പന്നങ്ങൾ, കറിപ്പൊടികൾ തുടങ്ങിയവ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പൊതുവായ പേരിൽ ഉൽപ്പാദിപ്പിച്ച് സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകൾ വഴി വിൽക്കുന്നതിന് കരാർ ഉണ്ടാക്കി. കേരള ചിക്കൻ മാർക്കറ്റിൽ ഇറങ്ങി. ഇതിനകം 1000 കോഴി വളർത്തൽ യൂണിറ്റുകൾ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ന്യൂട്രിമിക്സ് ബ്രാൻഡിൽ പൊതുപോഷക ഭക്ഷണങ്ങൾ വിപണിയിലെത്തിച്ചു. 212 കരകൗശല ഉൽപ്പന്നങ്ങൾ ഓൺലൈനായി വിപണിയിലിറക്കി. 275 വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, 206 മൾട്ടി ടാസ്ക് ടീമുകൾ, 76 ഈവന്റ് മാനേജ്മെന്റ് ടീമുകൾ

**എന്നിവയും തുടങ്ങി. 100-ൽപ്പരം ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾക്ക് കരാറായി.**

**സർ,**

**ജരാനരകൾ ബാധിച്ച്**

**പുറംകവർ പൊളിഞ്ഞ**

**വായിക്കപ്പെടാത്ത ആത്മകഥ എന്നാണ് വിജില ചിറപ്പാട് സ്ത്രീജിവിതത്തെ വിലയിരുത്തുന്നത്. ഈ അവസ്ഥ തിരുത്തിക്കുറിക്കുക ഏതൊരു ആധുനിക സമൂഹത്തിന്റെയും സുപ്രധാന കടമ.**

**89) മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ കൂടുതൽ ശക്തപ്പെടുത്തുന്നതിനോടൊപ്പം 2020-21-ൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കുടുംബശ്രീക്കായി നിശ്ചയിക്കുന്നു.**

- **എല്ലാ നഗരങ്ങളിലും ഷീ ലോഡ്ജ് സംരംഭങ്ങൾ.**
- **200 കേരള ചിക്കൻ ഔട്ട്ലെറ്റുകൾ.**
- **ഹരിതകർമ്മ സേനകളുമായി യോജിച്ച് 1000 ഹരിത സംരംഭങ്ങൾ.**

- **പ്രതിദിനം 30000 രൂപ ടേണോവറുള്ള 50 ഹോട്ടലുകൾ.**
- **1000 വിശപ്പുരഹിത പദ്ധതി ഹോട്ടലുകൾ.**
- **500 ടോയ്ലറ്റ് കോംപ്ലക്സുകളുടെ നടത്തിപ്പ്.**
- **5000 പുതിയ തൊഴിൽസംരംഭങ്ങൾ.**
- **ആലപ്പുഴ മാതൃകയിൽ 14 ട്രൈബൽ മൈക്രോ പ്രോജക്ടുകൾ.**
- **20000 ഏക്കറിൽ ജൈവസംഘകൃഷി.**
- **500 ജൻഡർ റിസോഴ്സ് സെന്ററുകൾ.**
- **കോഴിക്കോട് മാതൃകയിൽ എല്ലാ ജില്ലകളിലും ഹോം ഷോപ്പുകൾ.**
- **കുടുംബശ്രീ ഇന്റേൺഷിപ്പ് പ്രോഗ്രാം.**
- **നാല് ശതമാനം പലിശയ്ക്ക് 3000 കോടി രൂപയുടെ ബാങ്ക് വായ്പ.**

**90) കുടുംബശ്രീക്ക് 250 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ റീബിൽഡ് കേരളയിൽ നിന്ന് ഉപജീവനസംരംഭങ്ങൾക്കായി 200 കോടി**

രൂപകൂടി ലഭ്യമാകും. തദ്ദേശഭരണ സ്ഥാപന ങ്ങളിൽ നിന്നുള്ള ധനസഹായമടക്കം 600 കോടി രൂപയാണ് കുടുംബശ്രീയുടെ മൊത്തം ബജറ്റ്. ഇതിനുപുറമേ നഗരങ്ങളിലെ 950 ഓളം കോടി രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളും കുടുംബശ്രീ വഴിയാണ് നടപ്പിലാക്കുന്നത്.

91) കേന്ദ്രാവിഷ്കൃത സ്കീമുകളടക്കം 1053 കോടി രൂപയാണ് സ്ത്രീകളുടെ കുട്ടികളുടെയും വകുപ്പിന്റെ അടങ്കൽ.

“പെൺകുഞ്ഞുങ്ങളുടെ അത്ഭുതലോകങ്ങളും വിസ്മയങ്ങളും ഇല്ലായ്മ ചെയ്യപ്പെടുന്ന ക്രൂരകൃത്യത്തിൽ പ്രതിയാകുന്നത് ഒരു വ്യക്തിയല്ല, സമൂഹം മൊത്തമാണ് ” എന്ന് ഡോ. ശാരദക്കുട്ടി ഈ സമൂഹത്തെ ജാഗ്രത പ്പെടുത്തുന്നുണ്ട്.

സർ, സ്ത്രീകളും കുഞ്ഞുങ്ങളും അനുഭവിക്കുന്ന എല്ലാത്തരം അടിച്ചമർത്തലുകൾക്കും പരിഹാര മുണ്ടാക്കേണ്ട ഉത്തരവാദിത്തം സമൂഹത്തിനും സർക്കാരിനുമുണ്ട് എന്ന ബോധ്യത്തോടെ യുള്ളതാണ് ബജറ്റിന്റെ സമീപനം. നിർഭയ

ഹോമുകളുടെ പരിപാലനത്തിനുള്ള സഹായം 10 കോടി രൂപയായി ഉയർത്തുന്നു.

- കെട്ടിടസൗകര്യങ്ങളും കുട്ടികളുമില്ലാത്ത അങ്കണവാടികളെ സംയോജിപ്പിച്ച് പകൽ മുഴുവൻ പ്രവർത്തിക്കുന്ന മാതൃകാ കേന്ദ്രങ്ങളാക്കും.

- വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ യാത്രക്കാരികൾക്ക് സുരക്ഷിത മുറികൾ ഒരുക്കും.

- തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി സൗകര്യമൊരുക്കും.

- സ്മാർട്ട് അങ്കണവാടി പദ്ധതിതുടരും.

- സ്ത്രീകൾ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കളുടെ വിപണനത്തിനായി ജൻഡർ പാർക്കിൽ ഇന്റർനാഷണൽ ട്രേഡ് സെന്റർ ആരംഭിക്കും.

സർ,

ഉയിരിനെപ്പൂട്ടിയ
ചങ്ങലകൾ
എങ്ങനെയാണ് അറുത്തുമാറ്റേണ്ടത്

എന്ന് ഗിരിജ പാതേക്കര സന്ദേഹിക്കുന്നുണ്ട്. ദൃശ്യവും അദൃശ്യവുമായ എല്ലാ ചങ്ങലകളിൽ നിന്നും സ്ത്രീയെ മോചിപ്പിക്കുക എന്നത് ഇടതുപക്ഷ സർക്കാരിന്റെ ഏറ്റവും സുപ്രധാന ദൗത്യമാണ്.

**സമ്പൂർണ്ണപാർപ്പിടം**

92) 2020-21ൽ ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനം ആരംഭിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കും പട്ടികവിഭാഗങ്ങൾക്കും 40000 വീടുകൾ ലഭ്യമാക്കും.മറ്റൊരു 60000 പേർക്കുകൂടി വീട്/ഫ്ലാറ്റ് നൽകും. ഭൂരഹിതരായ ഭവനരഹിതർക്ക് ഭൂമി നൽകുന്നതിനാണ് ഈ ഘട്ടത്തിൽ ഊന്നൽ. ഭൂമി ലഭ്യമായ ഇടങ്ങളിൽ അവർക്ക് ഭൂമിയും വീടും നൽകും. മറ്റിടങ്ങളിൽ ഫ്ലാറ്റുകൾ പണിയുന്നതിനാണ് ഉദ്ദേശം. ഇതിനുള്ള ഭൂമി എല്ലാ ജില്ലകളിലും കണ്ടെത്തി.

10 ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.

93) ഹൗസിംഗ് വകുപ്പിന് 61 കോടി രൂപയാണ് വകയിരുത്തൽ. ഇതിൽ 45 കോടി രൂപയും ഹൗസിംഗ് ബോർഡിനാണ്. ഗൃഹശ്രീ, വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ, ആശ്വാസ് കേന്ദ്രങ്ങൾ, ഭവനരഹിതർക്കുള്ള പുതിയ പാർപ്പിട പദ്ധതികൾ, കോഴിക്കോട് സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വാടക ഫ്ലാറ്റുകൾ എന്നിവയാണ് പ്രധാന പദ്ധതികൾ. വളവനാട്ടെ ഹൗസിംഗ് ബോർഡ് ഭൂമി സർക്കാർ പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതാണ്. ഇതിനു നൽകുന്ന വിലയുംമേൽപറഞ്ഞ സ്കീമുകളുടെ വിപുലീകരണത്തിന് ഉപയോഗപ്പെടുത്താം.

വിദ്യാഭ്യാസ മികവിലേയ്ക്ക്

94) സർ, സച്ചിദാനന്ദന്റെ ഒരിന്ത്യൻ വിദ്യാർത്ഥിയുടെ ആത്മഗതം എന്ന കവിതയിൽ കുസൃതിയും വിശുദ്ധിയും നിറഞ്ഞ കുട്ടികളുടെ മനസുകളിലൂടെ സ്വപ്നം നിക്ഷേപിച്ചൊഴുകുന്ന ഒരു സുവർണനദിയെ പരാമർശിക്കുന്നുണ്ട്. അഭിമാനത്തോടെ പറയട്ടെ, കേരളത്തിലെ

പൊതുവിദ്യാലയങ്ങളിൽ മികവിന്റെ സ്വപ്നം വിതച്ചൊഴുകുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന സുവർണ നദി. വിദ്യാഭ്യാസ മേഖലയിലെ പുതിയ ഉണർവ്വിന്റെ പ്രധാന ഘടകം പൊതുവിദ്യാഭ്യാസ രംഗത്തെ സൗകര്യങ്ങളുടെ വിപുലീകരണമാണ്. സർ, കുട്ടികളുടെ സർഗശേഷി പ്രകടിപ്പിക്കാൻ എന്തെന്തു സാധ്യതകളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സൃഷ്ടിക്കപ്പെട്ട സംവിധാനങ്ങൾ വഴി സാധ്യമായിരിക്കുന്നത്? സ്കൂൾ വിക്കിയുടെ പേജിൽ നിങ്ങൾക്ക് മീനങ്ങാടി ഹയർ സെക്കൻഡറി സ്കൂളിലെ ഫൈഖ ജാഫർ എഴുതിയ “ഷെൽഫിലെ പുസ്തകങ്ങൾക്ക് പറയാനുണ്ട്” എന്ന കവിത വായിക്കാം. കവിതയിലെ

“ജീവിതം തന്നെയും

കടലാസു തുണ്ടിലേ

ലേയ്ക്കക്ഷരമായി തളച്ചുവെച്ചു

കരിയുഗത്തിൻ കഥകൾ പറഞ്ഞീടാൻ

ആൻ, അവൾ കാത്തിരിപ്പതുണ്ടേ”

എന്ന വരികൾ വായിക്കുമ്പോൾ നമ്മുടെ പൊതുവിദ്യാലയത്തിലെ ഒരു പത്താംക്ലാസ് കുട്ടിയുടെ വായനയിലേയ്ക്കും ചിന്തകളി ലേയ്ക്കുമുള്ള താക്കോലാണ് തുറന്നു കിട്ടുന്നത്. കുട്ടികളുടെ സർഗ്ഗാത്മക പരിപോഷിപ്പിക്കുന്ന തരത്തിൽപൊതുവിദ്യാലയങ്ങൾ നവീകരിക്കും. കിഫ്ബി, പ്ലാൻ ഫണ്ട്, എംഎൽഎ, എംപി ഫണ്ടുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുടങ്ങിയവയിൽ നിന്ന് ഏതാണ്ട് 3,500 കോടി രൂപയുടെ 80 ലക്ഷം ചതുരശ്രയടി കെട്ടിടങ്ങളാണ് നിർമ്മാണത്തിലിരിക്കുന്നത്.ഈ നവീകരണത്തിന് ചരിത്രത്തിൽ സമാനതകളില്ല. എയ്ഡഡ് സ്കൂളുകളിൽ ചലഞ്ച് ഫണ്ടായി 20 കോടി രൂപ നൽകിക്കഴിഞ്ഞു. ഈ പദ്ധതി 2020-21-ലും തുടരും.

95) പൊതുവിദ്യാഭ്യാസ മേഖലയുടെ മൊത്തം അടങ്കൽ 19,130 കോടി രൂപയാണ്. അക്കാദമിക നിലവാരം ഉയർത്തുന്നതിനും അനുബന്ധ വിദ്യാഭ്യാസ പരിപാടികൾക്കുള്ള എല്ലാ സ്കീമുകളും തുടരും. ചുവടെപ്പറയുന്ന പുതിയ പരിപാടികളും ഏറ്റെടുക്കുന്നതാണ്.

- **പുതിയ കെട്ടിടങ്ങളിൽ പുതിയ ഫർണീച്ചറിനു വേണ്ടിയുള്ള ഒരു സ്കീമിനു രൂപം നൽകുന്നതാണ്. പഴയ ഫർണീച്ചറുകൾ പുനരുപയോഗിക്കും.**
- **ഘട്ടം ഘട്ടമായി മുഴുവൻ സ്കൂളുകളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കും.**
- **സ്കൂൾ ക്ലസ്റ്ററുകളിൽ സർഗ്ഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ടാലന്റ് സ്കീമിന് രൂപം നൽകും.**
- **ശ്രദ്ധ സ്കീമുകൾ വിപുലീകരിക്കും.**
- **ലാബുകൾ നവീകരിക്കും.**
- **സ്കൂൾ യൂണിഫോം അലവൻസ് 400 രൂപയിൽ നിന്നും 600 രൂപയായി ഉയർത്തുന്നു.**
- **പ്രതിഭാതീരം പദ്ധതി വ്യാപിപ്പിക്കും.**
- **പ്രീ-പ്രൈമറി അധ്യാപകരുടെ അലവൻസ് 500 രൂപ വർദ്ധിപ്പിക്കുന്നു.**
- **പാചകത്തൊഴിലാളികളുടെ കൂലി 50 രൂപ ഉയർത്തുന്നു.**

**സാർവ്വത്രികആരോഗ്യസുരക്ഷാ പദ്ധതി**

96) 41.37 ലക്ഷം കുടുംബങ്ങൾക്ക് 5ലക്ഷം രൂപ വരെ കിടത്തി ചികിത്സാ ആനുകൂല്യം ലഭിക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരളത്തിൽ നടപ്പാക്കി. ഇതിന് വരുന്ന ചെലവ് 700 കോടി രൂപയാണ്. എന്നാൽ കേന്ദ്രസഹായമായി ലഭിക്കുന്നത് 140 കോടി രൂപ മാത്രമാണ്. ഇതിനോടൊപ്പം തന്നെ ഇൻഷ്വറൻസ് സ്കീമിന് പുറത്തുള്ളതും മറ്റ് ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടാത്തതുമായിട്ടുള്ള കുടുംബങ്ങൾക്ക് പഴയ കാരുണ്യ സ്കീമിന്റെ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാക്കും.

97) ആർദ്രം പദ്ധതിയുടെ ഭാഗമായി 350 പ്രാഥമിക ആശുപത്രികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. ഇവിടങ്ങളിൽ ഉച്ചകഴിഞ്ഞും ഒപി ഉണ്ട്. ലാബും ഫാർമസിയും ഉണ്ട്. ദ്വിതീയ, ത്രിതീയ ആശുപത്രികളുടെ നവീകരണം യുദ്ധാകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. താമസംവിന കേരളത്തിലെ ക്യാൻസർ രോഗികളുടെ 80 ശതമാനം പേർക്കും പൊതുആരോഗ്യ മേഖലയിൽ ചികിത്സ

ലഭ്യമാക്കാനാകും. എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി വകുപ്പും എല്ലാ താലൂക്ക് ആശുപത്രികളിലും ട്രോമകെയറും ഡയാലിസിസ് യൂണിറ്റുകളും ആരംഭിച്ചു കൊണ്ടിരിക്കുകയാണ്.

98) പാലിയേറ്റീവ് നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. കേരളം മുഴുവൻ പന്തലിച്ചിട്ടുള്ള ഒരു ജനകീയ ആരോഗ്യതലമായി പാലിയേറ്റീവ് ശൃംഖല മാറിയിട്ടുണ്ട്. ഈ ജനകീയ ഇടപെടൽ രോഗപ്രതിരോധ പ്രവർത്തനങ്ങളിലേയ്ക്കും രോഗാതുരത മോണിറ്റർ ചെയ്യുന്നതിലേയ്ക്കും വ്യാപിപ്പിക്കണം. സബ്സെന്ററുകളും അവിടുത്തെ എകസ്റ്റൻഷൻ പ്രവർത്തകരും ആശ പ്രവർത്തകരോടൊപ്പം സന്നദ്ധപ്രവർത്തകരും ചേർന്ന് ആരോഗ്യസേന ഈ ചുമതല ഏറ്റെടുക്കും. ഇതിലൂടെ മാത്രമേ ആർദ്രം മിഷൻ ഒരു ജനകീയ പ്രസ്ഥാനമായി മാറൂ.

99) ഇത്തരത്തിൽ മുഴുവൻ ജനങ്ങളുടെയും ആരോഗ്യനിലയെക്കുറിച്ച് ഡാറ്റാബെയ്സ് ഉണ്ടാക്കുകയും, സ്ക്രീൻ ചെയ്ത് രോഗികളെ നിർണ്ണയിക്കുകയും, ചികിത്സ നൽകുകയും,

രോഗപ്രതിരോധന പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുകയും, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കടക്കം സാന്ത്വനപരിചരണ നടത്തുകയും ചെയ്യുന്ന തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നതിന് 10 കോടി രൂപ അധികമായി വകയിരുത്തുന്നു. ആശ പ്രവർത്തകരുടെ ഹോണറേറിയം 500 രൂപ വർദ്ധിപ്പിക്കുന്നു.

100) സാന്ത്വന ചികിത്സയ്ക്കും എൽഡർ കെയറിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായ ത്തോടെ സമഗ്രമായ ഒരു പിന്തുണാ സംവിധാനം ഒരുക്കും. രോഗികൾ ഓട്ടോമാറ്റഡ് ക്യാമറയുടെ നിരീക്ഷണത്തിലായിരിക്കും. നിർമ്മിതബുദ്ധി യുടെ സഹായത്തോടെ അവരുടെ അസ്വഭാവിക മായിട്ടുള്ള ചലനങ്ങളും മറ്റും ഏറ്റവുമടുത്ത സാന്ത്വന കേന്ദ്രത്തിലോ ആരോഗ്യ പ്രവർത്ത കനോ ലഭ്യമാകും. രക്തസമ്മർദ്ദം, നാഡിമിടിപ്പ്, ഓക്സിജൻനില തുടങ്ങി അടിസ്ഥാന ആരോഗ്യ സൂചകങ്ങൾ ഓട്ടോമാറ്റിക്കായി ആരോഗ്യ കേന്ദ്രത്തിൽ ലഭിക്കുന്നതിനുള്ള സംവിധാനവും ഇതിൽ ബന്ധിതമായിരിക്കും. ക്യാമറ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്ക്

എല്ലാംകൂടി ഒരു രോഗിക്ക് ഏകദേശം പതിനായിരം രൂപയാണ് ആവശ്യമായി വരുന്നത്. ഇതിന്റെ പൈലറ്റ് പരിപാടി ആലപ്പുഴയിലെയും കണ്ണൂരിലെയും തെരഞ്ഞെടുക്കപ്പെട്ട പാലിയേറ്റീവ് പ്രദേശങ്ങളിൽ നടപ്പിലാക്കും. ഇതിനായി 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

## IV

## പാക്കേജുകൾ

### തീരദേശ പാക്കേജ്

101) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 5000 കോടിയുടെ തീരദേശ പാക്കേജ് അഞ്ചു വർഷം കൊണ്ടാണ് നടപ്പിലാക്കുക. നടപ്പുവർഷം പദ്ധതിയിൽ മത്സ്യമേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് അടക്കം 380 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ കിഫ്ബി വഴി 2020-21-ൽ 750 കോടി രൂപയെങ്കിലും ചെലവഴിക്കും. സ്കൂളുകൾക്ക് 64 കോടി രൂപ, ആശുപത്രികൾക്ക് 201 കോടി രൂപ, കടൽഭിത്തിക്കും പുലിമുട്ടിനും 57 കോടി രൂപ, ഹാർബറുകൾക്ക് 209 കോടി രൂപ, ഫിഷ്

മാർക്കറ്റുകൾക്ക് 100 കോടി രൂപ, റോഡുകൾക്ക് 150 കോടി രൂപ എന്നിവയാണ് പദ്ധതികൾ. ചെത്തി, പരപ്പനങ്ങാടി ഹാർബറുകളുടെ നിർമ്മാണം ഈ വേനൽക്കാലത്ത് ആരംഭിക്കും. മറ്റുള്ള ഹാർബറുകൾക്ക് 50 കോടി രൂപ ബജറ്റിലുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി ഫിഷറീസ് മേഖലയിൽ280 കോടി രൂപ ചെലവിൽ 7000 വീടുകൾ നിർമ്മിക്കും. റീബിൽഡ് കേരളയിൽ നിന്നും തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് കുടുംബം ഒന്നിന് 10 ലക്ഷം രൂപ വീതം 2,450 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

102) മേൽപ്പറഞ്ഞവയിൽ ചില പദ്ധതികൾ പൂർത്തീകരിക്കാൻ പല വർഷങ്ങൾ എടുത്തേയ്ക്കാം. പിന്നീടുള്ള വർഷങ്ങളിൽ വരുന്ന ഇത്തരം ചെലവുകൾ മാറ്റി നിർത്തിയാലും 2020-21-ലെ തീരദേശ പാക്കേജിലെ അടങ്കൽ 1000 കോടി രൂപ വരും. ദൗർഭാഗ്യവശാൽ ഈ അഭൂതപൂർവ്വമായ വികസന ഇടപെടലിനെക്കുറിച്ച് വേണ്ടത്ര അറിവ് മത്സ്യമേഖലയിൽ ഇല്ല. ഇതുസംബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിലുള്ള

അവലോകന യോഗങ്ങൾ നടത്തുന്നതാണ്. ഓഖി ഫണ്ട് കൃത്യമായി ചെലവഴിക്കുക യുണ്ടായി. എന്നാലും അതിനെക്കുറിച്ച് പരാതികൾ ചില കോണുകളിൽ നിന്നും കേൾക്കാറുണ്ട്. അതുകൊണ്ട് ഓഖി ചെലവ് സംബന്ധിച്ച് ശ്രീമതി. അരുണാ റോയിയുടെ അധ്യക്ഷതയിൽ ഒരു സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതാണ്.

103) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇതര തൊഴിലുകൾ വികസിപ്പിക്കുന്നതിന് 15 കോടി രൂപയും മത്സ്യവിൽപ്പനക്കാരായ സ്ത്രീകൾക്ക് 6 കോടി രൂപയും വകയിരുത്തുന്നു. എല്ലാ ഹാർബറുകളിലും മത്സ്യം സൂക്ഷിക്കുന്ന തിനുള്ള മത്സ്യസംഭരണ കേന്ദ്രവും, ഓൺലൈൻ വിപണനവും മത്സ്യഫെഡ് വഴി നടപ്പാക്കുന്നതാണ്.

## കുട്ടനാട് പാക്കേജ്

104) കേരളത്തിലെ പ്രളയ പുനരധിവാസ പ്രവർത്തന ങ്ങളുടെ കാര്യക്ഷമതയ്ക്ക് ഒന്നാന്തരം ഉദാഹരണമാണ് കുട്ടനാട്. 2018-ലെ പ്രളയം കഴിഞ്ഞ് ഒരാഴ്ചകൊണ്ട് പകർച്ചവ്യാധിയോ

**അത്യാഹിതങ്ങളോ ഇല്ലാതെ 50000ത്തോളം കുടുംബങ്ങളിൽപ്പെട്ട 126054 പേരെയാണ് മാറ്റി പ്പാർപ്പിച്ചത്. 54066 കുടുംബങ്ങൾക്ക് 10,000 രൂപ വീതം നൽകി. 1920 വീടുകളാണ് പ്രളയത്തിൽ പൂർണ്ണമായും തകർന്നത്. ഇതിൽ 1880 വീടുകൾക്ക് പുനർനിർമ്മാണത്തിനുള്ള ആദ്യഗഡു സഹായം നൽകി. 627 വീടുകളുടെ പുനർനിർമ്മാണം പൂർത്തിയായി. ഭാഗീകമായി നാശനഷ്ടമുണ്ടായ 49083 വീടുകൾക്ക് അറ്റകുറ്റപ്പണികൾക്കായി 274 കോടി രൂപ നൽകി.കാർഷിക നഷ്ടപരിഹാരമായി 152 കോടി രൂപ വിതരണം ചെയ്തു.**

**105) കുട്ടനാടിന് 2400 കോടി രൂപയുടെ പാക്കേജ് പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. പ്രളയാനുഭവങ്ങൾകൂടി കണക്കിലെടുത്ത് രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കും.**

- **മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ കായലിന്റെ അടിത്തട്ട് പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുകയാണ് ആദ്യ നടപടി.**
- **ഇതോടൊപ്പം യന്ത്രസഹായത്തോടെ കായൽ ചതുപ്പുകളിലെ ചെളി കട്ടകുത്തി കായലിന്റെ**

ആവാഹശേഷി വർദ്ധിപ്പിക്കും. ഇവ രണ്ടിനു മായി 10 കോടി രൂപ വകയിരുത്തുന്നു.

- കായലിൽ നിന്നും തോടുകളിൽ നിന്നുംഎടുക്കുന്ന ചെളി ഉപയോഗപ്പെടുത്തി പുറംബണ്ട് വീതി കൂട്ടി, അനുയോജ്യമായ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ഉറപ്പിക്കുന്ന തിനുള്ള ഒരു ബൃഹത് പദ്ധതി കിഫ്ബിയുടെ കൂടി ധനസഹായത്തോടെ നടപ്പാക്കും. അനിവാര്യമായ സ്ഥലങ്ങളിലേ കല്ലും സ്ലാബും ഉപയോഗപ്പെടുത്തൂ.

106) പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴയിലെ കനാൽപ്പിയുടെ സഹായത്തോടെ നെടുമുടി പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടുകൂടി ഇത്തരമൊരു സമഗ്രപരിപാടി നടപ്പാക്കി വരികയാണ്. ഇതിന് 30 ലക്ഷം രൂപ പ്രത്യേക ധനസഹായമായി അനുവദിക്കുന്നു. തൊഴിലുറപ്പു തന്നെയാണ് ഇതിൽ പ്രധാനമായും ഉപയോഗ പ്പെടുത്തുന്നത്. കയർ കോർപ്പറേഷന്റെയും എൻസിആർഎംഐയുടെയും പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജിന്റെയും സഹായ ത്തോടെ ഗ്രാമപഞ്ചായത്ത്ഒരു പാടശേഖര

ത്തിന്റെ ബണ്ടുകൾ ചെളിയും കയർ ഭൂവസ്ത്രവും ഉപയോഗപ്പെടുത്തി പുനർ നിർമ്മിക്കും. അനുയോജ്യമായ സസ്യാവരണം സൃഷ്ടിക്കും. ഈ മാതൃകയിൽ കുട്ടനാട്മേഖല യിൽ മാത്രമല്ല, വേമ്പനാടിന്റെതീരത്തുള്ള എല്ലാ പഞ്ചായത്തുകളിലെയും തോടുകൾ ജനകീയ മായി ആഴം കൂട്ടുന്നതിനും ശുചീകരിക്കുന്നതിനു മുള്ള പദ്ധതി വരുന്ന വേനൽക്കാലത്ത് നടപ്പാക്കും.

107) കായൽത്തീരങ്ങളിലെപട്ടണങ്ങളുംഗ്രാമങ്ങളും മാലിന്യമുക്തമായാലേ കായൽ വൃത്തിയായി സൂക്ഷിക്കാനാകൂ. ആലപ്പുഴ പട്ടണത്തിൽ റോഡുകൾ പോലെ കനാലുകളും വൃത്തിയാക്കു ന്നതിനുള്ള ജനകീയ പരിപാടി ഈ വർഷം നല്ല പങ്കും പൂർത്തിയാകും. ആലപ്പുഴയിൽ നിന്നും മാലിന്യങ്ങൾ കായലിലേയ്ക്ക് വിസർജ്ജി ക്കുന്നത് അവസാനിപ്പിക്കും. സെപ്റ്റേജ് പ്ലാന്റുകൾഅടിയന്തിരമായി സ്ഥാപിക്കും.

108) കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണ പരിപാടികൾക്കായി ജലസേചന വകുപ്പിന് 74 കോടി രൂപ വകയിരുത്തുന്നു. പുറംബണ്ട്

നിർമ്മാണത്തിനും കായലിലെ ചെളി നീക്കം ചെയ്യുന്നതിനും ഇത് ഉപയോഗപ്പെടുത്തും. കൃഷിക്ക് 20 കോടി രൂപയും ഉൾനാടൻ മത്സ്യകൃഷിക്ക് 11 കോടി രൂപയും താറാവ് കൃഷിക്ക് 7 കോടി രൂപയും ഈ വർഷത്തെ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.അനുമതി നൽകിയതോ നിർമ്മാണം നടക്കുന്നതോ ആയ പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെയും റോഡുകളുടെയും അടങ്കൽ385 കോടി രൂപ വരും.മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ 50 കോടി രൂപയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ 50 കോടി രൂപകൂടി പ്രളയാനന്തര റോഡ് പുനരുദ്ധാരണത്തിനായി വകയിരുത്തുന്നു. അങ്ങനെ 750 കോടി രൂപയാണ് കുട്ടനാട്ടിൽ ബജറ്റിൽ നിന്നും ചെലവഴിക്കപ്പെടുക.

109) കുട്ടനാട് പാക്കേജിന്റെ ഭാഗമായി രണ്ടോ മൂന്നോ വർഷംകൊണ്ട് പൂർത്തിയാകുന്ന ഒട്ടേറെ പ്രധാന പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

- കുട്ടനാട് കുടിവെള്ള പദ്ധതി 291 കോടി രൂപ
- തോട്ടപ്പള്ളി സ്പിൽവേ 280 കോടി രൂപ

- **ആലപ്പുഴ – ചങ്ങനാശ്ശേരി എലവേറ്റഡ് റോഡ് 450 കോടി രൂപ**

- **പുളിങ്കുന്ന് ആശുപത്രി 150 കോടി രൂപ**

- **മറ്റു കിഫ്ബി പ്രോജക്ടുകൾ 541 കോടി രൂപ**

- **റീബിൽഡ് കേരളയിൽ നിന്ന് 200 കോടി രൂപ**

**110) തണ്ണീർമുക്കംബണ്ട്ഒരുവർഷത്തേക്കെങ്കിലുംതുറന്നുവച്ച്ഉപ്പുവെള്ളം കയറ്റി കുട്ടനാടിനെ ശുചീകരിക്കുന്നതിനുള്ള പദ്ധതി കുട്ടനാട് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചാലുടൻ ആരംഭിക്കും. പുതിയൊരു കാർഷിക കലണ്ടർ പാടശേഖര സമിതികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും വേണം.**

**വയനാട് പാക്കേജും ബ്രാന്റഡ് കാപ്പിയും**

**111) വയനാട് പാക്കേജിന്റെ കേന്ദ്രബിന്ദു കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മലബാർ കാപ്പിയും കാർബൺ ന്യൂട്രൽ വയനാട് പദ്ധതിയുമാണ്. ഇതിന് 500 കോടി രൂപയാണ് മൊത്തം ചെലവ് പ്രതീക്ഷിക്കുന്നത്.**

- **കിൻഫ്രയുടെ 100 ഏക്കറിൽ 150 കോടി രൂപയുടെ മെഗാഫുഡ് പാർക്ക് 2020-21-ൽ നിർമ്മാണം ആരംഭിക്കും. ഇവിടെയായിരിക്കും ബ്രാന്റഡ് കാപ്പിയുടെയും പഴവർഗ്ഗങ്ങളുടെയും പൊതുസംസ്കരണ സംവിധാനങ്ങൾ.**

- **പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് കാപ്പി പ്ലാന്റേഷൻ മേഖലയെ സൂക്ഷ്മ പ്രദേശങ്ങളായി തരംതിരിക്കുക, ഉചിതമായ പരിപാലന രീതികൾ ഉറപ്പുവരുത്തുക, പ്രൊഡ്യൂസർ സംഘങ്ങൾക്കു രൂപം നൽകുക എന്നിവയ്ക്കായി കൃഷി വകുപ്പിന് 13 കോടി രൂപ വകയിരുത്തുന്നു.**

- **കാപ്പിക്ക് ഡ്രിപ്പ് ഇറിഗേഷന് 10 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമെ സൂക്ഷ്മ ജലസേചന പദ്ധതിയിൽ4 കോടി രൂപയുണ്ട്.**

- **കാപ്പി ബ്രാൻഡ് ചെയ്യുന്നതിന് കാർബൺ ന്യൂട്രൽ പദ്ധതി വയനാടിനെ സഹായിക്കും. ഇപ്പോൾ കാർബൺ എമിഷൻ 15ലക്ഷം ടണ്ണാണ്. ഇതിൽ 13ലക്ഷം ടൺ കാർബൺ ആഗിരണം ചെയ്യാൻ നിലവിലുള്ള മരങ്ങൾക്ക്**

**കഴിയും. 60000 ടൺ കാർബൺ എമിഷൻ പഞ്ചായത്തുതല പദ്ധതികളിലൂടെ കുറയ്ക്കും.**

- **ബാക്കി കാർബൺ ആഗിരണം ചെയ്യുന്നതിന് 6500 ഹെക്ടർ ഭൂമിയിൽ മുള വച്ചുപിടിപ്പിക്കും. 70ലക്ഷം മരങ്ങളും നട്ടുപിടിപ്പിക്കും.**

- **മീനങ്ങാടി പഞ്ചായത്ത് മാതൃകയിൽ മൂന്നാം വർഷം മുതൽ മരം ഒന്നിന് 50 രൂപ വീതം വർഷംതോറും കൃഷിക്കാർക്ക് ലഭ്യമാക്കും. മരം വെട്ടുമ്പോൾ വായ്പ തിരിച്ചടച്ചാൽ മതിയാകും. ഇതിന് 200 കോടി രൂപ ഗ്രീൻ ബോണ്ടുകളിൽ നിന്നും ബാങ്കുകൾക്ക് ഡെപ്പോസിറ്റായി നൽകും.**

- **ജൈവവൈവിധ്യം എക്കോ ടൂറിസത്തിന് പ്രേരകമാകും. ടൂറിസം വികസനത്തിന് 5 കോടി രൂപ വകയിരുത്തുന്നു.**

**112) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയ്ക്ക് 127 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിന് കൂടുതൽ പണം അനുവദിക്കുന്നതാണ്. പട്ടികവർഗ്ഗ**

സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി റ്റി.എസ്.പി.യിൽ നിന്നും 25 കോടി രൂപ ചെലവഴിക്കും. കിഫ്ബിയിൽ നിന്ന് വിവിധ പദ്ധതികളിലായി 719 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിനും കിഫ്ബി ധനസഹായം ഉണ്ടാകും. വയനാട് ബദൽ തുരങ്കപ്പാതയുടെ ഡി.പി.ആർ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. പൊതു മരാമത്ത് വകുപ്പിൽ നിന്നും 65 കോടി രൂപയുടെ പ്രവൃത്തികൾ ജില്ലയിൽ നടക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പരിപാടി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നിവയിലായി 214 കോടി രൂപയുണ്ട്. അങ്ങനെ മൂന്നു വർഷം കൊണ്ടു നടപ്പാക്കുന്ന വയനാട് ജില്ലാ പാക്കേജിന്2000 കോടി രൂപയാണ് അടങ്കൽ.

**ഇടുക്കി പാക്കേജ്**

113) പരിസ്ഥിതിസന്തുലനാവസ്ഥ ഉറപ്പുവരുത്തി, തേയില, കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവിളകളുടെയും, ചക്ക പോലുള്ള

പഴവർഗ്ഗങ്ങളുടെയും ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും ഉയർത്തുന്നതിനും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും ലക്ഷ്യമിട്ടുകൊണ്ടുള്ള വികസന തന്ത്രമാണ് ഇടുക്കിക്ക് അടിസ്ഥാനപരമായി വേണ്ടത്. കൃഷി, മണ്ണു-ജലസംരക്ഷണം, മൃഗപരിപാലനം എന്നീ വകുപ്പുകളിൽ നിന്നായി 2020-21-ൽ 100 കോടി രൂപ ഇടുക്കി ജില്ലയ്ക്കുവേണ്ടി മാറ്റിവയ്ക്കും. സ്പൈസസ് പാർക്കിന്റെയും ആഗ്രോ പാർക്കിന്റെയും നിർമ്മാണം ഊർജ്ജിതപ്പെടുത്തും. വട്ടവടയിലെ ശീതകാല വിളകൾക്ക് പ്രത്യേക പരിഗണന നൽകും.

114) കൃഷിക്കും ജനജീവിതത്തിനും ഉതകുന്ന പ്രദേശമായി ഇടുക്കിയെ നിലനിർത്തുക എന്നതാണ് പ്രധാനം. ഇതിനുതകുന്ന ഭൂവിനിയോഗം സംബന്ധിച്ച ഒരു അഭിപ്രായ സമന്വയം താഴെത്തട്ടിൽ നിന്നും ഉയർന്നു വരണം. കൃഷിഭൂമിയുടെ നഷ്ടപ്പെട്ട പോഷക മൂലകങ്ങളും ജൈവാംശങ്ങളും വീണ്ടെടു ക്കുന്നതിന് മണ്ണ് പരിശോധന നടത്തി പരിഹാര നടപടികൾ സ്വീകരിക്കും. ജൈവകൃഷിയി ലേയ്ക്ക് നീങ്ങേണ്ടതുണ്ട്. നീർത്തടാടിസ്ഥാന

ത്തിലുള്ള സമഗ്രഭൂവിനിമയ ആസൂത്രണം ജനപങ്കാളിത്തത്തോടെ നടപ്പാക്കും. ഇത്തര മൊരു ബൃഹത് പരിപാടിക്കുവേണ്ടി റീബിൽഡ് കേരളയിൽ നിന്നും 200 കോടി രൂപ ലഭ്യമാക്കും. പ്രാദേശിക ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ, ശുചിത്വ ജലസംരക്ഷണ പരിപാടി, മരംനടീൽ കാമ്പയിൻ ഇവയുമായി കൂട്ടിയിണക്കി ഈ പരിപാടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

115) സർ, കേരളത്തിലെ പ്ലാന്റേഷനുകളുടെ അഭിവൃദ്ധിക്കുവേണ്ടി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതാണ്. തോട്ടം തൊഴിലാളികളുടെ പാർപ്പിട പദ്ധതി ലൈഫ് മിഷന്റെ ഭാഗമാക്കും.

116) ടൂറിസം ക്ലസ്റ്ററുകളും സർക്യൂട്ടുകളും ആവിഷ്കരിക്കും. ഫാം ടൂറിസത്തിനായിരിക്കും മുൻഗണന. മൂന്നാറിലെ ബൊട്ടാണിക്കൽ ഗാർഡന്റെ രണ്ടാംഘട്ടം, ഇടുക്കി ഡാമിനോട് അനുബന്ധിച്ച് ടൂറിസം വകുപ്പിന്റെ കൈവശ മുള്ള ടൂറിസം കേന്ദ്രം, ഹൈഡൽ ടൂറിസം

എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇടുക്കിയിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കും.

117) പ്രളയനാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇടുക്കി ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി, ആർകെഐ എന്നിവയിലായി 130 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 722 കോടി രൂപയുടെ പൊതുമരാമത്ത് റോഡുകളും പാലങ്ങളുമാണ് ഇപ്പോൾ നിർമ്മാണത്തിലുള്ളത്. 278 കോടി രൂപയുടെ ബോഡിമെട്ട് - മൂന്നാർ ദേശീയപാതയുടെ നിർമ്മാണം നടക്കുകയാണ്. കിഫ്ബിയിൽ നിന്ന് ഏതാണ്ട് 1000 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള അനുവാദം നൽകിയിട്ടുണ്ട്. അതിൽ വിദ്യാഭ്യാസ മേഖലയ്ക്ക് 100 കോടി രൂപ, കുടിവെള്ളത്തിന് 80 കോടി രൂപ, ആരോഗ്യത്തിന് 70 കോടി രൂപ, സ്പോർട്സിന് 40 കോടി രൂപ, മരാമത്ത് പണികൾക്ക് 300 കോടി രൂപ തുടങ്ങിയവ ഉൾപ്പെടും. ഏതാണ്ട് 400 കോടി രൂപയുടെ പ്രവൃത്തികൾ അപ്രൈസൽ ഘട്ടത്തിലുണ്ട്. മെഡിക്കൽ കോളേജിന്റെ

നിർമ്മാണം ഊർജ്ജിതപ്പെടുത്തും. ഇവയിൽ നിന്നെല്ലാമായി1000 കോടി രൂപ ഇടുക്കി പാക്കേജിന്റെ ഭാഗമായി 2020-21ൽ ചെലവഴിക്കും.

118) സർ, ഇടുക്കി, വയനാട്, കുട്ടനാട് പാക്കേജുകളെക്കുറിച്ച് ഏപ്രിൽ മാസത്തിനു മുമ്പായി വിശദമായ നിർവ്വഹണ അവലോകന യോഗങ്ങൾ നടത്തുന്നതാണ്. കാസർഗോഡ് പാക്കേജിന് 2020-21ൽ 90 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## V

## കൃഷിയും പരമ്പരാഗത മേഖലകളും

### കേരംതിങ്ങും കേരളനാട്

119) നാളികേര ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ തേങ്ങയ്ക്ക് 20 ശതമാനമെങ്കിലും ഉയർന്ന വില ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി. 2020-21-ൽ വാർഡ് ഒന്നിന് 75 തെങ്ങിൻ തൈകൾ വീതം വിതരണം ചെയ്യും. ഇടനിലക്കാരെ ഒഴിവാക്കി നാളികേരത്തിന്റെ വില കൃഷിക്കാർക്ക്

ലഭ്യമാക്കുകയും നാളികേരത്തെയും ഉപഉൽപ്പന്ന ങ്ങളെയും മൂല്യവർദ്ധന വരുത്തി അധിക വരുമാനം കൃഷിക്കാരന് ലഭ്യമാക്കുകയും ചെയ്യും. കേരഗ്രാമങ്ങളെ സഹകരണ സംഘങ്ങളുമായി ബന്ധിപ്പിക്കുന്ന സ്കീം തയ്യാറായിട്ടുണ്ട്. 40 സഹകരണ സംഘങ്ങളാണ് ആദ്യഘട്ടത്തിൽ ഇതിൽ പങ്കാളികളാകുന്നത്. ഇവർക്ക് 90 ശതമാനം സബ്സിഡിയിൽ ചകിരി മില്ലുകൾ സ്ഥാപിക്കാൻ ആവശ്യമായ സഹായം നൽകും. വെളിച്ചെണ്ണയും മറ്റ് നാളികേര ഉൽപ്പന്നങ്ങൾക്കും വേണ്ടിയുള്ള നിക്ഷേപത്തിന് 25 ശതമാനം സബ്സിഡി ലഭ്യമാക്കും. ഇതേ സഹായം നാളികേര പ്രൊഡ്യൂസർ കമ്പനി കൾക്കും ലഭ്യമായിരിക്കും. ഈ ബാങ്കുകളുടെ തൊഴിൽ സംഘങ്ങൾ തേങ്ങയിടുകയും അതേ ദിവസം തന്നെ ഓൺലൈനായി കൃഷിക്കാർക്ക് വില നൽകും. മൂല്യവർദ്ധനയുടെ വിഹിതം ബോണസായും വിതരണം ചെയ്യും.

ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം

120) നല്ല ഭക്ഷണം ഉറപ്പുവരുത്തുന്നതിനു വേണ്ടി പുരയിടകൃഷിയിലെ പച്ചക്കറി പ്രോത്സാഹന

പദ്ധതിയാണിത്. ഇതിനായി 18 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമേ വിഎഫ്പിസികെയ്ക്ക് പച്ചക്കറിക്ക് 7 കോടി രൂപയുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, വി.എഫ്.പി.സി.കെ, കൃഷി വകുപ്പ് എന്നീ മൂന്ന് ഏജൻസികൾ മൊത്തം 500 കോടി രൂപയെങ്കിലും പച്ചക്കറി മേഖലയിൽ നിക്ഷേപിക്കും. ഏകോപനം ഉറപ്പുവരുത്തുക യാണെങ്കിൽ ഗണ്യമായ അളവിൽ സ്വയം പര്യാപ്തത കൈവരിക്കാനാകും. വാഴക്കുളത്തെ പൈനാപ്പിൾ സംസ്ക്കരണ കേന്ദ്രത്തിന് 3 കോടി രൂപ വകയിരുത്തുന്നു. ഇവിടെയും തൃശൂരിലെ ആഗ്രോ പാർക്കിനും പഴങ്ങളിൽ നിന്ന് വൈനുകൾ ഉണ്ടാക്കുന്നതിനുള്ള സജ്ജീകരണ ങ്ങളും ഉണ്ടാകും.

121) ചെറുകിട അടിസ്ഥാനത്തിലുള്ള പഴം, പച്ചക്കറി തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ കുടുംബാവശ്യം കഴിഞ്ഞുള്ള മിച്ചം ഒരു പ്ലാറ്റ് ഫോമിൽ സമാഹരിക്കുവാൻ കഴിയണം. ഇതിനായി കേരള ഡെവലപ്പ്മെന്റ് ഇന്നവേഷൻ സ്ട്രാറ്റജി കൗൺസിൽ (കെ-ഡിസ്ക്) യൂബർ മാതൃകയിലുള്ള ഇലക്ട്രോണിക് പ്ലാറ്റ്ഫോം

വികസിപ്പിച്ചിട്ടുണ്ട്. ഈ കേരള ഫുഡ്പ്ലാറ്റ് ഫോമിൽ കർഷകർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ബാങ്കുകൾ, മറ്റ് ഉൽപ്പാദകർ, വൻകിട-ചെറുകിട കച്ചവടക്കാർ, ഉപഭോക്താക്കൾ എന്നിവരെ ഒരു ശൃംഖലയിൽ കൊണ്ടുവരുന്നു. പ്ലാറ്റ്ഫോമിൽ ക്രയവിക്രയം ചെയ്യുന്ന ഉൽപ്പന്നങ്ങൾ എവിടെ, എപ്പോൾ, എങ്ങനെ ഉൽപ്പാദിപ്പിക്കപ്പെട്ടുവെന്ന വിശദാംശങ്ങൾ പ്ലാറ്റ്ഫോം ലഭ്യമാക്കും. പങ്കാളിത്ത ഗ്യാരണ്ടി സ്കീം അനുസരിച്ചുള്ള ഗുണമേന്മ സർട്ടിഫിക്കേഷൻ സംവിധാനവും ഈ പ്ലാറ്റ്ഫോമിൽ ഉണ്ടാകും. എറണാകുളം ജില്ലയിലെ പള്ളിയാക്കൽ സഹകരണ ബാങ്ക് നടപ്പിലാക്കിയിട്ടുള്ള സംയോജിത കൃഷി സംവിധാനം ഈ പ്ലാറ്റ്ഫോമിൽ ഇപ്പോൾ ക്രമീകരിച്ചിട്ടുണ്ട്. വടക്കാഞ്ചേരി മുനിസിപ്പൽ പ്രദേശത്തെ ഉൽപ്പാദനവുംകൂടി പൈലറ്റ് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് ഈ പ്ലാറ്റ്ഫോം പ്രയോഗക്ഷമമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**തരിശുരഹിത ഗ്രാമങ്ങൾ**

**122) 118 കോടി രൂപയാണ് നെൽകൃഷിക്കായി വകയിരുത്തുന്നത്. 5500 രൂപ ഹെക്ടറിന് സബ്സിഡിയായി കൃഷി വകുപ്പ് നൽകും. തരിശുരഹിത പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വ്യത്യസ്തമായ നിരക്കിൽ വലിയ പിന്തുണ കൃഷിക്ക് നൽകുന്നുണ്ട്.കോൾ മേഖലയിൽ ഇരിപ്പൂ കൃഷിക്ക് ഓപ്പറേഷൻ ഡബിൾ കോൾ നടപ്പാക്കുന്നതിന്2 കോടി രൂപയും, പൊക്കാളി കൃഷിക്ക് 2 കോടി രൂപയും വകയിരുത്തുന്നു. ഇപ്പോൾ തരിശുരഹിത ഗ്രാമങ്ങളുടെ എണ്ണം 26 ആണ്. ഇത് 2020-21ൽ 152 ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.**

**123) കാർഷിക മേഖലയുടെ അടങ്കൽ 764 കോടി രൂപയാണ്. മറ്റ് ഏജൻസികളുംകൂടി പരിഗണി ച്ചാൽ കാർഷിക മേഖലയിൽ 2000-ത്തോളം കോടി രൂപ ഈ വർഷം ചെലവഴിക്കപ്പെടും. മാർക്കറ്റിംഗ് സംവിധാനങ്ങൾക്ക് 52 കോടി രൂപയും ക്രോപ്പ് ഇൻഷ്വറൻസിന് 20 കോടി രൂപയും, സോയിൽ കാർഡ് പദ്ധതിക്ക് 28 കോടി**

രൂപയും വകയിരുത്തുന്നു. മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ഊന്നൽ തുടരുകയാണ്. നടപ്പുവർഷത്തിൽ ഇതിനായി 94 കോടി രൂപ മൊത്തം ലഭ്യമാക്കിയിട്ടുണ്ട്.

**സംയോജിത റൈസ് പാർക്കുംറബ്ബർ പാർക്കും**

124) കഴിഞ്ഞ വർഷം സംയോജിത റൈസ് പാർക്കും റബ്ബർ പാർക്കും പ്രഖ്യാപിച്ചിരുന്നു. സഹകരണ മേഖലയിലെ പാലക്കാട്ടെ റൈസ് പാർക്ക് 2020-21-ൽ പ്രവർത്തനം ആരംഭിക്കും. വ്യവസായ വകുപ്പിന്റെ രണ്ട് റൈസ് പാർക്കുകൾക്ക് ഡിപിആർ തയ്യാറായിട്ടുണ്ട്. 20 കോടി രൂപ വകയിരുത്തുന്നു. 2020-21-ൽ നിർമ്മാണം ആരംഭിക്കും.

125) റബ്ബർ പാർക്കിന്റെ ഒന്നാംഘട്ടം ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ ആവശ്യം കഴിഞ്ഞുള്ള 500 ഏക്കറിലാണ് സ്ഥാപിക്കുക. ഗതാഗത ബന്ധങ്ങളും വെള്ളവും വൈദ്യുതിയും ഇപ്പോൾ തന്നെ ഉറപ്പായും ഉള്ളതിനാൽ പാർക്കിന്റെ പ്രവർത്തനം 2020-21-ൽ ആരംഭിക്കും. റബ്ബർ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിന് ആവശ്യമായ സ്ഥലം 2020-21-ൽ ഏറ്റെടുക്കും.

**പാലിൽ സ്വയംപര്യാപ്തത**

126) നമുക്ക് ആവശ്യമായ പാലിന്റെ 94 ശതമാനം ഇന്നു സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ട്. വിജയകരമെന്ന് തെളിഞ്ഞിട്ടുള്ള ക്ഷീരപ്രോത്സാഹന തന്ത്രം കൂടുതൽ ഊർജ്ജസ്വലമായി തുടരുന്നതിനാണ് ഈ ബജറ്റും ലക്ഷ്യമിടുന്നത്. മൃഗപരിപാലന മേഖലയുടെ മൊത്തം അടങ്കൽ 422 കോടി രൂപയാണ്. ഇതിൽ 54 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കും, 75 കോടി രൂപ വെറ്റിനറി സർവ്വകലാശാലയ്ക്കുമാണ്. വാണിജ്യാടിസ്ഥാന ത്തിലുള്ള ഡയറി ഫാമുകൾക്കും മിൽക്ക്ഷെഡ് പദ്ധതിക്കുമായി 40 കോടി രൂപ വകയിരുത്തി യിട്ടുണ്ട്. ഡയറി സംഘങ്ങൾക്ക് ധനസഹായ മായി 20 കോടി രൂപയും കാലിത്തീറ്റ സബ്സിഡിക്ക് 15 കോടി രൂപയും വകയിരുത്തുന്നു.

**സാമൂഹ്യ സൂക്ഷ്മ ജലസേചനം**

127) കൃഷിക്കാരുടെ കൂട്ടായ്മയുടെ അടിസ്ഥാന ത്തിൽ പച്ചക്കറിക്കും ഫലവൃക്ഷങ്ങൾക്കും ഡ്രിപ്പ് ഇറിഗേഷൻ സങ്കേതം നടപ്പാക്കുന്നതിനുള്ള

പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. പാലക്കാട് ചിറ്റൂർ, വടകരപതി മേഖലയിലെ കൃഷിക്കാർ നടത്തിയ പരീക്ഷണം വൻ വിജയമാണ്. ഉൽപ്പാദനക്ഷമത ഇരട്ടിയിലേറെ വർദ്ധിക്കുകയും, വൈദ്യുതി ചെലവിലും കള നിയന്ത്രണ ചെലവിലും 50 ശതമാനത്തോളം കുറവ് വരുത്തുന്നതിനും കഴിഞ്ഞു. ഈ മാതൃകയിൽ 14 ജില്ലകളിലും 50 ഏക്കർ വീതംസംയോജിത സാമൂഹ്യ സൂക്ഷ്മ കണികാ ജലസേചനപദ്ധതി ഈ വർഷം നടപ്പാക്കുന്നതിന് 14 കോടി രൂപ വകയിരുത്തുന്നു.

128) ജലസേചനത്തിന് മൊത്തത്തിൽ 864 കോടി രൂപയാണ് വകയിരുത്തിയത്. 1974-ൽ 21 കോടി രൂപ മതിപ്പുചെലവിൽ തുടങ്ങിയ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് ഇതിനകം 1,051 കോടി രൂപ ചെലവാക്കിക്കഴിഞ്ഞു. ജലസേചന പദ്ധതികളുടെ മുടങ്ങിക്കിടക്കുന്ന ബില്ലുകൾ നൽകാൻ 230 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ കമ്മിഷൻ ചെയ്യും. അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട കബനി തടം, ഭവാനി തടം, പമ്പാ തടം എന്നിവിടങ്ങളിലെ

പദ്ധതികൾക്ക് 61 കോടി രൂപ വകയിരുത്തുന്നു. അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടാണ് പുതുതായി ആരംഭിക്കുന്ന സ്കീം.

**കയർ വ്യവസായത്തിന്റെ ആധുനീകരണം**

129) 2015-16-ൽ 10000 ടണ്ണിൽ താഴെയായിരുന്നു കയർ ഉൽപ്പാദനം. 2020-21-ൽ 40000 ടണ്ണാകും. ഇതിന് ആവശ്യമായ ചകിരിയുടെ സിംഹപങ്കും കേരളത്തിൽ തന്നെയായിരിക്കും ഉൽപ്പാദിപ്പിക്കുക. ഈ കയർ പരമ്പരാഗത കയർ ഉൽപ്പന്നങ്ങളോ ജിയോടെക്സ്റ്റയിൽസായോ മാറ്റും.

- 400 യന്ത്രമില്ലുകൾ, 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രങ്ങൾ, 200 ഓട്ടോമാറ്റിക് ജിയോടെക്സ്റ്റയിൽ ലൂമുകൾ എന്നിവ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.
- കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കൊക്കോ ലോഗ് നിർമ്മാണ ഫാക്ടറിയും റബ്ബറൈസ്ഡ് മാട്രസ് നിർമ്മാണ ഫാക്ടറിയും യന്ത്രവൽകൃത ജിയോ ടെക്സ്റ്റയിൽസ് ഫാക്ടറിയും ആരംഭിക്കുന്നതാണ്.

- കയർഫെഡ് പ്ലാസ്റ്റിക്കിനു പകരം കയറിന്റെ മൾച്ചിംഗ് ഷീറ്റ് നിർമ്മിക്കുന്നതിനുള്ള ഫാക്ടറി ആരംഭിക്കും.
- ഫോമാറ്റിംഗ്സിലെ കയർ കോമ്പോസിറ്റ് ഫാക്ടറിയിൽ മൂന്നുതരം ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുക. 20 ശതമാനം മാത്രം റസിൻ ഉപയോഗിച്ചുകൊണ്ടുള്ള കയർ ബോർഡുകൾ, കയറും പനമ്പും ഉപയോഗിച്ചു കൊണ്ടുള്ള ബോർഡുകൾ, ചകിരിച്ചോറ് ഉപയോഗിച്ചുകൊണ്ടുള്ള ബോർഡുകൾ എന്നിവയാണവ.
- ഡച്ച് പ്ലാന്റിൻ എന്ന ബഹുരാഷ്ട്ര കമ്പനി വാളയാറിൽ ഒരുചകിരിച്ചോർ പ്രോസസ്സിംഗ് കമ്പനി ആരംഭിക്കുന്നതിനും ധാരണ യായിട്ടുണ്ട്.
- ഇന്ത്യൻ നഗരങ്ങളിലേയ്ക്കുള്ള ചകിരിച്ചോറ് ഇനോക്കുലവും സേവനവും ലഭ്യമാക്കുന്ന തിനുള്ള സർവ്വീസ്സെന്ററായി കയർഫെഡ് പ്രവർത്തിക്കും. എൻസിആർഎംഐയുടേ താണ് സാങ്കേതികവിദ്യ.

- **ജിയോ ടെക്സ്റ്റയിൽസ്സപ്ലൈ ചെയ്യുന്നതിന് യുവഎഞ്ചിനീയർമാരുടെ നേതൃത്വത്തിൽ 25 സ്റ്റാർട്ട്അപ്പുകൾ സ്ഥാപിക്കും.**

**130) യന്ത്രവൽക്കരണം പരമ്പരാഗത മേഖലയിലെ തൊഴിലാളികളെയോ തൊഴിലിനെയോ ബാധിക്കില്ല. അവരുടെ ഉൽപ്പാദനം മിനിമംകൂലി ഉറപ്പുവരുത്തുന്ന വിലയ്ക്ക് സർക്കാർ സംഭരിക്കുകയും സബ്സിഡി നൽകി വിപണനം ചെയ്യുകയും ചെയ്യും. കയർപിരി സംഘങ്ങളിലെ തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 2015-16ൽ 13000 രൂപയായിരുന്നെങ്കിൽ 2020-21-ൽ ഇത് 50000 രൂപയ്ക്ക് മുകളിലായി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. യന്ത്ര വൽകൃത മേഖലയിലെ തൊഴിലാളികൾക്ക് പ്രതിദിനം 600 രൂപയെങ്കിലും വരുമാനം ഉറപ്പുവരുത്തും.**

**131) 2020-21-ൽ 112 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ 130 കോടി രൂപ എൻസിഡിസി സഹായത്തോടെ ചെലവഴിക്കാനും ഉദ്ദേശിക്കുന്നു. 10 കയർ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിന് 50 കോടി രൂപ**

കയർ ബോർഡിൽ നിന്നും പ്രതീക്ഷിക്കുന്നു. റിമോട്ട് പദ്ധതിയിൽ 70കളിൽ വായ്പയെടുത്ത ചെറുകിട ഉൽപ്പാദകരുടെ കുടിശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനും സംഘങ്ങളുടെ ജില്ലാ ബാങ്കുകളിൽ ഉണ്ടായിരുന്ന വായ്പാ കുടിശിക തീർപ്പാക്കുന്നതിനും ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, പെൻഷൻ ഫണ്ട് ഡെപ്പോസിറ്റ്, വൈദ്യുതി കുടിശിക എന്നിവയ്ക്കുവേണ്ടി 25 കോടി രൂപ അധികമായി വകയിരുത്തുന്നു.

**കശുവണ്ടി വ്യവസായപുനരുദ്ധാരണം**

132) 2019ൽ കശുവണ്ടി വികസന കോർപ്പറേഷനിൽ 161 ദിവസത്തെ തൊഴിലും കാപ്പക്സിൽ 214 ദിവസത്തെ തൊഴിലും ലഭിച്ചു. 480 ഫാക്ടറികൾ തുറന്നു പ്രവർത്തിച്ചു. അടഞ്ഞു കിടക്കുന്ന മറ്റു ഫാക്ടറികൾ തുറക്കുന്നതിനും വ്യവസായപുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുമുള്ള തീവ്രയജ്ഞ വർഷ മായിരിക്കും 2020-21. ഇതിനായി 135 കോടി രൂപ വകയിരുത്തുന്നു.

- **1970കളിൽ ഏറ്റെടുത്ത ഫാക്ടറികളുടെ ഉടമസ്ഥർക്ക് വില നൽകുന്നതിനു വേണ്ടി 20 കോടി രൂപ.**

- **പുനരുദ്ധാരണ പാക്കേജിലെ സ്വകാര്യ കശുവണ്ടി ഫാക്ടറികളുടെ പലിശ സബ്സിഡിക്കായി 20 കോടി രൂപ.**

- **ഗ്രാറ്റുവിറ്റി കുടിശിക നൽകുന്നതിനായി 20 കോടി രൂപ.**

- **കാഷ്യൂ ബോർഡിന് 50 കോടി രൂപ.**

- **കോർപ്പറേഷന്റെയും കാപ്പക്സിന്റെയും നവീകരണത്തിന് 20 കോടി രൂപ.**

- **കശുവണ്ടി കൃഷിക്ക് 5 കോടി രൂപ.**

**133) കാഷ്യു ബോർഡിന് തോട്ടണ്ടിയുടെ വില തിരിച്ചു നൽകുന്നതിന് എസ്ക്രൂ അക്കൗണ്ട് ആരംഭി ക്കണം എന്ന കഴിഞ്ഞ ബജറ്റിലെ നിബന്ധന പാലിക്കാൻ കാപ്പക്സും കോർപ്പറേഷനും തയ്യാറായിട്ടില്ല. ഈ നിബന്ധന കർശനമായി പാലിച്ചേതീരൂ. കശുവണ്ടിപ്പരിപ്പിന്റെ വിപണി**

യിലും കാഷ്യു ബോർഡ് ഈ വർഷം മുതൽ ഇടപെടും.

കൈത്തറി

134) കൈത്തറി മേഖലയ്ക്ക് 28 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കൈത്തറി യൂണിഫോം പദ്ധതി പ്രകാരം 105 കോടി രൂപയും, വരുമാന ഉറപ്പ് പദ്ധതിയിൽ 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അങ്ങനെ മൊത്തം 153 കോടി രൂപ. നാടുകാണി യിൽ 6 കോടി രൂപയ്ക്ക് പുതിയൊരു കൈത്തറി പ്രോസസ്സിംഗ് കേന്ദ്രം സ്ഥാപിക്കുന്നതാണ്.

135) പവർലൂം മില്ലുകൾക്ക് 23 കോടി രൂപ വകയിരുത്തുന്നു.

മറ്റുപരമ്പരാഗത വ്യവസായങ്ങൾ

136) ഖാദി ഗ്രാമവ്യവസായങ്ങൾക്ക് 16 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമേ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഖാദിക്ക് 15 കോടി രൂപ റിബേറ്റായി നൽകുന്നതിനും വകയിരുത്തി യിട്ടുണ്ട്. വരുമാന ഉറപ്പ് പദ്ധതിയിൽ നിന്നും ഏതാണ്ട് 20 കോടി രൂപ കൂടി ലഭ്യമാകും.

137) ഹാന്റിക്രാഫ്റ്റ് വികസന സ്കീമുകൾക്ക് 3 കോടി രൂപ വകയിരുത്തുന്നു. ബാംബു വികസന കോർപ്പറേഷന് 5 കോടി രൂപ വകയിരുത്തുന്നു. ബാംബു കോമ്പോസിറ്റ് ബോർഡുകളുടെ ഉൽപ്പാദനശാല 2020-21-ൽ പ്രവർത്തനം ആരംഭിക്കും. ഹരിതമിഷൻ കാമ്പയിനിന്റെ ഭാഗമായി വലിയ തോതിൽ മുള വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കുന്നതാണ്.

138) ടോഡി ബോർഡ് 2020-21ൽ പ്രവർത്തനം ആരംഭിക്കും.

## VI

## മറ്റു മേഖലകൾ

### കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

139) രാജ്യത്ത് ഏറ്റവും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന സംസ്ഥാന ധനകാര്യ കോർപ്പറേഷനാണ് കെഎഫ്സി. ഒറ്റത്തവണ തീർപ്പാക്കലിലൂടെയും ഊർജ്ജിത കുടിശിക പിരിവിലൂടെയും നിർജ്ജീവ ആസ്തികൾ 2015-16ൽ 10.57 ശതമാനം ആയിരുന്നത്

**5.77 ശതമാനമായി കുറച്ചു. അടിസ്ഥാന പലിശ നിരക്ക് 14.5-ൽ നിന്നും 9 ശതമാനമായി കുറച്ചു. റിസ്ക് വെയ്റ്റഡ് അസറ്റ് റേഷ്യോ ആർബിഐ പ്രകാരം മിനിമം 9 ശതമാനം ആയിരിക്കണം. കെഎഫ്സിയുടെ റേഷ്യോ 19 ശതമാനമാണ്. 2015-16-ൽ 1025 കോടി രൂപയായിരുന്നു പുതിയ വായ്പകൾ. 2019-20-ൽ 1500 കോടി രൂപയായി ഉയരും. ലാഭമാവട്ടെ, 5 കോടി രൂപയിൽ നിന്നും 20 കോടി രൂപയായി ഉയരും. ഡബിൾ എ റേറ്റിംഗിന്റെ പശ്ചാത്തലത്തിൽ 2020-21-ൽ കെഎഫ്സി വായ്പ നൽകുന്നതിൽ ഒരു കുതിച്ചുചാട്ടം നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനു കഴിയണമെങ്കിൽ സ്ഥാപനത്തിന്റെ ഈക്വിറ്റി അടിത്തറ ഗണ്യമായി ഉയരണം.**

**140) സർ, കെഎഫ്സിയുടെ ഓഹരി മൂലധനം ഉയർത്തുന്നതിന് 200 കോടി രൂപ വകയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2000 കോടി രൂപ അധികമായി കമ്പോളത്തിൽ നിന്നും കെഎഫ്സിക്ക് സമാഹരിക്കാനാകും. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 300 കോടി രൂപ വായ്പ കെഎഫ്സിയിൽ നിന്നും**

ലഭ്യമാകും. ഈ വായ്പയുടെ പലിശ സർക്കാർ നേരിട്ടു നൽകും.

## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

141) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണ്. 2015-16നെ അപേക്ഷിച്ച് ചിട്ടിയുടെ ടേണോവർ 40 ശതമാനം ഉയർന്ന് 22,744 കോടി രൂപയായി. മൊത്തം ടേണോവറാകട്ടെ 50 ശതമാനം ഉയർന്ന് 43,647 കോടി രൂപയായി. ഓപ്പറേഷണൽ ലാഭം 236 കോടിയിൽ നിന്നും 509 കോടി രൂപയായി ഉയർന്നു. സുവർണ്ണ ജൂബിലി വർഷത്തിൽ പുതിയ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

- പ്രവാസി ചിട്ടി ഇന്ത്യയിലെ ഇതര സംസ്ഥാന മലയാളികൾക്കുകൂടി ലഭ്യമാക്കും.
- പ്രവാസി ചിട്ടി കൂടുതൽ ആകർഷക മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും
- സ്വർണ്ണപ്പണയ വായ്പ 5,000 കോടി രൂപയായി ഉയർത്തും.

- **50 സ്മാർട്ട് ശാഖകൾ ആരംഭിക്കും.**
- **കുടുംബശ്രീ ചിട്ടികൾ ആരംഭിക്കും.**

**ചെറുകിട വ്യവസായം**

**142) കേരളത്തിന്റെ വ്യവസായ മേഖലയിലെ ഏറ്റവും ഊർജ്ജസ്വലമായത് ചെറുകിട വ്യവസായ മേഖലയാണ്. വ്യവസായ പാർക്കുകളുടെയുംകോമൺ ഫെസിലിറ്റിസെന്ററുകളുടെയുംവികസനത്തിനു വേണ്ടി 36 കോടി രൂപവകയിരുത്തുന്നു. വിവിധങ്ങളായ സംരംഭകത്വ വികസന പരിപാടികൾക്ക് 70 കോടി രൂപ വകയിരുത്തുന്നു. പീഡിത യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് 10 കോടി രൂപയും പലിശ സഹായത്തിന് 10 കോടി രൂപയും വകയിരുത്തുന്നു.**

**വാണിജ്യം**

**143) വാണിജ്യ മേഖലയ്ക്ക് 16 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 10 കോടി രൂപ സ്ഥിരം മാർക്കറ്റിംഗ് കം എക്സിബിഷൻ കോംപ്ലക്സിനു വേണ്ടിയുള്ളതാണ്. വ്യാപാരി വ്യവസായി ക്ഷേമനിധിയുടെ പെൻഷൻ കുടിശികകൾ**

തീർക്കുന്നതിന് 20 കോടി രൂപ അധികമായി വകയിരുത്തുന്നു.

**ഉന്നതവിദ്യാഭ്യാസം**

144) ഉന്നതവിദ്യാഭ്യാസത്തിന് 493 കോടി രൂപയാണ് പദ്ധതി അടങ്കൽ. ഇതിൽ 125 കോടി രൂപ കേരള, കോഴിക്കോട്, കണ്ണൂർ, മഹാത്മാഗാന്ധി, സംസ്കൃതം, മലയാളം, നിയമം സർവ്വ കലാശാലകൾക്കു വേണ്ടിയുള്ളതാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന് 16 കോടി രൂപയും കെ.സി.എച്ച്.ആർ.-ന് 9 കോടി രൂപയും വകയിരുത്തുന്നു. അസാപ്പിന് 50 കോടി രൂപ വകയിരുത്തുന്നു. കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിന് 5 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 2 കോടി രൂപ മ്യൂസിയ ങ്ങൾക്കുള്ള വീഡിയോ ഡോക്യുമെന്റേഷനു വേണ്ടിയാണ്.അക്കാദമിക് നിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള എറുഡൈറ്റ്, സ്കോളർ സപ്പോർട്ട്, വാക്ക് വിത്ത് സ്കോളർ, ഫോസ്റ്ററിംഗ് റിസർച്ച് ഇൻ സ്റ്റുഡന്റ്സ്, ഓറീസ്, വിവിധങ്ങളായ സ്കോളർഷിപ്പുകൾ തുടങ്ങിയവ

യെല്ലാം തുടരുന്നതാണ്. സർ, ചില സർവ്വകലാശാലകൾക്ക് നോൺ പ്ലാൻ വിഹിതം താഴ്ന്നതാണ്. ധനസ്ഥിതി പരിശോധിച്ച് ആവശ്യമായ വർദ്ധന പിന്നീട് നൽകുന്നതാണ്.

145) കിഫ്ബി സഹായത്തോടെയുള്ള കോളേജ്, സർവ്വകലാശാല പശ്ചാത്തലസൗകര്യ വികസനം 2020-21ലാണ് നടപ്പാക്കുക. കൊച്ചി സർവ്വകലാ ശാലയിലെ100 കോടി രൂപയുടെ ലബോറട്ടറി യുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. മറ്റു സർവ്വകലാശാലകൾക്ക് 50-100 കോടി രൂപ വീതമാണ് കിഫ്ബിയിൽ നിന്നും അനുവദിക്കുക. കോളേജ് കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 142 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

146) 2020-21-ൽ എല്ലാ സർക്കാർ കോളേജുകളി ലെയും ലബോറട്ടറികൾ നവീകരിക്കുന്നതിന് ഒരു പരിപാടി നടപ്പാക്കുന്നതാണ്. ഓരോ കോളേജും ഇതിന് ആവശ്യമായ പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കണം. ഇതിന് ആവശ്യമായ പണം മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഹെഡ്ഡിൽ നിന്നും ലഭ്യമാക്കും.

147) സർവ്വകലാശാലകളിലെ ശാസ്ത്രം, കലാസാഹിത്യം, സാമൂഹ്യപഠനം എന്നീ മേഖലകളിലെ ഏറ്റവും നല്ല മൂന്ന് ഡിപ്പാർട്ട്മെന്റുകളെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിർണ്ണയിക്കുകയും ആ ഡിപ്പാർട്ട്മെന്റുകളുടെ വികസനത്തിന് പ്രത്യേക അവാർഡുകൾ നൽകുകയും ചെയ്യും. ആവശ്യമായ തസ്തികകൾ, പശ്ചാത്തല സൗകര്യ വികസനത്തിനുള്ള ഫണ്ട് ഇവ ലഭ്യമാക്കും. ഇതിനായി 20 കോടി രൂപ പ്രത്യേകം വകയിരുത്തുന്നു. കൈരളി റിസർച്ച് അവാർഡിനുള്ള ഗവേഷകരെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തന്നെയായിരിക്കും തെരഞ്ഞെടുക്കുക.

148) സർ, ഡോ. ജോൺ മത്തായിയുടെ തറവാട് വീടിലും പുരയിടത്തിലുമാണ് കോഴിക്കോട് സർവകലാശാലയുടെ തൃശൂർ കാമ്പസ് പ്രവർത്തിക്കുന്നത്. ഈ വീട് പുനരുദ്ധരിക്കുകയും അവിടെ കേരളത്തിലെ ഒന്നാം തലമുറ സാമ്പത്തിക ശാസ്ത്രജ്ഞരായ പി. ജെ. തോമസ്, വി. ആർ. പിള്ള, പത്മനാഭൻ പിള്ള, ഡോ. കെ. എൻ. രാജ് എന്നിവരുടെ സ്മാരകമായി വികസിപ്പിക്കുകയും ചെയ്യും.

പ്രൊഫ. എം. എ. ഉമ്മൻ ആയിരിക്കും ഈ പദ്ധതിയുടെ മുഖ്യ ഉപദേശകൻ. കൊച്ചി സർവകലാശാലയുടെ എൻ ആർ മാധവമേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോക്കോൾസിന് 2 കോടി രൂപ വകയിരുത്തുന്നു. ദ്വിശദാബ്ദി ആഘോഷിക്കുന്ന സി.എം.എസ്. കോളേജിന്റെ ചരിത്രമ്യൂസിയത്തിന് 2 കോടി രൂപ അനുവദിക്കുന്നു.

149) മുൻകാലങ്ങളിൽ അനുവദിച്ച കോഴ്സുകൾക്കു ഇതുവരെ ആവശ്യമായ അധ്യാപക നിയമനം നടന്നിട്ടില്ല. ആഴ്ചയിൽ 16 മണിക്കൂർ അധ്യായന സമയം എന്ന മാനദണ്ഡപ്രകാരം മാർച്ച് മാസത്തിനുള്ളിൽ ഏതാണ്ട് 1000 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് ഇറക്കുന്നതാണ്.

150) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ അനുവദിക്കേണ്ടത് ആവശ്യമാണ്. അതിന് കോളേജുകളുടെ അപേക്ഷകൾ പരിശോധിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു സമിതിയെ നിയോഗിക്കുന്നതാണ്. മൊത്തം 60 കോഴ്സു

കളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്. കോഴ്സുകൾക്ക് അർഹമായ കോളേജുകളെ തെരഞ്ഞെടുക്കുന്നത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും.

- ന്യൂജനറേഷൻ - ഇന്റർ ഡിസിപ്ലിനറി കോഴ്സുകളായിരിക്കും തുടങ്ങുക.
- കോളേജിന് നാക് അക്രെഡിറ്റേഷന്റെ എ പ്ലസ് ഗ്രേഡെങ്കിലും ലഭിച്ചിരിക്കണം. സർക്കാർ കോളേജുകൾക്ക് ഇളവു നൽകും.
- പുതിയതായി ആരംഭിച്ച പട്ടികവിഭാഗം ട്രസ്റ്റുകളുടെ കോളേജുകൾക്കു മാത്രമേ ഇതിൽ നിന്നും ഒഴിവ് നൽകൂ.
- കോഴ്സുകൾ അനുവദിക്കുന്നതിന് കോളേജിലെ ആ വിഷയത്തിലെ പാരമ്പര്യവും പ്രാഗത്ഭ്യവും അധ്യാപകരുടെ എണ്ണവും സമീപ കോളേജുകളിലെ സ്ഥിതിയും പരിഗണിക്കും.
- അഞ്ചു വർഷം കഴിഞ്ഞേ സ്ഥിരം തസ്തികകൾ സൃഷ്ടിക്കൂ. അതുവരെ താൽക്കാലിക/കരാർ വ്യവസ്ഥയിൽ കോഴ്സുകൾ നടത്തണം.

151) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളെക്കുറിച്ചുള്ള ദേശീയതല കൺസൾട്ടേഷൻസ് തുടരുന്നതാണ്. ലേബർ കോഡ് സംബന്ധിച്ച് തൊഴിൽ വകുപ്പുമായി സഹകരിച്ചുകൊണ്ട് നവംബർ മാസത്തിൽ അന്തർദേശീയ സെമിനാർ സംഘടിപ്പിക്കും. നോർക്കയുമായി സഹകരിച്ച് പുതിയ ഇമിഗ്രേഷൻ ആക്ടിനെക്കുറിച്ച് ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. ഇവയ്ക്കു വേണ്ടി ഗിഫ്റ്റിന് 5 കോടി രൂപ അനുവദിക്കുന്നു.

**സാങ്കേതികവിദ്യാഭ്യാസം**

152) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടങ്കൽ 210 കോടി രൂപയാണ്. കൊച്ചി സർവ്വകലാശാലയ്ക്ക് 22 കോടി രൂപയും സാങ്കേതിക സർവ്വകലാശാലയ്ക്കും കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിനും ഐ.എച്ച്.ആർ.ഡി.ക്കും 18 കോടി രൂപ വീതം വകയിരുത്തുന്നു. എഞ്ചിനീയറിംഗ് കോളേജുകൾക്ക് 37 കോടി രൂപ വീതവും

പോളിടെക്നിക്കുകൾക്ക് 40 കോടി രൂപ വീതവും അനുവദിക്കുന്നു.

153) കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന് കെ-ഡിസ്കാണ് നേതൃത്വം നൽകുന്നത്. എമർജിംഗ് ടെക്നോളജി സർക്കാരിൽ സന്നിവേശിപ്പിക്കുന്നതിനുള്ള പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. കെ-ഡിസ്കിന് 25 കോടി രൂപ വകയിരുത്തുന്നു.

കുടിവെള്ളം

154) കേരള വാട്ടർ അതോറിറ്റിയുടെ ചരിത്രത്തിൽ ഇത്രയധികം കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തകാലം ഉണ്ടായിട്ടില്ല.

- കിഫ്ബിയിൽ നിന്നും4384 കോടി രൂപയുടെ 61 പ്രവൃത്തികൾ.
- അമൃതിൽ നിന്നും 1254 കോടി രൂപയുടെ 283 പ്രവൃത്തികൾ.
- സംസ്ഥാന പദ്ധതിയിൽ നിന്നും 1562 കോടി രൂപയുടെ 1448 പ്രവൃത്തികൾ.
- നബാർഡിൽ നിന്നും 736 കോടി രൂപയുടെ 39 പ്രവൃത്തികൾ.

- **കേന്ദ്രാവിഷ്കൃത കുടിവെള്ള പദ്ധതിയിൽ നിന്നും 620 കോടിരൂപയുടെ 52 പ്രവൃത്തികൾ.**

**155) ഇങ്ങനെ 8523 കോടി രൂപയുടെ 1891 പദ്ധതി കളിലായി ഏതാണ്ട് 10 കോടി ലിറ്റർ പ്രതിദിന ഉൽപ്പാദനശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഈ പ്രവൃത്തി കൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്നുള്ളതാണ് വെല്ലുവിളി. പ്രളയകാലത്ത് ഉൽപ്പാദനശേഷിയുടെ 52 ശതമാനം പ്രവർത്തന രഹിതമായത് രണ്ടാഴ്ചകൊണ്ട് പുനസ്ഥാപി ക്കുന്നതിനും ശബരിമലയിലെ കുടിവെള്ള മാലിന്യസംസ്കരണം ഉറപ്പുവരുത്തുന്നതിനും വാട്ടർ അതോറിറ്റി ജീവനക്കാർ കാണിച്ച ശുഷ്കാന്തിയും കാര്യക്ഷമതയും പകർത്താ നായാൽ ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സംസ്ഥാനത്തെ കുടി വെള്ളക്ഷാമം ഗണ്യമായി പരിഹരിക്കുന്നതിനും കഴിയും.**

**156) മാത്രമല്ല, മേൽപ്പറഞ്ഞ പദ്ധതികളിലെ മൂന്നിലൊന്ന് നിലവിലുള്ള വിതരണ പൈപ്പുകൾ മാറ്റിയിടുന്നതിനാണ്. ഇതുവഴി വിതരണനഷ്ടം**

ഗണ്യമായി കുറയ്ക്കുന്നതിനും ഒരു യൂണിറ്റ് വെള്ളത്തിന്റെ ചെലവ് താഴ്ത്തുന്നതിനും കഴിയും. ഇന്ന് ഒരു കിലോ ലിറ്റർ വെള്ളത്തിന്റെ ശരാശരി ചെലവ് 23.72 രൂപയാണ്. വെള്ളത്തിന് ഈടാക്കുന്ന ശരാശരി വിലയാകട്ടെ 9.5 രൂപയും. ഈ വിടവ് കുറയ്ക്കേണ്ടതുണ്ട്. ഇതിനു സമൂല മായൊരു പൊളിച്ചെഴുത്ത് അനിവാര്യമാണ്.

157) കേരള വാട്ടർ അതോറിറ്റിക്ക് 675 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര പദ്ധതികളിൽ നിന്ന് 400 കോടി രൂപകൂടി ലഭ്യമാകും. 2020-21-ൽ വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം വാണിജ്യാടി സ്ഥാനത്തിൽ ലഭ്യമാകും. അരുവിക്കര കുപ്പിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് 2 കോടി രൂപ അനുവദിക്കുന്നു. ആലപ്പുഴ കുടിവെള്ള പദ്ധതി വൈകുന്ന പശ്ചാത്തല ത്തിൽ പഴയ സ്രോതസ്സുകൾ പുനരുജ്ജീവി പ്പിക്കുന്നതിനുവേണ്ടി വരൾച്ച നേരിടുന്നതിനുള്ള അടിയന്തിര പദ്ധതിയുടെ ഭാഗമായി 4 കോടി രൂപ അധികമായി അനുവദിക്കുന്നു.

**വനം**

**158) വനം വകുപ്പിന്റെ അടങ്കൽ 179 കോടി രൂപയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് 56 കോടി രൂപ അധികമായി പ്രതീക്ഷിക്കുന്നു. വന്യജീവി-മനുഷ്യ സംഘർഷ ലഘൂകരണത്തിന് കിഫ്ബിയിൽ നിന്നുള്ള 110 കോടി രൂപയ്ക്കു പുറമേ പദ്ധതിയിൽ നിന്ന് 24 കോടി രൂപ ലഭ്യമാക്കും. 2020ൽ തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ പുത്തൂരിലേയ്ക്ക് പുനരധി വസിപ്പിക്കും.**

**159) സർ, 2020-ൽ വനമേഖലയിലെ നൂതനമായ ഇടപെടൽ വനത്തിന്റെ ഉൾക്കാടുകളിലുള്ള താമസക്കാരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി യാണ്. വനങ്ങൾ തുടർച്ചയായുള്ള വലിയൊരു പ്രദേശമായി നിലനിർത്തിക്കൊണ്ടു മാത്രമേ സംരക്ഷിക്കാനാകൂ. മനുഷ്യ ഇടപെടലുകൾ നിബിഡ-ഉൾക്കാടുകളുടെ പുറത്തുള്ള പ്രദേശ ങ്ങളിലായി പരിമിതപ്പെടുത്തണം. ഇതിന് റീബിൽഡ് കേരളയിൽ നിന്ന് 106 കോടി രൂപ അനുവദിച്ചിട്ടുണ്ട്.**

**പട്ടികവിഭാഗങ്ങൾ**

160) "അരശന്റെ മുന്നിലും

ഒരാളുടെ മുന്നിലും

പിൻകൈകെട്ടാതെ

മുൻകൈ കെട്ടി

തല കുനിച്ചു നിൽക്കാതെ

കാക്കണമേയെന്ന്

വീണ്ടും വീണ്ടുമവൻ

ഒച്ചയിടുന്നു"എന്നാണ് ആത്മവിശ്വാസത്തിനുവേണ്ടിയുള്ള പട്ടികവിഭാഗക്കാരുടെ വാഞ്ചയെ കവി അശോകൻ മറയൂർ വരച്ചിടുന്നത്. സർ, സാമൂഹ്യമായി മുന്നേറാൻ സാമ്പത്തികനില മെച്ചപ്പെടേണ്ടത് അനിവാര്യമാണ്. പക്ഷേ, ഇന്ത്യയിൽ പൊതുവേ പട്ടികവിഭാഗങ്ങളോടുള്ള സമീപനമെന്താണ്? ഒരു സംസ്ഥാനത്തും ജനസംഖ്യാനുപാതമായി വികസനഫണ്ട് പട്ടികവർഗ്ഗക്കാർക്ക് വകയിരുത്തുന്നില്ല. പഞ്ചവത്സര പദ്ധതി വേണ്ടെന്നു

വച്ചതോടെ ഇങ്ങനെയൊരു തത്വം തന്നെ അപ്രസക്തമായിരിക്കുകയാണ്. കേരളത്തി ലാകട്ടെ ജനസംഖ്യാനുപാതത്തിൽ നിന്നും ഉയർന്ന നിലയ്ക്ക് 12.64 ശതമാനം വകയിരുത്തി യിരിക്കുന്നു. പട്ടികജാതി ഉപപദ്ധതിയുടെ അടങ്കൽ 2,730 കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെ അടങ്കൽ 786 കോടി രൂപയുമാണ്. ഇതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 458 കോടി രൂപകൂടി ലഭ്യമാകും.

161) ഏറ്റവും മുന്തിയ പരിഗണന പാർപ്പിടത്തിനാണ്. ഭൂരഹിതർക്ക് ഭൂമിക്കു വേണ്ടിയും പണി തീരാത്ത വീടുകൾ പൂർത്തീകരിക്കാനും ലൈഫ് മിഷനുള്ള വിഹിതവും പഠനമുറികൾക്കുംവേണ്ടി പട്ടികജാതി ഉപപദ്ധതിയിൽ 685 കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 247 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2020-21-ൽ ലൈഫ്മിഷ നിൽ നിന്നും 15000 പട്ടികജാതി കുടുംബ ങ്ങൾക്കും 5000 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നൽകുന്നതാണ്. ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പഠനമുറി പദ്ധതി പ്രകാരം ഇതുവരെ 8465 വീടുകൾക്ക് മുറി നിർമ്മിച്ചു

നൽകിയിട്ടുണ്ട്. 2020-21-ൽ 4000 പഠനമുറികൾ കൂടി നിർമ്മിച്ചു നൽകും.

162) സർ, ഒഴുക്കിനെതിരെ

നീന്തിത്തുടിച്ച്

ആർപ്പുവിളിച്ചും

കൊരവയിട്ടും

വള്ളത്തിലേയ്ക്കെത്തുന്ന

ഒരുപിടി അക്ഷരക്കൂട്ടങ്ങൾ എന്ന എം ആർ രാധാമണിയുടെ വരികളിൽ വിദ്യാഭ്യാസം നേടി സാമൂഹ്യ മുന്നേറ്റത്തിനുള്ള ഉത്കടമായ അഭിവാഞ്ചയുണ്ട്. പാർപ്പിടം കഴിഞ്ഞാൽ വിദ്യാഭ്യാസത്തിനാണ് മുൻതൂക്കം. പട്ടികജാതി ഉപപദ്ധതിക്ക് 386 കോടിരൂപയുംപട്ടികവർഗ്ഗ ഉപപദ്ധതിക്ക് 115 കോടി രൂപയുമാണ് വിദ്യാഭ്യാസത്തിനായി വകയിരുത്തിയിട്ടുള്ളത്. മോഡൽ റെസിഡന്റ്ഷ്യൽ സ്കൂളുകൾക്ക് കിഫ്ബി വഴി 93 കോടി രൂപയും പദ്ധതിയിൽ നിന്നും 23 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പുതിയതായി സ്കൂൾ പ്രവേശനം നേടുന്ന

പട്ടികവർഗ്ഗത്തിൽപ്പെടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് ആ വിഭാഗത്തിൽപ്പെട്ട റ്റി.റ്റി.സി, ബി.എഡ് യോഗ്യതയുള്ള യുവതി-യുവാക്കളെ മെൻഡർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്ര ബന്ധു പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കും.

163) പട്ടികവിഭാഗ യുവജനങ്ങൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടി നടപ്പാക്കി പ്ലെയ്സ്മെന്റ് നൽകുന്നതിനു കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പരിപാടി വിജയപ്രദമാണ്. 4896 പേർക്ക് ഇതിനോടകം പ്ലെയ്സ്മെന്റ് നൽകിയിട്ടുണ്ട്. ഇതിൽ 383 പേർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭിച്ചു. 2020-21-ൽ പതിനായിരം പേർക്ക് തൊഴിൽ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

**മറ്റുസമുദായക്ഷേമം**

164) പിന്നാക്ക സമുദായ ക്ഷേമത്തിനുവേണ്ടി 101 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 53 കോടി രൂപ ഒഇസി വിദ്യാഭ്യാസ സ്കീമുകൾക്കാണ്. കേന്ദ്രവിഹിതമടക്കം 36 കോടി രൂപ സ്കോളർഷിപ്പുകൾക്കുണ്ട്.

മൺപാത്ര വികസന കോർപ്പറേഷന് ഓഹരിമൂലധനമായി 50 ലക്ഷം രൂപ നൽകുന്നു.

165) ന്യൂനപക്ഷ ക്ഷേമത്തിനായി 42 കോടി രൂപ വകയിരുത്തുന്നു.

166) മുന്നോക്കസമുദായ ക്ഷേമത്തിനായി 36 കോടി രൂപ വകയിരുത്തുന്നു.

**വയോജനസംരക്ഷണം**

167) ഈ മേഖലയിൽ 2019-20-ൽ ഉണ്ടായ ഏറ്റവും ശ്രദ്ധേയമായ വയോജന മേഖലയിലെ സംഭവ വികാസം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 25000 വയോജന അയൽക്കൂട്ടങ്ങൾ ആരംഭിച്ചതാണ്. ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾക്കുവേണ്ടി സ്നേഹിത കാളിംഗ്ബെൽ സ്കീമും ആവിഷ്കരിച്ചു. എന്നാൽ രണ്ട്-മൂന്ന് വാർഡുകൾക്ക് ഒരു പകൽവീട് എന്ന നിർദ്ദേശം വേണ്ടത്ര പ്രാവർത്തികമായിട്ടില്ല. തദ്ദേശഭരണ സ്ഥാപന ങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും 290 കോടി രൂപയെങ്കിലും വയോജനങ്ങൾക്കായി നീക്കി

വയ്ക്കാൻ ബാധ്യസ്ഥരാണ്. 2020-21-ലെ പ്രാദേശിക പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയേ തീരൂ. പുതിയ കെട്ടിടം പണിയേണ്ടതില്ല. നിലവിലുള്ള വായനശാലകളെയും വാടകയ്ക്ക് എടുക്കുന്ന വീടുകളെയും ഇതിനായി ഉപയോഗപ്പെടുത്താം. വയോജന അയൽക്കൂട്ട ങ്ങളെ ഈ കേന്ദ്രങ്ങളോട് ബന്ധപ്പെടുത്തണം. 6.5 കോടി രൂപ വകയിരുത്തിയിട്ടുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ സായംപ്രഭ പരിപാടിയും സംയോജിപ്പിക്കണം. വയോമിത്രം പരിപാടിക്ക് 24 കോടി രൂപ വകയിരുത്തുന്നു. സർ, വയോജന ക്ഷേമത്തിനായിട്ടുള്ള പരിപാടികൾ എല്ലാ വകുപ്പുകളിലുമായി പരന്നു കിടക്കുന്നവയാണ്. ഇവയെ മൊത്തത്തിൽ ജെൻഡർ ബജറ്റെന്നപോലെ തന്നെ എൽഡർ ബജറ്റും തയ്യാറാക്കുന്നതും ബജറ്റ് രേഖകൾക്കൊപ്പം ലഭ്യമാക്കുകയും ചെയ്യും.

168) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചിരുന്ന 100 കോടി രൂപ അടിയന്തിരമായി നൽകുന്നതാണ്. 2020-21-ൽ 50 കോടി രൂപകൂടി അനുവദിക്കുന്നു.

**ഭിന്നശേഷിക്കാരുടെ സംരക്ഷണം**

169) ഭിന്നശേഷിക്കാർക്ക്ജീവിതചക്രത്തിന്റെ ഓരോ ഘട്ടത്തിലും പിന്തുണ കൊടുക്കുന്നതിന് ഉതകുന്ന ഒരു നയപരിപാടി ചട്ടക്കൂട് ആവിഷ്കരിച്ചതിനാണ് രാജ്യത്തെ ഏറ്റവും മികച്ച ഭിന്നശേഷി സംരക്ഷണ സംസ്ഥാനത്തിനുള്ള കേന്ദ്രസർക്കാരിന്റെ അവാർഡ് കേരളത്തിനാണ് ലഭിച്ചത്. ഗർഭാവസ്ഥയിൽ തന്നെ വൈകല്യങ്ങളെ തടയാൻ എംഎംആർ വാക്സിൻ അടക്കമുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങളാണ് തുടക്കം. ശൈശവാവസ്ഥയിൽ തന്നെ സ്ക്രീനിംഗിലൂടെ വൈകല്യങ്ങൾ കണ്ടെത്തുകയും പരിഹാര നടപടികൾ സ്വീകരിക്കുകയുമാണ് അടുത്തഘട്ടം. ഇതിനായുള്ള അനുയാത്ര, ശ്രുതിതരംഗം, ആരോഗ്യകിരണം തുടങ്ങിയ പദ്ധതികൾക്ക് 50 കോടി രൂപ വകയിരുത്തുന്നു.

170) മൈൽഡ്, മോഡറേറ്റ് ഭിന്നശേഷിക്കാരായ കുട്ടികളെ സാധാരണ സ്കൂളിലാണ് ചേർക്കുക. പരീക്ഷണാടിസ്ഥാനത്തിൽ തീവ്രതയുടെ വ്യത്യാസം പരിഗണിക്കാതെ മുഴുവൻ

**ഭിന്നശേഷിക്കാരെയും പ്രത്യേക ക്ലാസിലോ പൊതുക്ലാസിലോ പഠിപ്പിക്കുന്ന ഓട്ടിസം പാർക്കുമുണ്ട്.**

**171) സർ, സന്നദ്ധ സംഘടനകളും മറ്റും നടത്തുന്ന 290 സ്പെഷ്യൽ സ്കൂളുകൾക്ക് ധനസഹായ മായി 40 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമെ 18 വയസു കഴിഞ്ഞവരുടെ സംരക്ഷണത്തിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നു. വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള പദ്ധതി അടങ്കലിൽനിന്ന് ഇതിനാവശ്യമായ അധികതുക കണ്ടെത്തേണ്ടതാണ്. ബഡ് സ്കൂളുകൾക്ക് 35 കോടി രൂപ വകയിരുത്തുന്നു. ഭിന്നശേഷി കലാകാരൻമാരെ പരിശീലിപ്പിക്കുക മാത്രമല്ല, അവരെ പ്രൊഫഷണൽ പെർഫോമേഴ്സായി തൊഴിൽ നൽകുകയും ചെയ്യുന്ന ഡിഫറന്റ് ആർട്ട് സെന്ററിന് 1 കോടി രൂപ വകയിരുത്തുന്നു.**

**172) ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്കും പരിചരണ ത്തിനും 40 കോടി രൂപയും മാനസികാരോഗ്യ പരിപാടികൾക്ക് 31 കോടി രൂപയും വകയിരുത്തുന്നു. ബാരിയർ ഫ്രീ കേരളയ്ക്കായി**

9 കോടി രൂപയുമുണ്ട്. തിരുവനന്തപുരം നഗരത്തിലെ 28 പൊതുസ്ഥാപനങ്ങൾ ബാരിയർ ഫ്രീ ആക്കുന്നതിന് ഒരു പ്രത്യേക സ്കീം നടപ്പാക്കും. ഭിന്നശേഷിക്കാരുടെ പരിചരണ സഹായികൾക്കുള്ള അലവൻസായി 40 കോടി രൂപ വകയിരുത്തുന്നു.

173) സാമൂഹ്യനീതി, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശഭരണം തുടങ്ങിയ വകുപ്പുകളിലായി 217 കോടി രൂപയാണ് ഈ മേഖലയ്ക്കു നീക്കിവെയ്ക്കുന്നത്. ഇതിനു പുറമെ തദ്ദേശ ഭരണസ്ഥാപനങ്ങൾ 290 കോടി രൂപയെങ്കിലും നീക്കിവെയ്ക്കാൻ ബാധ്യസ്ഥരാണ്. മൊത്തം 500 കോടിയിൽപ്പരം രൂപ കനിവോടെയും ഏകോപിതമായും ചെലവഴിക്കാനായി ഉണ്ട്.

ട്രാൻസ്ജൻഡർ

174) ട്രാൻസ്ജെൻഡേഴ്സിനുള്ള പ്രത്യേക അയൽ ക്കൂട്ടങ്ങൾ കുടുംബശ്രീ സംഘടിപ്പിക്കുന്നു. ഇവരുടേതായ ഒരു സഹകരണ സംഘത്തിനു രൂപം നൽകിയിട്ടുണ്ട്. മഴവില്ല് പരിപാടിയ്ക്ക് 5 കോടി രൂപ വകയിരുത്തുന്നു.

**സംസ്കാരം**

**175) സാംസ്കാരിക മേഖലയുടെ അടങ്കൽ 157 കോടി രൂപയാണ്. ചില പുതിയ സ്കീമുകൾ ആരംഭിക്കുന്നുണ്ട്.**

- **താളിയോല ശേഖരം സംരക്ഷിക്കുന്നതിനു വേണ്ടി പുതിയ കെട്ടിടത്തിന് 4 കോടി രൂപ.**
- **കാര്യവട്ടത്ത് ഇന്റനാഷണൽ ആർകൈസ് സ്റ്റഡി ആൻഡ് റിസർച്ച് സെന്ററിന് 6 കോടി രൂപ.**
- **അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗ പ്പെടുത്തി പുതിയൊരു ശ്രീചിത്ര ആർട്ട് ഗ്യാലറി നിർമ്മിക്കുന്നതിനു വേണ്ടി 8 കോടി രൂപ.**
- **കേരള ലളിതകലാ അക്കാദമിക്ക് 7 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 2 കോടി രൂപ കേരളത്തിലെ മ്യൂസിയം സജ്ജീകരി ക്കുന്നതിന് കലാകാരൻമാരെ കരാറടി സ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടിയാണ്.**

- ആറ്റിങ്ങൽ കലാപത്തിന്റെ 300-ാം വാർഷികത്തോട് അനുബന്ധിച്ച് ആറ്റിങ്ങൽ കൊട്ടാരത്തിൽ സമുചിതമായ പൈതൃക സ്മാരകം നിർമ്മിക്കുന്നതിന് 3 കോടി രൂപ അനുവദിക്കുന്നു.

- കഴിഞ്ഞ ബജറ്റിൽ വനിതാ സംവിധായകർക്ക് 3 കോടി രൂപ ധനസഹായം പ്രഖ്യാപിച്ചിരുന്നു. ഇത് തുടരും. ഇതിനു പുറമേ 3 കോടി രൂപ പട്ടികവിഭാഗത്തിൽ നിന്നുള്ള സംവിധായ കരുടെ പ്രോത്സാഹത്തിനായി വകയിരു ത്തുന്നു. ഒരാൾക്കു നൽകുന്ന സഹായം 50 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

- അമച്വർ നാടകങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തിനുവേണ്ടി 3 കോടി രൂപ അധികമായി അനുവദിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന നാടകത്തിന് പരമാവധി 5 ലക്ഷം രൂപയാണ് ലഭിക്കുക.

- കെ.എം മാണി ഫൗണ്ടേഷന് സ്മാരക മന്ദിരം നിർമ്മിക്കുന്നതിന് 5 കോടി രൂപയും പൊന്നാനിയിൽ ഇ.കെ ഇമ്പിച്ചിബാവയുടെ വീട് സ്മാരകമായി ഏറ്റെടുക്കുന്നതിന് 5 കോടി

രൂപയും ഉണ്ണായി വാര്യർ സാംസ്ക്കാരിക കലാനിലയത്തിന് ഒരു കോടി രൂപയും വകയിരുത്തുന്നു.

- എറണാകുളം പബ്ലിക് ലൈബ്രറി സിഎസ്ആർ ഫണ്ടും മറ്റും ഉപയോഗിച്ച് 12 കോടി രൂപയ്ക്ക് പുനരുദ്ധരിക്കുകയാണ്. സംസ്ഥാന സർക്കാർ വിഹിതമായി 1 കോടി രൂപ അനുവദിക്കുന്നു.
- യേശുദാസ് ഡിജിറ്റൽ ലൈബ്രറി രൂപീകരിക്കുന്നതിന് 75 ലക്ഷം അനുവദിക്കുന്നു.

## സ്പോർട്സ്

176) സ്പോർട്സിനും യുവജനക്ഷേമത്തിനുംകൂടി 120 കോടി രൂപ വകയിരുത്തുന്നു. കിഫ്ബി പദ്ധതികൾകൂടി കണക്കിലെടുക്കുമ്പോൾ കേരളത്തിലെ സ്പോർട്സ് സൗകര്യങ്ങളിൽ വലിയൊരു കുതിപ്പുണ്ടാകാൻ പോകുന്ന വർഷമാണ് 2020-21. സ്പോർട്സ് കൗൺസിലിന് 33 കോടി രൂപ വകയിരുത്തുന്നു. ആറളത്തെ യോഗ കേന്ദ്രത്തിന് 2 കോടി രൂപ അനുവദിക്കുന്നു.

**തുറമുഖം**

**177) തുറമുഖ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ടാണ്. 11കെവി ലൈനിന്റെയും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും ബർത്ത് പൈലിംങ്ങിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ 97 ശതമാനമായി. എന്നാൽ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന്റെ 20 ശതമാനവും ഭൂമി നികത്തലിന്റെ 60 ശതമാനവും അക്രോപോഡ് വാർക്കലിന്റെ 60 ശതമാനവും മാത്രമേ തീർന്നിട്ടുള്ളൂ. പദ്ധതിക്ക് 2021 മാർച്ച് വരെ 350 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. ഇത് പ്രമുഖ പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള 1000 കോടി രൂപയിൽ നിന്നാണ് കണ്ടെത്തിയത്. ഇതിനു പുറമേ തുറമുഖ വകുപ്പിന് 69 കോടി രൂപ വകയിരുത്തുന്നു.**

**ഗതാഗതം**

**178) കെഎസ്ആർടിസിക്ക് പ്രത്യേക ധനസഹായ മായി 1,000 കോടി രൂപ അനുവദിക്കുന്നു. പദ്ധതിയിൽ 109 കോടി രൂപ വകയിരുത്തുന്നു.**

179) ജലഗതാഗത വകുപ്പിന് 111 കോടി രൂപ അനുവദിക്കുന്നു. ഇതിൽ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ടിന് 26 കോടി രൂപ വകയിരുത്തുന്നു. കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റിന് 75 കോടി രൂപ വകയിരുത്തുന്നു.

**സിവിൽ സപ്ലൈസ്**

180) സിവിൽ സപ്ലൈസ് കോർപ്പറേഷന് 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 38 കോടി രൂപ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റിന്റെ സജ്ജീകരണങ്ങൾക്കു വേണ്ടിയാണ്. സപ്ലൈകോയുടെ ഔട്ട്ലറ്റുകൾ നവീകരിക്കുന്നതിന് 12 കോടി രൂപ വകയിരുത്തുന്നു.

**സഹകരണം**

181) സഹകരണ മേഖലയുടെ അടങ്കൽ 134 കോടി രൂപയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്കുള്ള 41 കോടി രൂപയുടെ വിവിധങ്ങളായ ധനസഹായങ്ങളാണ്. സഹകരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽ

ക്കരണത്തിനും 7 കോടി രൂപ വകയിരുത്തുന്നു. കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ നാളികേരം സംഭരിക്കുന്നതിനും മൂല്യവർദ്ധന നടത്തുന്നതിനും നിർണ്ണായകമായ നടപടികൾ സ്വീകരിക്കാൻ പോകുന്ന വർഷമാണ് 2020-21. ഈ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ 10 കോടി രൂപ വകയിരുത്തുന്നു.

**സംസ്ഥാന ഭാഗ്യക്കുറി**

182) 2015-16-ൽ 5,445 കോടി രൂപയായിരുന്നു കേരള ഭാഗ്യക്കുറിയുടെ വിറ്റുവരവ്. ഇത് 2019-20-ൽ 12,000 കോടി രൂപയായി ഉയരും. 2020-21ൽ 15,000 കോടി രൂപയാണ് ലക്ഷ്യം. ലോട്ടറി മാഫിയയുടെ കുതന്ത്രങ്ങളാണ് നാം നേരിടുന്ന ഭീഷണി. ജിഎസ്ടി നിരക്ക് 28 ശതമാനമായി ഏകീകരിക്കുന്നതിന് അവർ വിജയിച്ചു. നമ്മൾ ഉണ്ടാക്കിയ ചട്ടങ്ങൾ അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് വലിയ തടസ്സമാണ്. ഈ ചട്ടങ്ങളെ അവർ കോടതിയിൽ ചോദ്യം ചെയ്തിരിക്കുകയാണ്. കേസ് ഫലപ്രദമായി നടത്തുന്നതിനോടൊപ്പം ലോട്ടറി മാഫിയയ്ക്കെതിരെ

കേരളത്തെ ഒറ്റക്കെട്ടായി അണിനിരത്തേണ്ട തുണ്ട്. ഇതിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ലോട്ടറി വകുപ്പിൽ സമഗ്ര സോഫ്ട് വെയർ പരിഷ്കരണം ഈ സാമ്പത്തിക വർഷം നടപ്പിലാകും. ഭാഗ്യക്കുറികളുടെ ആധികാരികത പൊതുജനങ്ങൾക്കുതന്നെ പരിശോധിക്കാനുതകുന്ന സംവിധാനം നിലവിൽ വരികയാണ്.

**യൂണിഫോംഡ് ഫോഴ്സസ്**

183) പൊലീസ്, വിജിലൻസ് വകുപ്പുകളുടെ ആധുനികവൽക്കരണത്തിന് 193 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമേ സംസ്ഥാന വിഹിതമടക്കം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 60 കോടി രൂപ ലഭിക്കും.

184) ജയിൽ നവീകരണത്തിന് 16 കോടി രൂപയും തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസ ത്തിനും വേണ്ടി 10 കോടി രൂപയും വകയിരുത്തുന്നു.

185) ഫയർ ആന്റ് റസ്ക്യു സർവ്വീസിന്റെ അടങ്കലായ70 കോടി രൂപ ഏതാണ്ട്

പൂർണ്ണമായും ആധുനിക ഉപകരണങ്ങളും സാങ്കേതിക സൗകര്യങ്ങളും ഉറപ്പാക്കുന്നതിനു വേണ്ടിയാണ്.

186) എക്സൈസ് വകുപ്പിന് 12 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 5 കോടി രൂപ വിമുക്തി ലഹരിവിമുക്ത പരിപാടികൾക്കു വേണ്ടിയാണ്.

187) മോട്ടോർ വാഹന നികുതി വകുപ്പിന്റെ അടങ്കൽ 39 കോടി രൂപയാണ്. ഇതിൽ 6 കോടി രൂപ റോഡ് സുരക്ഷാ നടപടികൾക്കു വേണ്ടിയാണ്.

**മറ്റു റഗുലേറ്ററി വകുപ്പുകൾ**

188) ട്രഷറിയിൽ സാങ്കേതിക നവീകരണത്തിനുള്ള മുന്തിയ പരിഗണന തുടരും. 20 കോടി രൂപ വകയിരുത്തുന്നു. പുനരുദ്ധാരണത്തിന് കൂടുതൽ ട്രഷറി കെട്ടിടങ്ങൾ ഏറ്റെടുക്കും.

189) ലാന്റ് റവന്യു വകുപ്പിന് ആകെ 86 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 42 കോടി രൂപ കമ്പ്യൂട്ടറൈസേഷനും 18 കോടി രൂപ സ്മാർട്ട് റവന്യു ഓഫീസിനുമാണ്.

**190) സംസ്ഥാന ദുരന്തനിവാരണ വകുപ്പിന് 1034 കോടി രൂപ വകയിരുത്തുന്നു.**

**191) തൊഴിൽ വകുപ്പിന് 305 കോടി രൂപ വകയിരുത്തുന്നു. അതിഥി തൊഴിലാളികൾക്കുള്ള സ്കീമുകൾക്ക് 20 കോടി രൂപ വകയിരുത്തുന്നു.**

**192) സ്റ്റേറ്റ് ഓഡിറ്റിന് 84 കോടി രൂപയും സ്റ്റേറ്റ് ഇൻഷ്വറൻസിന് 19 കോടി രൂപയും വകയിരുത്തുന്നു.**

**193) കിഫ്ബി വഴിയുള്ള രജിസ്ട്രേഷൻ ഓഫീസുകളുടെ പുനർനിർമ്മാണം ഈ വർഷം ഏതാണ്ട് പൂർത്തിയാകും. രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനും ഡിജിറ്റലൈസേഷനും വേണ്ടി 10 കോടി രൂപ വകയിരുത്തുന്നു.**

**194) ജിഎസ്ടി വകുപ്പിന്റെ സാങ്കേതികനവീകരണത്തിനും സർവ്വയലൻസ് ക്യാമറ ശൃംഖല സ്ഥാപിക്കുന്നതിനും 15 കോടി രൂപ വകയിരുത്തുന്നു.**

195) ലീഗൽ മെട്രോളജി വകുപ്പിന് 10 കോടി രൂപ വകയിരുത്തുന്നു.

196) പ്രിന്റിംഗ് ആൻഡ് സ്റ്റേഷനറിക്ക് 9 കോടി രൂപ വകയിരുത്തുന്നു.

197) ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന് 2 കോടി രൂപ വകയിരുത്തുന്നു. ഈ വകുപ്പിന്റെ സർവ്വേ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്നും 64 കോടി രൂപ പ്രതീക്ഷിക്കുന്നു.

198) സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പള പരിഷ്കരണം ഈ വർഷം നടപ്പിലാക്കുന്നതാണ്. ഡിഎ കുടിശിക ഘട്ടങ്ങളായി അടുത്ത സാമ്പത്തിക വർഷം നൽകും.ഹൗസ്ബിൽഡിംഗ് അഡ്വാൻസ് സർക്കാർ ജീവനക്കാരുടെ അഭിപ്രായം മാനിച്ച് സർക്കാർ നേരിട്ടു നൽകുന്ന രീതിയിൽ പുനസ്ഥാപിക്കുന്നതാണ്.

**ഭരണഘടനാ സ്ഥാപനങ്ങൾ**

199) ജുഡീഷ്യറിയുടെ അടങ്കൽ 33 കോടി രൂപയാണ്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കോടതി സമുച്ചയങ്ങൾക്ക് പുറമേയാണിത്.

200) പബ്ലിക് സർവ്വീസ് കമ്മീഷൻ - 5 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 3 കോടി രൂപ കമ്പ്യൂട്ടറൈസേഷനും വകയിരുത്തുന്നു.

201) നിയമസഭ - പുതിയ അപ്പാർട്ട്മെന്റുകളുടെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുന്നു.

മറ്റുള്ളവ

202) ഇൻഫർമേഷൻ ആൻഡ് പബ്ലിസിറ്റിക്ക് 38 കോടി രൂപ വകയിരുത്തുന്നു.

203) സംസ്ഥാന ആസൂത്രണ ബോർഡിന് 30 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 18 കോടി രൂപ ജില്ലാ പ്ലാനിംഗ് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയാണ്.

## VII

## നികുതി നിർദ്ദേശങ്ങൾ

204) ആമുഖത്തിൽ പറഞ്ഞതുപോലെ കേന്ദ്ര വിവേചനവും സാമ്പത്തികമാന്ദ്യവും മൂലം സംസ്ഥാന ഖജനാവ് ഗൗരവമായ സാമ്പത്തിക ഞെരുക്കത്തിലാണ്. എങ്കിലും വികസന സ്തംഭനം ഉണ്ടാക്കുന്ന രീതിയിൽ ചെലവുകൾ വെട്ടുക്കുറയ്ക്കുന്നതിന് തയ്യാറല്ലായെന്ന് തുടർന്നുള്ള ഖണ്ഡികകളിൽ നിന്നും വ്യക്തമായിക്കാണുമല്ലോ. 2019-20-ലെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 15 ശതമാനം ഉയർന്ന ചെലവാണ് അധികമായി പ്രഖ്യാപിച്ച ബജറ്റ് നിർദ്ദേശങ്ങളിൽ ചെലവാക്കുന്നതിന് ലക്ഷ്യമിടുന്നത്. ബജറ്റ് പ്രഖ്യാപനങ്ങളിലുള്ളത്. ചെലവ് വെട്ടിക്കുറയ്ക്കുന്ന ധനനയം സാമ്പത്തിക മാന്ദ്യത്തിന്റെ സാധ്യതകളെ യാഥാർത്ഥ്യമാക്കി മാറ്റുന്നതിലാണ് പര്യവസാനിക്കുക. എന്നാൽ ചെലവ് ഗണ്യമായി ഉയരുകയും വരുമാന വർദ്ധനവ് പ്രതീക്ഷിച്ച തോതിൽ

ഉയരാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഇനിമേൽ തുടരാനാകില്ല.

**ചെലവു ചുരുക്കൽ**

205) സർ, ചെലവിന്റെ കാര്യക്ഷമത ഉയർത്തുകയും ഒഴിവാക്കാവുന്ന അധികച്ചെലവുകൾ നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനുള്ള ചില നിർദ്ദേശങ്ങൾ ആദ്യം പറയട്ടെ. അതിനുശേഷം വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളിലേയ്ക്കു കടക്കാം.

206) സർക്കാരിന്റെ ക്ഷേമ-സേവന പ്രവർത്തനങ്ങളിൽ അനർഹരെഒഴിവാക്കാൻ കഴിയണം. വയോജന-ക്ഷേമ പെൻഷൻകാരുടെ മസ്റ്ററിംഗ് ഏതാനും ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാകും. പലതവണ സമയം നീട്ടിക്കൊടുത്തിട്ടും 4.98 ലക്ഷം പേർ ഇതുവരെ മസ്റ്ററിംഗിനു വരികയോ, വീട്ടിൽ വന്ന് വിവരങ്ങൾ ശേഖരിക്കണമെന്ന കത്ത് തദ്ദേശഭരണ സെക്രട്ടറിക്ക് നൽകാനോ തയ്യാറായിട്ടില്ല. മരിച്ചവർ, സർക്കാർ പെൻഷൻകാർ, സ്ഥലത്ത് ഇല്ലാത്തവർ, അനർഹരായി ഒന്നിലേറെ

പെൻഷൻ വാങ്ങുന്നവർ, വിവാഹിതരായിട്ടും വിധവാ പെൻഷൻ വാങ്ങുന്നവർ ഇങ്ങനെ യൊക്കെയുള്ള ആളുകൾ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യപ്പെടും. ഈ നടപടികൊണ്ട് ഒരു വർഷം 700 കോടി രൂപയുടെ ചെലവ് ഒഴിവാക്കാനായി. ഇതിനു കഴിഞ്ഞതു കൊണ്ടാണ് ഈ സാമ്പത്തിക ഞെരുക്കത്തിന്റെ കാലത്ത് അർഹരായവർക്ക് പെൻഷൻ തുകയിൽ 100 രൂപ ഉയർത്തുന്നതിന് കഴിഞ്ഞത്. ഇത്തരം പരിശോധന സർക്കാരിന്റെ വിവിധ സ്കീമുകളിലെ ഗുണഭോക്താക്കളെ സംബന്ധിച്ച് തുടർന്ന് നടത്തുന്നതാണ്.

207) ഈ സർക്കാരിന്റെ കാലത്ത് 17614 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വളരെയേറെ പരിശോധനകൾക്കും ചർച്ചകൾക്കും ശേഷമാണ് ഈ തസ്തികകൾക്ക് അനുവാദം നൽകിയത്. എന്നാൽ ഇങ്ങനെയൊരു പരിശോധനയോ സർക്കാരിന്റെ അറിവോ ഇല്ലാതെ 18119 തസ്തികകളാണ് സർക്കാർ-എയ്ഡഡ് സ്കൂളു കളിൽ സൃഷ്ടിക്കപ്പെട്ടത്. 13255 പേർ പ്രൊട്ടക്ടഡ് അധ്യാപകരായി തുടരുകയും ചെയ്യുന്നു. വിദ്യാഭ്യാസാവകാശ നിയമത്തെ

**തുടർന്ന് അധ്യാപക-വിദ്യാഭ്യാസ അനുപാതം ലോവർ പ്രൈമറി സ്കൂളുകളിൽ ഒരു അധ്യാപകന് 45 കുട്ടികളിൽ നിന്നും 30 കുട്ടികളായും അപ്പർ പ്രൈമറി സ്കൂളുകളിൽ 35 കുട്ടികളായും കുറച്ചു. എന്നു മാത്രമല്ല, ഈ അനുപാതത്തേക്കാൾ ഒരു കുട്ടി കൂടുതലുണ്ടെങ്കിൽ പുതിയ തസ്തിക സൃഷ്ടിക്കാമെന്ന് വ്യാഖ്യാനവുമുണ്ടായി. ഉപജില്ലാ തലത്തിൽ എഇഒ അംഗീകരിച്ചാൽ തസ്തികയായി. തസ്തികകൾ സൃഷ്ടിച്ചതിനെക്കുറിച്ച് അനേകം പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളിൽ പരിശോധന നടത്തിയേ തീരൂ. ഒരു കുട്ടി വർദ്ധിച്ചാൽ ഒരു തസ്തിക എന്ന സ്ഥിതി മാറ്റണം. സർക്കാർ അറിഞ്ഞേ തസ്തികകൾ സൃഷ്ടിക്കാവൂ. ഇതിനുതകുന്ന രീതിയിൽ കെഇആർ ഭേദഗതി ചെയ്യും.**

**208) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 21,174 കോടി രൂപയാണ് 2020-21-ൽ ചെലവഴിക്കുന്നതെന്ന്പറഞ്ഞുവല്ലോ. എല്ലാ ജനകീയ മിഷനുകളും കാമ്പയിനുകളും തദ്ദേശഭരണ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. ഇന്നുള്ള സ്റ്റാഫ് ഇതിന്**

**അപര്യാപ്തമാണ്. എന്നാൽ, തദ്ദേശഭരണ വകുപ്പിൽത്തന്നെ ഡിആർഡിഎ, പെർഫോമൻസ് ഓഡിറ്റ് എന്നീ വിഭാഗങ്ങളിലായി ഏതാണ്ട് 700 ജീവനക്കാരുണ്ട്. അവരുടെ ചുമതലകൾക്ക് ഇന്ന്പ്രസക്തിയില്ല. ഇന്ന് അവർ ചെയ്യുന്ന തിനേക്കാൾ എത്രയോ പ്രധാനപ്പെട്ട കാര്യങ്ങ ളാണ് കീഴ്ത്തട്ടിൽ ചെയ്യാനുള്ളത്. അതുകൊണ്ട് അവരെ പുനർവിന്യസിക്കണമെന്ന് തീരുമാനി ച്ചിരിക്കുകയാണ്. ഈ ധനകാര്യ വർഷം അവസാനിക്കുംമുമ്പ് മുഴുവൻ പേരെയും പുനർവിന്യസിക്കും.**

**209) ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതോടെ 234 ജീവനക്കാർ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽഅധികമായി. അവരിൽ 25 പേരെ ലോട്ടറി വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചു. ബാക്കിയുള്ളവരെ പഞ്ചായ ത്തിലേയ്ക്കും പുനർവിന്യസിക്കും. ഇത്തര ത്തിൽ പുനർവിന്യാസം നടത്തുമ്പോൾ തങ്ങളുടെ നാട്ടിലെ തദ്ദേശഭരണ സ്ഥാപനത്തി ലേയ്ക്കുതന്നെ ഓപ്ഷൻ നൽകുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും.**

210) ഇത്തരത്തിൽ ഓരോ വകുപ്പുമെടുത്ത് വിശദമായ പരിശോധന നടത്തും. കമ്പ്യൂട്ടറൈസേഷന്റെ പശ്ചാത്തലത്തിൽ കീഴ്ത്തട്ടിലെ പലതസ്തികകളും ഇന്ന് അപ്രസക്തമാണ്. പുസ്തകങ്ങൾ ഇപ്പോൾ പ്രസ്സിൽ നിന്നും നേരിട്ട് വിദ്യാലയങ്ങളിൽ എത്തിക്കുകയാണെങ്കിലും മുമ്പ് കേന്ദ്രീകരണ വിതരണ സമ്പ്രദായം നിലവിലുണ്ടായിരുന്ന കാലത്തെ സംവിധാനങ്ങൾ ഇപ്പോഴും തുടരുകയാണ്. ഇതുപോലെ ഓരോ കാലത്തും വിവിധ സ്കീമുകൾക്കുവേണ്ടി എടുക്കുന്നവർ സ്കീമുകൾ അവസാനിച്ചാലും അവർ അവിടത്തന്നെ തുടരുന്ന സ്ഥിതിയാണ്. പണി അവസാനിച്ച എത്രയോ ജലസേചന പദ്ധതികളിൽ എഞ്ചിനീയർമാർ മടങ്ങിപ്പോയിട്ടില്ല. അതേസമയം, പ്രാദേശിക നീർത്തട വികസന പരിപാടികളും തോട് ശുചീകരണവും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും മറ്റും എത്രയോ എഞ്ചിനീയർമാരെ ആവശ്യമുണ്ട്.

211) കാർ വാങ്ങുന്നത്, റ്റിഎബില്ലുകൾ, പുതിയ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂഷനുകൾ തുടങ്ങി ചെലവ് ചുരുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ

സംബന്ധിച്ച് ഒരു ഉത്തരവ് നിലവിലുണ്ട്. ഇത് കൂടുതൽ കർശനമായി നടപ്പിലാക്കും. കാറുകൾ വാങ്ങുന്നതിനു പകരം മാസ വാടകയ്ക്ക് എടുക്കുക എന്നതാണ് നയം. കേന്ദ്രസർക്കാർ സ്ഥാപനമായ ഇ.ഇ.എസ്.എൽ.മായി കരാറു ണ്ടാക്കി ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് എടുക്കുന്നതിന് തയ്യാറായാൽ 1000 വണ്ടിക്ക് 7.5 കോടി രൂപയെങ്കിലും ലാഭിക്കാനാകും. മേൽപ്പറഞ്ഞ നടപടികളിലൂടെ 1,500 കോടി രൂപയുടെ അധികച്ചെലവെങ്കിലും ഒഴിവാക്കാ നാകുമെന്നാണ് കരുതുന്നത്.

## ചരക്കുസേവന നികുതി

212) ചരക്ക് സേവന നികുതിയിൽ നാം പ്രതീക്ഷിച്ച വരുമാനം ഉണ്ടായിട്ടില്ല. ഇതിനുള്ള കാരണങ്ങൾ പ്രസംഗത്തിന്റെ തുടക്കത്തിൽ പരാമർശി ച്ചതിനാൽ ഇനി ആവർത്തിക്കുന്നില്ല. 2015-16 അടിസ്ഥാന വർഷമായി എടുത്ത് 14 ശതമാനം വളർച്ച നിരക്ക് കണക്കാക്കിയാൽ 28,416 കോടിരൂപ നമുക്ക് ലഭിക്കേണ്ടി യിരിക്കുന്നു. എന്നാൽ ഡിസംബർ 2019 വരെ

**15,030 കോടി രൂപയാണ് ജി.എസ്.റ്റിയിൽ ലഭിച്ചത്. സംരക്ഷിത വരുമാനവും ജി.എസ്.റ്റി.-യിൽ ലഭിച്ച തുകയും തമ്മിലുള്ള വ്യത്യാസം കോമ്പൻസേഷനായി ലഭിക്കേണ്ടതാണെങ്കിലും കേന്ദ്ര ഗവൺമെന്റ് ഇതിൽ വീഴ്ച വരുത്തുകയാണ്.**

**213) 2020-21 സാമ്പത്തിക വർഷത്തിൽ കോമ്പൻ സേഷൻ പരിധിക്ക് പുറത്ത് കടക്കുകയാണ് നമ്മുടെ ലക്ഷ്യം. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.**

1. **ജിഎസ്ടി വകുപ്പിലെ 75 ശതമാനം ഉദ്യോഗസ്ഥരെയും ജിഎസ്ടി നികുതി പിരിവിലേയ്ക്ക് മാത്രമായി വിന്യസിക്കും.**

2. **ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം മറ്റു സംസ്ഥാനങ്ങളിൽ ജി.എസ്.ടി രജിസ്ട്രേഷനുകൾ ഇരട്ടിയലധികമായെങ്കിലും കേരളത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ല. ഒരുലക്ഷത്തോളം പുതിയ രജിസ്ട്രേഷനുകൾ ഉൾപ്പെടുത്തി നികുതി ശൃംഖല വിപുലീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.**

3. **2017-18, 2018-19 എന്നീ വർഷങ്ങളിലെ വർഷാന്ത്യ റിട്ടേണുകൾ മാർച്ച് മാസം അവസാനിക്കും മുമ്പ് ലഭിക്കും. ഇവ സൂക്ഷ്മമായ പരിശോധനയ്ക്കും ഓഡിറ്റിനും വിധേയമാക്കും. ഇതിലൂടെ നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും കണ്ടെത്തുകയും ഈടാക്കുകയും ചെയ്യും.**

4. **ജി.എസ്.റ്റി.എൻ ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഡാറ്റ അനലിറ്റിക്സ് മാർഗ്ഗങ്ങൾ ഉപയോഗിച്ച് വിശകലനത്തിന് വിധേയമാക്കും. പരിശോധനയും ഓഡിറ്റും നടത്തേണ്ട മേഖലകളെ കണ്ടെത്തുന്നതിന് ഡാറ്റ അനലറ്റിക്ക് റിപ്പോർട്ടുകൾ ഉപയോഗിക്കും.**

5. **അതിർത്തികളിൽ സ്ഥാപിച്ച ക്യാമറകളിലൂടെ ചരക്ക് വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കും. ഇവ ഇ-വേബില്ലുകളുമായി ഒത്തുനോക്കുവാനുള്ള സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ അതിർത്തിവഴിയുള്ള കള്ളക്കടത്ത് തടയുവാൻ കഴിയും.**

6. **വ്യാപാരത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ മറ്റു സ്രോതസുകളിൽ നിന്നും ശേഖരിച്ച് വ്യാപാരികളുടെ റിട്ടേണുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നതാണ്.**

7. **ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കുന്നതിനു സമർപ്പിച്ച വിവരങ്ങളുടെ ആധികാരികത വ്യാപാര സ്ഥലത്ത് നേരിട്ടെത്തി പരിശോധിക്കും. ഇതിന് മൊബൈൽ ആപ്പ് പോലുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തും.**

8. **രജിസ്റ്റേർഡ് വ്യാപാരികളുടെ റിട്ടേൺ ഫയലിംഗ്, നികുതി ഒടുക്കൽ എന്നിവ കൃത്യമായി നിരീക്ഷിക്കുന്നതിന് അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരെ പ്രത്യേകമായി ചുമതലപ്പെടുത്തുന്നതാണ്. വീഴ്ച വരുത്തുന്ന വ്യാപാരികളുമായി ഇവർ നിരന്തരം ഫോണിൽ ബന്ധപ്പെട്ടും, വ്യാപാരസ്ഥലം സന്ദർശിച്ചും, സംശയങ്ങൾ ദൂരീകരിച്ചും, അവരുടെ പ്രതികരണങ്ങൾ മൊബൈൽ ആപ്പ് വഴി രേഖപ്പെടുത്തുന്നതുമാണ്.**

9. ഇ-വേബില്ലുകൾ, മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ സമന്വയിപ്പിച്ച് റിട്ടേണുകളുമായി ഒത്തുനോക്കി വിശകലനം ചെയ്തിട്ടുള്ള റെഡ്ഫ്ലാഗ് റിപ്പോർട്ടുകൾ അനന്തര നടപടികൾക്കായി ഓഫീസർ മാർക്ക് ലഭ്യമാക്കും.

10. ജി.എസ്.റ്റി സർവ്വയലൻസ് യൂണിറ്റുകളുടെ കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരും. ഇതിനായി അമരവിള, വാളയാർ, മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ കമാന്റ് സെന്ററുകൾ സ്ഥാപിക്കും.

11. നികുതി വെട്ടിപ്പ് സാധ്യതയുള്ള ചരക്കു കൾക്കും സേവനങ്ങൾക്കും നിർബന്ധിത ഇ-ഇൻവോയിസുകൾ ഏർപ്പെടുത്തും.

12. 2020ലെ കേന്ദ്ര ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള സി.ജി.എസ്.ടി ഭേദഗതി കൾക്ക് സമാനമായ ഭേദഗതികൾ സംസ്ഥാന ജി.എസ്.ടി നിയമത്തിലും ഉൾപ്പെടു ത്തുന്നതാണ്.

**കേരള മൂല്യവർദ്ധിത നികുതി**

**214) നികുതി വകുപ്പിന്റെ കണക്കുകൾ പ്രകാരം 13000 കോടിരൂപയാണ്മൂല്യവർദ്ധിത/കേരള പൊതു വിൽപ്പന നികുതി കുടിശിക. ഇതിന്റെ ബ്രേക്കപ്പ് ഇപ്രകാരമാണ്.**

- **റവന്യു റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കാൻ കഴിയാത്തത് 400 കോടി രൂപ**
- **വ്യാപാരം മതിയാക്കിയതോ ജിഎസ്ടി സംവിധാനത്തിലേയ്ക്ക് മാറാത്തതോ ആയ വ്യാപാരികളുടെ കുടിശിക 5000 കോടി രൂപ**
- **കോടതിയിലും അപ്പീലിലുമുള്ളത് 4500 കോടി രൂപ**
- **ബാക്കി 3100 കോടി രൂപ**

**215) മുൻകാല അനുഭവങ്ങൾ കണക്കിലെടുത്തുകൊണ്ട് സമഗ്രമായ ഒരു ആംനസ്റ്റി പദ്ധതി കുടിശിക പിരിക്കുന്നതിന് പ്രഖ്യാപിക്കുകയാണ്.**

- **നികുതിയിന്മേലുള്ള മുഴുവൻ പലിശയും പിഴയും ഒഴിവാക്കുന്നതാണ്.**

- അഡ്മിറ്റഡ് ടാക്സ് പൂർണ്ണമായും അടയ്ക്കണം. പക്ഷെ, തർക്കത്തിലുള്ള നികുതിയുടെ 50 ശതമാനം ഇളവ് അനുവദിക്കുന്നതാണ്.

- അപ്പീലിൽ ഉൾപ്പെട്ടിട്ടുള്ളതിലടക്കം എല്ലാത്തരം നികുതി കുടിശികകൾക്കും ആംനസ്റ്റി ബാധകമാകും.

- 2020 ജൂലൈ 31-നകം അപേക്ഷ നൽകണം.

- ആംനസ്റ്റി ഉത്തരവു ലഭിച്ച് 30 ദിവസത്തിനകം ബാക്കി കുടിശിക മൊത്തമായി അടയ്ക്കുന്ന വർക്ക് 10 ശതമാനം റിബേറ്റ് നൽകുന്ന തായിരിക്കും. തവണ വ്യവസ്ഥ സ്വീകരിക്കുന്ന വർ കുടിശിക തുകയുടെ 20 ശതമാനം ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം നൽകേണ്ടതും, ബാക്കി തുക നാലുതവണ കളായി 2020 ഡിസംബർ 31-ന് മുമ്പായി അടച്ചുതീർക്കണം.

216) മുൻ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം കുടിശിക അടയ്ക്കാൻ കഴിയാത്തവർക്ക് ഈ പദ്ധതി സ്വീകരിക്കാവുന്നതും കഴിഞ്ഞ

പദ്ധതിയിൽ അടച്ച തുകയ്ക്ക് നികുതിയിന്മേൽ ക്രെഡിറ്റ് ലഭിക്കുന്നതുമാണ്. കൂടാതെ ഡിമാന്റ് നോട്ടീസ് ലഭിച്ചതിനുശേഷം അടച്ച തുകയ്ക്കും നികുതിയിന്മേൽ ക്രെഡിറ്റ് ലഭിക്കുന്നതാണ്. നികുതി വെട്ടിപ്പ് കോമ്പൗണ്ട് ചെയ്ത വേളയിൽ അടച്ച നികുതി, നിർണ്ണയിക്കപ്പെടുന്ന തുകയിൽ വരവു വെയ്ക്കുന്നതാണ്. ഈ പദ്ധതി സ്വീകരിച്ച് പൂർത്തിയാകുന്ന കേസുകളിൽ പിന്നീട് റീ ഫണ്ട് അനുവദനീയമല്ല. മുൻ സ്കീമിലെ മറ്റു വ്യവസ്ഥകൾ തുടരുന്നതാണ്.

217) അസെസ്മെന്റ് പൂർത്തിയായി 30 ദിവസത്തിനകം ഈ പദ്ധതി സ്വീകരിക്കാവുന്നതാണ്. അപ്പീൽ ഉത്തരവുകൾ പ്രകാരം അസെസ്മന്റുകൾ പുതുക്കിയ കേസുകളിലും ഇതു ബാധകമാണ്. കേരള മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, സർചാർജ്ജ് നിയമ പ്രകാരമുള്ള കുടിശിക, കേരള കാർഷിക ആദായ നികുതി തുടങ്ങിയ നിയമങ്ങളുടെ കീഴിൽ വരുന്ന കുടിശികകൾക്കും ഈ പദ്ധതി ബാധകമായിരിക്കും. സർക്കാർ അപ്പീൽ ഫയൽ ചെയ്ത കേസുകളിൽ നികുതി നിർണ്ണയാധികാരിയുടെ

ആദ്യ ഉത്തരവിലെ ഡിമാന്റ് ആസ്പദമാക്കി ഈ പദ്ധതി സ്വീകരിക്കാവുന്നതാണ്.ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള എല്ലാ നികുതി കുടിശിക കളും ഒരുമിച്ചു തീർപ്പാക്കേണ്ടതാണ്. ഈ പദ്ധതി സ്വീകരിച്ച് പൂർത്തിയാക്കുന്ന കേസുകളിൽ റീഫണ്ട് അനുവദനീയമല്ല. ആംനസ്റ്റി സ്വീകരിച്ച് നൽകുന്ന ഉത്തരവുകൾ സ്വമേധയാ പുനപരി ശോധിക്കുന്നതിന് നികുതി കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കും.

218) അനുമാന നികുതിദായകരുടെ ആംനസ്റ്റി, അടയ്ക്ക കർഷകരുടെ ആംനസ്റ്റി എന്നിവ തുടരുന്നതാണ്. പുതിയ പദ്ധതി സ്വീകരിച്ചാൽ മറ്റ് ആംനസ്റ്റികൾ തുടരുന്നത് അനുവദനീയമല്ല.

219) മൂല്യവർദ്ധിത നികുതി നിയമ പ്രകാരം റിട്ടേൺ റിവൈസ് ചെയ്യുന്നതിന് 2019 സെപ്തംബർ 30 വരെ അവസരം നൽകിയിരുന്നു. വ്യാപാരികളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് 2020 ഡിസംബർ 31 വരെ ദീർഘിപ്പിക്കുന്നു.

220) ജിഎസ്ടിയിൽ ലയിപ്പിച്ച മൂല്യവർദ്ധിത നികുതി, ആഡംബര നികുതി എന്നിവയിൽ 2014-15 മുതൽ തീർപ്പാകാനുള്ള നികുതി നിർണ്ണയങ്ങൾ

2021 മാർച്ച് 31-ന് തീർക്കുന്നതാണ്. പിഴ അടിസ്ഥാനമാക്കിയുള്ള കേസുകൾ കമ്മീഷണ റേറ്റിൽ നിന്നും പരിശോധന നടത്തി അപാകത കണ്ടെത്തുന്ന കേസുകൾ, അക്കൗണ്ടന്റ് ജനറൽ അപാകത കണ്ടെത്തിയ കേസുകൾ എന്നിവയിൽ മാത്രമായി നികുതി നിർണ്ണയ നടപടിക്രമങ്ങൾ ചുരുക്കും.

**കേരള പൊതുവിൽപ്പനനികുതി**

221) 2019-20 ബജറ്റിൽ കേരള പൊതുവിൽപ്പന നികുതി നിയമത്തിനു കീഴിലുള്ള കുടിശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത ആംനസ്റ്റി ഈ വർഷവും തുടരുന്നതാണ്.

222) സർക്കാർ നയത്തിന്റെ ഭാഗമായി അടച്ചുപൂട്ടുകയും പിന്നീട് ലൈസൻസ് ലഭിക്കുകയും ചെയ്ത ബാർ ഹോട്ടലുകൾക്ക് സോഫ്റ്റുവെയറിലെ പ്രശ്നങ്ങൾമൂലം കൃത്യമായി റിട്ടേണുകൾ യഥാസമയം സമർപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ഇത്തരം കേസുകളിൽ വ്യാപാരികൾക്ക് അസെസ്മെന്റുകളിലൂടെ ചുമത്തപ്പെട്ട നികുതിയും പിഴയും ദുർവഹ

മാണെന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുതകാലഘട്ടത്തിലെ വ്യാപാരത്തിൽ കോമ്പൗണ്ടിംഗ് രീതിയിൽ കണക്കാക്കി നികുതി അടയ്ക്കാനുള്ള അവസരം നൽകും. കേരള പൊതുവിൽപ്പന നികുതി നിയമത്തിൽ പറഞ്ഞിട്ടുള്ള കോമ്പൗണ്ടിംഗ് സമ്പ്രദായത്തിന്റെ എല്ലാ നിബന്ധനകളും ഇവർക്കും ബാധക മായിരിക്കും. ഇപ്രകാരം നികുതി അടയ്ക്കുന്ന വർക്ക് പിഴ ഒഴിവാക്കുന്നതും ടേണോവർ ടാക്സ് പിരിച്ചെടുക്കാത്ത നികുതി ആയതിനാൽ പലിശയിൽ 50 ശതമാനം ഇളവ് അനുവദി ക്കുന്നതുമാണ്. ഇതിനുള്ള അപേക്ഷ ജൂലെ 31നു മുമ്പ് സമർപ്പിക്കുകയും ഒന്നാം ഗഡുവായി നികുതിയുടെ 20 ശതമാനം ഒരു മാസത്തിനുള്ളിൽ അടയ്ക്കുകയും ബാക്കി തുക ഡിസംബർ 31നു മുമ്പായി നാലു ഗഡുക്കളായി അടയ്ക്കുകയും വേണം.

ആഡംബര നികുതി

223) 2019-20ലെ ബജറ്റിൽ 5 ലക്ഷം രൂപവരെ വിറ്റുവരവുള്ള വ്യാപാരികളുടെ നികുതി നിർണ്ണയങ്ങൾ നിബന്ധനകൾക്ക് വിധേയമായി

**പൂർത്തിയായതായി പ്രഖ്യാപിച്ചിരുന്നു. ഈ ആനുകൂല്യം 10 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വ്യാപാരികൾക്കും ബാധകമാക്കുന്നു.**

**മോട്ടോർ വാഹനനികുതി**

**224) ഇലക്ട്രിക് വാഹനങ്ങളുടെ പ്രോത്സാഹനം സർക്കാർ നയമാണ്. ഇതിനായി,**

- **ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ആദ്യ അഞ്ചുവർഷത്തെ നികുതി പൂർണമായും ഒഴിവാക്കുന്നതാണ്.**
- **പുതുതായി വാങ്ങുന്ന പെട്രോൾ, ഡീസൽ ഓട്ടോറിക്ഷകളുടെ ആദ്യ അഞ്ചുവർഷ നികുതിയിൽ ഏർപ്പെടുത്തിയിരുന്ന റിബേറ്റ് എടുത്തു കളയുന്നു. ഇത്തരം വാഹനങ്ങളുടെ ആദ്യ അഞ്ചുവർഷത്തെ ഒറ്റത്തവണ നികുതി 2500 രൂപയായി നിജപ്പെടുത്തുന്നു.**
- **പുതുതായി വാങ്ങുന്ന ഇലക്ട്രിക് കാറുകൾ, ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ, സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഇലക്ട്രിക് പ്രൈവറ്റ് സർവീസ് വാഹനങ്ങൾ, മുച്ചക്ര**

**വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതി അഞ്ചു ശതമാനമായി നിജപ്പെടുത്തുന്നു.**

**225) ഡീലർമാരുടെ കൈവശമുള്ളതും ഡെമോ ആവശ്യങ്ങൾക്കു മാത്രമായി ഉപയോഗിക്കുന്നതുമായ വാഹനങ്ങൾക്ക് ഒരുവർഷത്തേയ്ക്ക് ഇതേ തരത്തിലുള്ള പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ അടയ്ക്കേണ്ടതായ നികുതിയുടെ 1/15 നികുതി ഏർപ്പെടുത്തുന്നതാണ്. ഇത്തരം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ 15 വർഷത്തെ ഒറ്റത്തവണ നികുതി ബാധകമാക്കുന്നതാണ്.**

**226) മൾട്ടിആക്സിൽ വാഹനങ്ങളുടെ ത്രൈമാസ നികുതി അയൽ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങളുടെ നികുതിയേക്കാൾ കൂടുതലാണ്. ആയതിനാൽ ടിപ്പർ വിഭാഗത്തിൽപ്പെടാത്തതും 20000 കിലോഗ്രാം രജിസ്റ്റേർഡ് ലെയ്ഡൻ വെയിറ്റിൽ കൂടുതലുള്ളതുമായ ചരക്കുവാഹനങ്ങളുടെ നികുതിയിൽ 25 ശതമാനം കുറവ് പ്രഖ്യാപിക്കുന്നു.**

227) മോട്ടോർ വാഹനടാക്സേഷൻ നിയമത്തിൽ വാങ്ങൽവില എന്നത് വാഹന ഡീലർ അല്ലെങ്കിൽ വാഹന നിർമ്മാതാവ് നൽകുന്ന ഇൻവോയിസിൽ ഏതെല്ലാം വിശദാംശങ്ങൾ ഉണ്ടോ അതെല്ലാം ചേർത്തിട്ടുള്ള വിലയാണ്. പത്തുലക്ഷത്തിനു മുകളിൽ വിലയുള്ള വാഹനം വിൽക്കുമ്പോൾ വാഹനം വിൽക്കുന്നവർ ഒരു ശതമാനം നികുതി പിടിച്ച് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന് അടയ്ക്കേണ്ടതായിട്ടുണ്ട്. ഇത് പിന്നീട് വാഹന ഉടമ അടയ്ക്കുന്ന വരുമാന നികുതിയിൽ അഡ്ജസ്റ്റ് ചെയ്യാം. ഈ തുക വാങ്ങൽവില കണക്കാക്കുമ്പോൾ ഉൾപ്പെടുന്നില്ല എന്ന് നിയമത്തിൽ വ്യക്തത വരുത്തുന്നതാണ്.

228) രണ്ടു ലക്ഷം വരെ വില വരുന്ന മോട്ടോർ സൈക്കിളുകൾക്ക് ഒരു ശതമാനവും, പതിനഞ്ചു ലക്ഷം വരെ വിലവരുന്ന മോട്ടോർ കാറുകൾ, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവീസ് വാഹനങ്ങൾ എന്നിവയുടെ നികുതിയിൽ രണ്ട് ശതമാനവും വർദ്ധനവ് വരുത്തുന്നു. ഇതുവഴി 200 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

229) സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മുച്ചക്ര വാഹനങ്ങളുടെ നികുതി കഴിഞ്ഞ 13 വർഷമായും കൺസ്ട്രക്ഷൻ വാഹനങ്ങളുടെ നികുതി കഴിഞ്ഞ 10 വർഷമായും വർദ്ധിപ്പിച്ചിട്ടില്ല. അതിനാൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങളുടെ നികുതിയിൽ 2 ശതമാനം വർദ്ധന വരുത്തുന്നു. ഇതിൽ നിന്നും 8 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

230) പൊല്യൂഷൻ ടെസ്റ്റിംഗ്സ്റ്റേഷനുകളുടെ ലൈസൻസ്ഫീ കഴിഞ്ഞ പതിനാറു വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. ഇത്പതിനയ്യായിരം രൂപയായി വർദ്ധിപ്പിക്കുന്നു.

231) ഇപ്പോൾ 74 നമ്പരുകൾ മാത്രമാണ്ഫാൻസി നമ്പരുകളായി കേരള മോട്ടോർവാഹന ചട്ടത്തിൽ നിശ്ചയിച്ചിട്ടുള്ളത്. ഈ ശ്രേണിയിലേയ്ക്ക് കൂടുതൽ നമ്പരുകൾ ഉൾക്കൊള്ളിക്കുന്നതാണ്.

232) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസുകളുടെ നികുതി കഴിഞ്ഞ 23 വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. സർക്കാർ/എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെ രജിസ്റ്റർ ചെയ്തിട്ടുള്ള എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസുകളുടെ നികുതി

സീറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വർദ്ധിപ്പിക്കുന്നതാണ്. ഇരുപതു സീറ്റുകൾ വരെയുള്ള ബസുകൾക്ക് സീറ്റ് ഒന്നിന് 50 രൂപയായും 20 സീറ്റുകൾക്ക് മുകളിലുള്ള ബസുകൾക്ക് സീറ്റ് ഒന്നിന് 100 രൂപയായും ത്രൈമാസ നികുതി വർദ്ധിപ്പിക്കുന്നു. ഇതിൽ നിന്നും 6 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

233) പൊതുഗതാഗതം പരമാവധി പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാർ നയം. എന്നാൽ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതായ സ്റ്റേജ് കാര്യേജുകളുടെ നികുതിയിൽ അധികവർദ്ധന ഉണ്ടായി എന്ന പരാതി നിലനിൽക്കുന്നുണ്ട്. ആയതിനാൽ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്ന സ്റ്റേജ് കാര്യേജുകളുടെ നികുതിയിൽ 10 ശതമാനം കുറവു വരുത്തുന്നതാണ്.

234) മോട്ടോർ വാഹന ചട്ടപ്രകാരം ട്രാൻസ്പോർട്ട് വാഹനങ്ങളിൽ പരസ്യം പതിക്കുന്നതിന് 100 സ്ക്വയർ സെന്റിമീറ്ററിന് ഒരു വർഷത്തേയ്ക്ക്

20 രൂപയും ഡിജിറ്റൽ പരസ്യം പതിക്കുന്നതിന് 40 രൂപയുമാണ് ഈടാക്കുന്നത്. ട്രാൻസ്പോർട്ട് വാഹനങ്ങളിൽ പരസ്യം പതിക്കുന്നതിനുള്ള കുറഞ്ഞ കാലാവധി ഒരു മാസമായി നിജപ്പെടുത്തുന്നു. ഫീസ് ഒരു മാസത്തേയ്ക്ക് 100 സ്ക്വയർ സെന്റീമീറ്ററിന് സാധാരണ പരസ്യങ്ങൾക്ക് 5 രൂപ നിരക്കിലും ഡിജിറ്റൽ പരസ്യങ്ങൾക്ക് 10 രൂപ നിരക്കിലും എന്ന് പരിഷ്കരിക്കുന്നു. കേരള മോട്ടോർ വാഹന ചട്ടത്തിൽ തദനുസൃതമായ ഭേദഗതി വരുത്തുന്നതാണ്.

235) കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ നിരവധി സ്വകാര്യ വാഹനങ്ങൾ പുതുച്ചേരി ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ തുടർച്ചയായി സർവ്വീസ് നടത്തിയിരുന്നു. ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടികൾ കോടതി വ്യവഹാരങ്ങളിൽപ്പെട്ട് തടസ്സം നേരിട്ടിരുന്നു. ഈ വാഹനങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത തീയതി മുതലുള്ള നികുതി കേരളത്തിൽ അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥ വാഹന ങ്ങളുടെ മേൽവിലാസം മാറ്റുന്നതിന് വാഹന

ഉടമകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ഇതും അനുബന്ധ വ്യവഹാരങ്ങളും ഒഴിവാക്കുന്നതിനും ഇത്തരം വാഹനം കേരളത്തിലേയ്ക്ക് മേൽവിലാസം മാറ്റുന്നതിനായി മറ്റു സംസ്ഥാന ങ്ങളിൽ നിന്നും എൻഒസി എടുത്ത തീയതി മുതൽ കേരളത്തിലെ നികുതി അടച്ചാൽ മതിയെന്ന വ്യവസ്ഥ കൊണ്ടുവരികയാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ പിഴകളും ഒഴിവാക്കുന്നു. ഇപ്പോൾ കോടതി വ്യവഹാര ങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾക്കും ഈ ആനുകൂല്യം ബാധകമാണ്.

236) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്വകാര്യ വാഹനം സ്ഥിരമായി ടി സംസ്ഥാനത്തും കേരളത്തിലും ഇടവിട്ടിടവിട്ട് സർവ്വീസ് നടത്തുക യാണെങ്കിൽ എൻഒസി എടുക്കാതെയും രജിസ്ട്രേഷൻ മാറ്റാതെയും കേരളത്തിലെ നിലവിലുള്ള നിരക്കിലെ നികുതി അടച്ച് വാഹനം സർവ്വീസ് നടത്തുന്നതിനും അനുവാദം നൽകുന്നതാണ്.

237) വാഹനങ്ങളുടെ നികുതി കുടിശിക ഒറ്റത്തവണ യായി അടയ്ക്കുന്നതിന് മുൻവർഷങ്ങളിൽ

ഏർപ്പെടുത്തിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ചില ഭേദഗതികളോടെ ഈ വർഷവും തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. നാലു വർഷമോ അതിൽക്കൂടുതലോ നികുതി കുടിശികയുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾ അവസാനത്തെ നാലു വർഷത്തെ കുടിശികയുടെ 30 ശതമാനവും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ നാലു വർഷത്തെ നികുതി കുടിശികയുടെ 40 ശതമാനവും അടച്ച് നിയമനടപടികളിൽ നിന്നും ഒഴിവാകാവുന്നതാണ്. നിലവിൽ സർവ്വീസ് നടത്താത്തതും ഉപയോഗശൂന്യമായതോ കൈമാറ്റം ചെയ്യപ്പെട്ടതോ ആയ വാഹനങ്ങൾക്ക് സത്യവാങ്മൂലം നൽകി ഭാവിയിലുണ്ടാകാവുന്ന ബാധ്യതയിൽ നിന്നും ഒഴിവാകുകയും ചെയ്യാം. നിലവിൽ റവന്യൂ റിക്കവറികൾ നടപടികൾ വഴി കുടിശിക നികുതി അടയ്ക്കുന്നവർക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താം.

238) 2007 ജനുവരി 1ന് മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടതും എന്നാൽ കഴിഞ്ഞ പത്തു വർഷമായി മോട്ടോർ വാഹന വകുപ്പിൽ യാതൊരു സേവനത്തിനും സമീപിക്കാത്തതുമായ ട്രാൻസ്പോർട്ട് വാഹന ങ്ങളുടെയും കഴിഞ്ഞ 20 വർഷമായി മോട്ടോർ

വാഹന വകുപ്പിൽ ഒരു സേവനത്തിനും സമീപിക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹന ങ്ങളുടെയും നികുതി കുടിശിക വകുപ്പിന്റെ അരിയർ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നു. എന്നാൽ ടി വാഹനം പിന്നീട് സർവ്വീസ് നടത്തുകയാണെന്ന് കണ്ടെത്തിയാൽ പ്രസ്തുത വാഹനത്തിന്റെ മുഴുവൻ നികുതി കുടിശികയും പിഴയോടുകൂടി ഈടാക്കും.

239) കേരള മോട്ടോർ വാഹന നികുതി നിയമത്തിലെ സെക്ഷൻ 22 പ്രകാരം സർക്കാർ കസ്റ്റഡിയിലുള്ള വാഹനത്തിന് കസ്റ്റഡി കാലയളവിലുള്ള നികുതി ഒഴിവാക്കി കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നികുതി അടയ്ക്കാ ത്തതിന് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങളുടെ കസ്റ്റഡി കാലയളവിലുള്ള നികുതി വാഹന ഉടമ ഫോറം ജി നൽകിയില്ലെങ്കിൽ ഒഴിവാക്കി നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഇത്തരം വാഹനങ്ങൾക്കും വാഹന ഉടമ ഫോറം ജി നൽകിയില്ലെങ്കിലും കസ്റ്റഡി കാലയളവിലുള്ള നികുതി ഒഴിവാക്കി നൽകുന്നതാണ്.

**രജിസ്ട്രേഷനും സ്റ്റാമ്പ് ഡ്യൂട്ടിയും**

240) വിവരസാങ്കേതിക മേഖലയിലെ നൂതനാശയമായ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ അടിസ്ഥാന മായി രജിസ്ട്രേഷൻ സംവിധാനം പരിഷ്കരി ക്കുന്നതും ആധാര മാതൃകകൾക്ക് ഫോം രൂപം നൽകിക്കൊണ്ട് സ്മാർട്ട് കോൺട്രാക്ട് എന്ന ആശയം നടപ്പിൽ വരുത്തുന്നതാണ്.

241) സബ് രജിസ്ട്രാർ ഓഫീസുകളെ ഐഎസ്ഒ നിലവാരത്തിൽ എത്തിക്കുന്നതാണ്.

242) ഈസ് ഓഫ് ബിസിനസ് എന്നത് നടപ്പിലാ ക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിനങ്ങളിലും രജിസ്ട്രേഷൻ സൗകര്യം ഒരുക്കുന്നതാണ്.

243) ഫ്ലാറ്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കുന്നതിന് വില നിശ്ചയി ക്കുന്നതിനുള്ള കൃത്യമായ സംവിധാനമില്ല. ഇത്വൻതോതിൽ നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നുണ്ട്. ഇതുപരിഹരിക്കാനായി സെൻട്രൽ പിഡബ്ല്യുഡിയുടെ നിരക്കു പ്രകാരം

വില നിർണ്ണയിക്കുന്നതിന് കേരള സ്റ്റാമ്പ് ആക്ടിൽ ഭേഗദതി കൊണ്ടുവരുന്നതാണ്. ഇതിലൂടെ 225 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

244) ഭൂമിയുടെ വിപണി വിലയും സർക്കാർ നിശ്ചയിച്ചിട്ടുള്ളന്യായവിലയുംതമ്മിലുള്ളഅന്തരം കുറച്ചുകൊണ്ടുവരുന്നതിന് ഇപ്പോൾ നിലവിലുള്ള ന്യായവിലയുടെ 10 ശതമാനം വർദ്ധിപ്പിക്കുന്ന താണ്. ഇതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കാം.

245) വൻകിടപ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ചുറ്റുപാടുമുള്ള ഭൂമിയിൽ ഗണ്യമായ വിലവർദ്ധനവ് ഉണ്ടാകും. അതുകൊണ്ട് വൻകിട പ്രോജക്ടുകൾക്ക് അടുത്ത് നോട്ടിഫൈ ചെയ്യപ്പെടുന്ന ഭൂമിക്ക് വിജ്ഞാപനം ചെയ്യപ്പെട്ട ന്യായവിലയേക്കാൾ 30 ശതമാനം വരെ വില പുനർനിർണ്ണയിക്കുന്നതാണ്. ഇതുവഴി 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

246) നിലവിലുള്ള നിയമം അനുസരിച്ച് ചിട്ടി സംബന്ധമായ കുറ്റങ്ങൾ മൂന്നുതവണ മാത്രമേ കോമ്പൗണ്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ

പരിധി എടുത്തു കളയുന്നു. ഇതോടൊപ്പം തന്നെ കോമ്പൗണ്ടിംഗ് ഫീസ് വർദ്ധിപ്പിക്കുന്നതാണ്.

247) ഡെപ്പോസിറ്റ് ഓഫ് ടൈറ്റിൽഡീഡ്മുഖേനയുള്ള പണയാധാരങ്ങളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവ കുറയ്ക്കുകയുണ്ടായി. എന്നാൽ നിയമത്തിൽ പ്രത്യേക വ്യവസ്ഥ ഇല്ലാത്തതിനാൽ ഇവ രജിസ്റ്റർ ചെയ്യുന്നില്ല. ആയതിനാൽ മറ്റു സംസ്ഥാനങ്ങളിലെപ്പോലെ ഡെപ്പോസിറ്റ് ഓഫ് ടൈറ്റിൽഡീഡിന്റെ രജിസ്ട്രേഷൻ നിർബന്ധമാക്കുവാൻ രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നതാണ്.

ലാന്റ് റവന്യു

248) താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചുമത്തുന്ന വാർഷിക ആഡംബര കെട്ടിട നികുതി പുതുക്കുന്നു.

- 278.7 - 464.50 ചതുരശ്ര മീറ്റർ = 5000 രൂപ

  (3000 - 5000 ചതുരശ്രയടി)

- 464.51 – 696.75 ചതുരശ്രമീറ്റർ = 7500 രൂപ

  (5001 – 7500 ചതുരശ്രയടി)

- **696.76 – 929 ചതുരശ്രമീറ്റർ = 10000 രൂപ**

  **(7501 – 10000 ചതുരശ്രയടി)**

- **929 ചതുരശ്രമീറ്ററിനു മുകളിൽ = 12500 രൂപ**

  **(10000 ചതുരശ്രയടിക്കു മുകളിൽ)**

**5 വർഷത്തേയ്ക്കോ അതിനു കൂടുതൽ കാലത്തേയ്ക്കോ ഉള്ള ആഡംബര നികുതി ഒരുമിച്ചു മുൻകൂറായി അടയ്ക്കുന്നപക്ഷം ആകെ നികുതിയിൽ 20 ശതമാനം ഇളവ് അനുവദിക്കുന്നതാണ്. 16 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.**

**249) 2014-നു ശേഷം റവന്യു വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. പരമാവധി 30 ശതമാനത്തിൽ കവിയാത്തവിധം ഈ നികുതി യുക്തിസഹമായി പുനർനിർണ്ണയിക്കുന്നു. മേലിൽ ഗ്രാമപഞ്ചായ ത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിങ്ങനെ മൂന്നു കാറ്റഗറികളിലായിരിക്കും നികുതി നിരക്കുകൾ. മുമ്പ് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് പദവിയില്ലാതിരുന്ന പഞ്ചായത്തു കൾക്ക് ആനുപാതികമല്ലാത്ത വർദ്ധനവു**

വരുന്നത് ഒഴിവാക്കാൻ ഒരു റിബേറ്റ് നിശ്ചയിക്കുന്നതായിരിക്കും.

250) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിക്കുന്നതിനു മുന്നോടിയായി ഒറ്റത്തവണ കെട്ടിട നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന വ്യവസ്ഥ ബന്ധപ്പെട്ട നിയമങ്ങളിൽ ചേർക്കുന്നതാണ്. ഇതിലൂടെ 50 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

251) പോക്കുവരവിനുള്ള ഫീസ് പുതുക്കുന്നു. ആധാരത്തിലെ ഓരോ പട്ടികയും പ്രത്യേക യൂണിറ്റുകളായി കണക്കാക്കി ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തുന്നു.

- 10 ആർ വരെ = 100 രൂപ
- 11 – 20 ആർ വരെ = 200 രൂപ
- 21 – 50 ആർ വരെ = 300 രൂപ
- 51 – 1 ഹെക്ടർ വരെ = 500 രൂപ
- 1 ഹെക്ടറിന് മുകളിൽ 2 വരെ = 700 രൂപ
- 2 ഹെക്ടറിനു മുകളിൽ = 1000 രൂപ

ഇതിലൂടെ 8 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

252) വില്ലേജ് ഓഫീസുകളിൽ നിന്നും സ്ഥലപരിശോധന നടത്തി നൽകുന്ന ലൊക്കേഷൻ മാപ്പുകൾക്ക് 200 രൂപ ഫീസ് ഏർപ്പെടുത്തുന്നു. സർക്കാർ ഭവന പദ്ധതികൾക്കായി നൽകുന്ന ലൊക്കേഷൻ മാപ്പുകളെ ഈ ഫീസിൽ നിന്നും ഒഴിവാക്കും. ഇതിലൂടെ 50 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

253) വില്ലേജ് ഓഫീസുകളിൽ നിന്നും നൽകുന്ന തണ്ടപ്പേർ പകർപ്പിന് 100 രൂപ ഫീസ് ഏർപ്പെടുത്തുന്നു. സർക്കാർ ഭവനപദ്ധതി കൾക്കായി നൽകുന്നതണ്ടപ്പേർ പകർപ്പുകളെ ഈ ഫീസിൽ നിന്നും ഒഴിവാക്കും. ഇതിലൂടെ 50 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

254) സംസ്ഥാനത്ത് സർക്കാർ ഭൂമിപാട്ടത്തിനു നൽകിയ വകയിൽ 1173.6 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഈ കുടിശിക ഈടാക്കി കേസുകൾ തീർപ്പുകൽപ്പിക്കുന്നതിനായി ഒറ്റത്തവണ

തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിക്കുന്നു. മുനിസിപ്പൽ കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അവസാനമായി പാട്ടക്കുടിശിക പുതുക്കി നിശ്ചയിച്ച 27-01-2016, 05-02-2016 വരെയുള്ള പാട്ടക്കുടിശിക അടയ്ക്കുന്നതിന് 50 ശതമാനം ഇളവ് അനുവദിക്കുന്നു. ഇതിലൂടെ 100 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

255) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമികൾ സ്വഭാവവ്യതിയാനം വരുത്തുന്നതിന് അനുമതി നൽകുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടിക പ്രകാരമുള്ള ഫീസ് പുതുക്കി നിശ്ചയിക്കുന്നു. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏറ്റവും അടുത്തായി സ്ഥിതി ചെയ്യുന്ന പുരയിടത്തിന്റെ ന്യായവില കണക്കാക്കി ഫീസ് ഈടാക്കുന്നതാണ്. ഇതിന് ആവശ്യമായ നിയമഭേദഗതികൾ കൊണ്ടുവരുന്നതാണ്.

256) ഡാമിലെ മണല് വാരുന്നതു സംബന്ധിച്ച് പത്ത് വർഷത്തിലേറെയായി കേരളത്തിൽ ചർച്ചകൾ

നടക്കുന്നു. എന്നാൽ പല കാരണങ്ങൾകൊണ്ടും ഇത് പ്രവർത്തനപഥത്തിൽ എത്തിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ മംഗലംഡാം അന്തർദേശീയ മത്സര ടെണ്ടറിന് വിളിച്ചിട്ടുണ്ട്. ഇതിന്റെ അനുഭവംകൂടി കണക്കിലെടുത്ത് ജലവിഭവ വകുപ്പിന്റെ 12 ഡാമുകളിലും വൈദ്യുതി വകുപ്പിന്റെ 20 ഡാമുകളിലും ഖനനം നടത്തുന്ന തിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനുള്ള നടപടികളിലേയ്ക്കു നീങ്ങും. നാലു മാസത്തി നുള്ളിൽ ആറ് ഡാമുകളിലെങ്കിലും ടെണ്ടർ നടപടികൾ ആരംഭിക്കും. ഈ നടപടിക്രമങ്ങൾ ധനകാര്യ വകുപ്പ് ഏകോപിപ്പിക്കുന്നതാണ്.

## VIII

## ഉപസംഹാരം

257) സർ, 2019-20ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന്റെ സംക്ഷിപ്തരൂപം ഞാൻ അവതരിപ്പിക്കുകയാണ്.

**2019-20ലെ പുതുക്കിയ എസ്റ്റിമേറ്റ്**

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യു വരവ് | 99042.58 |
| റവന്യു ചെലവ് | 116516.85 |
| റവന്യു കമ്മി | -17474.27 |
| മൂലധന ചെലവ് (തനി) | -7958.38 |
| വായ്പകളും മുൻകൂറുകളും (തനി) | -753.59 |
| പൊതുകടം (തനി) | 19987.25 |
| പൊതുകണക്ക് (തനി) | 5899.00 |

| | |
|---|---|
| **ആകെ കമ്മി** | **-299.99** |
| **വർഷാരംഭ രൊക്ക ബാക്കി** | **-17.81** |
| **വർഷാന്ത്യ രൊക്ക ബാക്കി** | **-317.80** |

**258) 2019-20ലെ പുതുക്കിയ കണക്ക് പ്രകാരം റവന്യു വരുമാനത്തിലും പൊതുകടം വരുമാനത്തിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഇതനുസരിച്ച് ചെലവുകൾ ചുരുക്കുന്നതിന് സർക്കാർ നിർബന്ധിതമായി. മൊത്തം ചെലവ് ബജറ്റിൽ വകയിരുത്തിയതിനേക്കാൾ 12 ശതമാനം കുറവാണ്. റവന്യുകമ്മി ബജറ്റിൽ കണക്കാക്കിയ തിനേക്കാൾ ഉയർന്നതാണ്. എന്നാൽ 2017-18-നേക്കാൾ കുറവാണ്.**

**259) 2020-21ലെ ബജറ്റ് എസ്റ്റിമേറ്റ് ഞാൻ അവതരിപ്പിക്കട്ടെ.**

## 2020-21ലെ ബജറ്റ് എസ്റ്റിമേറ്റ്

***(രൂപ കോടിയിൽ)***

| | |
|---|---|
| **റവന്യു വരവ്** | **114635.90** |
| **റവന്യു ചെലവ്** | **129837.37** |
| **റവന്യു കമ്മി** | **-15201.47** |
| **മൂലധന ചെലവ് (തനി)** | **-12863.21** |
| **വായ്പകളും മുൻകൂറുകളും (തനി)** | **-1230.70** |
| **പൊതുകടം (തനി)** | **24491.91** |
| **പൊതുകണക്ക് (തനി)** | **4750** |
| **ആകെ കമ്മി** | **-53.47** |
| **വർഷാരംഭ രൊക്ക ബാക്കി** | **-317.80** |
| **വർഷാന്ത്യ രൊക്ക ബാക്കി** | **-371.27** |

| | |
|---|---|
| **ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ്** | **-632.93** |
| **നികുതി ഇളവുകൾ** | |
| **അധിക വിഭവസമാഹരണം** | **1103** |
| **വർഷാന്ത്യ രൊക്ക ബാക്കി** | **98.8** |

**260) ഇപ്പോൾ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അധിക ചെലവുകളടക്കം നടപ്പുവർഷത്തെ പുതുക്കിയ കണക്കിനേക്കാൾ 15 ശതമാനം ഉയർന്നതാണ് 2020-21-ലെ ചെലവ്. മൂലധനച്ചെലവിൽ പുതുക്കിയ കണക്കിനേക്കാൾ 58 ശതമാനത്തിന്റെ വർദ്ധനവാണ് വകയിരുത്തി യിട്ടുള്ളത്. വികസന ചെലവുകൾ വെട്ടിക്കുറ യ്ക്കാതെ സംസ്ഥാനത്തെ ധനദൃഢീകരണ പാതയിലേയ്ക്ക് നയിക്കേണ്ടതുണ്ട്. ഇതു ലക്ഷ്യമിട്ടുകൊണ്ടാണ് 1103 കോടി രൂപയുടെ അധിക വിഭവസമാഹരണം പ്രഖ്യാപിച്ചിട്ടുള്ളത്. മുൻവർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ**

തനതുവരുമാനം ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റിലുണ്ട്. ഇതിന്റെ ഫലമായി റവന്യുകമ്മി 2019-20ലെ പുതുക്കിയ കണക്കായ 2.01 ശതമാനത്തിൽ നിന്നും 1.55 ശതമാനമായി കുറയുമെന്നാണ് കണക്കാക്കുന്നത്. ധനക്കമ്മി 3 ശതമാനത്തിൽത്തന്നെ നിലനിർത്തും.

261) എന്നാൽ ഇന്നത്തെ കേരളത്തിന്റെ സാഹചര്യത്തിൽ വായ്പകൾ പൂർണ്ണമായും മൂലധനച്ചെലവിനുവേണ്ടി ഉപയോഗിക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തുന്നതിന് ഇനിയും വർഷങ്ങൾ വേണ്ടിവരും. കാരണം, ഇന്നത്തെ അക്കൗണ്ടിംഗ് രീതിയിൽ വിദ്യാഭ്യാസ, ആരോഗ്യ ചെലവുകളെ മൂലധന നിക്ഷേപമായിട്ടില്ല കണക്കാക്കുന്നത്. എന്നാൽ നമുക്ക് അത് മാനവിഭവവികസനത്തിനുള്ള മൂലധനച്ചെലവാണ്. അതുകൊണ്ട് യാന്ത്രികമായി റവന്യുക്കമ്മി ഇല്ലാതാക്കാൻ നമുക്കാകില്ല. എന്നാൽ അത് കുറച്ചുകൊണ്ടുവരണമെന്ന നമ്മുടെ ദൃഢനിശ്ചയം 2020-21-ലെ ബജറ്റ് കണക്കുകളിൽ പ്രകടമാണ്.

262) കേരളവികസന മാതൃകയ്ക്ക് ഒരു പുതിയ പതിപ്പ് നാം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സാമൂഹ്യനേട്ടങ്ങൾ സംരക്ഷിച്ചുകൊണ്ട് വ്യവസായ വളർച്ചയുടെ കുതിപ്പുനേടാനാണ് നാം ശ്രമിക്കുന്നത്. അതിനായുള്ള പരിശ്രമങ്ങൾ ഫലം കാണുന്നതിന്റെ നേർചിത്രമാണ് ഈ ബജറ്റിൽ നാം കണ്ടത്.സർ, 2020-21ലെ ബജറ്റ് ഈ ദിശയിലേയ്ക്കുള്ള കുതിപ്പിന്റെ ആവേഗ മുയർത്തും. വികസന മാതൃകയുടെ ഈ പുതിയ പതിപ്പിന് മതനിരപേക്ഷ നവോത്ഥാനമൂല്യങ്ങളെ നാം മുറുകെപ്പിടിക്കണം; മുന്നോട്ടു കൊണ്ടു പോകണം. രവീന്ദ്രനാഥ ടാഗോറിന്റെ പ്രസിദ്ധമായ ഗീതാഞ്ജലിയിലെ മുപ്പത്തഞ്ചാം സർഗ്ഗം നമ്മുടെ രക്തത്തിലുണ്ട്. എൻ.പി. ചന്ദ്രശേഖരന്റെ തർജ്ജിമ ഞാൻ ഉദ്ധരിക്കാം,

എവിടെ മനം

ഭയശൂന്യം

എവിടെ ശീർഷമനീതം

എവിടെ സ്വതന്ത്രം ജ്ഞാനം....

അതാണ് സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗം, ഇന്ത്യക്കാരെ അവിടേയ്ക്ക് വിളിച്ചുണർത്തണേ എന്നായിരുന്നു ടാഗോറിന്റെ പ്രാർത്ഥന. സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗ്ഗത്തിനുവേണ്ടി പ്രക്ഷോഭരംഗത്ത് നിലയുറപ്പിച്ച യുവപോരാളി കൾക്ക് ഒരിക്കൽക്കൂടി അഭിവാദ്യം അർപ്പിച്ചു കൊണ്ട് ഞാൻ ഈ ബജറ്റ് അവതരിപ്പിക്കുന്നു.

263) സർ, 2020-21ലെ ബജറ്റ് സഭയുടെ പരിഗണനയ്ക്കായി ഞാൻ സമർപ്പിക്കുന്നു.

cover painting: Death of Gandhi, 2019, **Tom Vattakuzhy**
cover design: **Godfrey Das**

Printed by the Superintendent of Government Presses
at the Government Press, Mannanthala, Thiruvananthapuram-2020